ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ പ്രസിദ്ധീകരണം

# കേരള ഇക്കോണമി

ജനുവരി 2021 പുസ്തകം 2 ലക്കം 1


കുതിച്ചുചാട്ടത്തിനായുള്ള രേഖാചിത്രം

സംസ്ഥാന ബജറ്റ്
ദീർഘകാല വികസനത്തിന്റെ രേഖാചിത്രം

ആഭ്യന്തര ഉല്പാദനത്തിലെ തളർച്ചയും തകർച്ചയും

വളർച്ച തിരിച്ചുപിടിക്കാൻ
ചെലവുകൾ ഉയർത്തൽ അനിവാര്യം

കേരളത്തിന്റെ ജി എസ് ടി വരുമാനം ദേശീയതലത്തിൽ

മഹാമാരിയും വിലനിയന്ത്രണവും

സാമൂഹ്യ ചെലവഴിക്കൽ :
കേരള മോഡൽ വികസനം ഒരു പുനർവായന : ഭാഗം – 2

ഊർജ മേഖല നേരിടുന്ന വെല്ലുവിളികൾ,
പരിഹാര മാർഗ്ഗങ്ങൾ


GIFT GULATI INSTITUTE OF FINANCE AND TAXATION

# കേരള ഇക്കോണമി

ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ്
ആന്റ് ടാക്സേഷൻ പ്രസിദ്ധീകരണം
ജനുവരി 2021 പുസ്തകം 2 ലക്കം 1

എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
ടി എം തോമസ് ഐസക്ക്

എഡിറ്റർ ഇൻ ചീഫ്
കെ ജെ ജോസഫ്

ഉപദേശക സമിതി
എ വി ജോസ്
ഡി നാരായണ
കെ എൻ ഹരിലാൽ
കെ രവിരാമൻ
എൻ രാമലിംഗം
എൽ അനിതാകുമാരി

കൺസൾട്ടിംഗ് എഡിറ്റേഴ്സ്
ജോർജ് ജോസഫ്
പ്യാരേലാൽ രാഘവൻ

ഡിസൈൻ, ലേ ഔട്ട്
യു പി അനിൽകുമാർ

വിലാസം
ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ,
ഗിഫ്റ്റ് കാമ്പസ്, ചാവടിമുക്ക്,
ശ്രീകാര്യം, തിരുവനന്തപുരം, കേരള- 695017.
ഫോൺ : 0471 2596970, 2596980, 2590880, 2593960.

Email : keralaeconomy@gift.res.in

Printed and published by K J Joseph on behalf of Gulati Institute of Finance and Taxation, Thiruvananthapuram. Printed at Solar Offset, Manvila, Thiruvananthapuram.
For private circulation. Not for sale.

# ഉള്ളടക്കം


*എഡിറ്റോറിയൽ*
കുതിച്ചുചാട്ടത്തിനായുള്ള രേഖാചിത്രം *3*

1. സംസ്ഥാന ബജറ്റ് ദീർഘകാല വികസനത്തിന്റെ രേഖാചിത്രം *5*
എം എ ഉമ്മൻ

2. ആഭ്യന്തര ഉല്പാദനത്തിലെ തളർച്ചയും തകർച്ചയും *10*
ഷഗിഷ്ണ കെ, ഡി നാരായണ

3. **സംസ്ഥാന സാമ്പത്തികം**
വളർച്ച തിരിച്ചുപിടിക്കാൻ ചെലവുകൾ ഉയർത്തൽ അനിവാര്യം *15*
പാർമ ചക്രവർത്തി, അനിതകുമാരി എൽ

4. **ടാക്സ് മോണിറ്റർ**
കേരളത്തിന്റെ ജി എസ് ടി വരുമാനം ദേശീയതലത്തിൽ *24*
എൻ. രാമലിംഗം, സന്തോഷ് കുമാർ ഡാഷ്

5. **പ്രൈസ് മോണിറ്റർ**
മഹാമാരിയും വിലനിയന്ത്രണവും *29*
പി. എസ് രഞ്ജിത്ത്, കിരൺകുമാർ കക്കർലപുടി

6. **ലേബർ & എംപ്ലോയ്മെന്റ്**
സാമൂഹ്യ ചെലവഴിക്കൽ :
കേരള മോഡൽ വികസനം ഒരു പുനർവായന : ഭാഗം – 2 *35*
എ. വി ജോസ്

7. **സെക്ടറൽ ഫോക്കസ്**
ഊർജ മേഖല നേരിടുന്ന വെല്ലുവിളികൾ, പരിഹാര മാർഗ്ഗങ്ങൾ *40*
എൻ. വിജയമോഹനൻ പിള്ള

8. **New studies on Kerala** *48*
Young scholars' forum, GIFT, led by Suha A M

9. **What is new(s) from GIFT** 52

# എഡിറ്റോറിയൽ
## കുതിച്ചുചാട്ടത്തിനായുള്ള രേഖാചിത്രം

താരതമ്യേന കുറഞ്ഞ പ്രതിശീർഷ വരുമാനമുള്ള കേരളം സാമൂഹ്യ വികസന രംഗത്ത് സവിഷേശമായ വികസന അനുഭവങ്ങൾ പങ്ക് വയ്ക്കുന്ന ഒരു സംസ്ഥാനമാണ്. 'കേരള വികസന മോഡൽ' എന്ന പേരിൽ ഇത് പ്രഖ്യാതമാണ്. ഒരു വികസന മോഡൽ എന്ന കാര്യത്തിൽ ഭിന്നാഭിപ്രായങ്ങളുണ്ടെങ്കിലും കേരളത്തിന്റെ ഈ സഞ്ചാരപഥത്തിൽ നിന്ന് പഠിക്കാൻ ഏറെയുണ്ട്. സാമൂഹ്യ പരിഷ്കർത്താക്കളുടെ പ്രവർത്തനങ്ങളുടെ ഫലമായി ഉണ്ടായ സാമൂഹ്യ നവോത്ഥാനം, വികേന്ദ്രീകൃത വികസനമടക്കം ഭരണരംഗത്ത് നടപ്പിലാക്കിയ നൂതന ആശയങ്ങൾ തുടങ്ങിയ നിരവധി കാര്യങ്ങൾ ഇതിലുൾപ്പെടുന്നു. എല്ലാറ്റിനും പുറമെ, വികസന അജണ്ടയെ തുടർച്ചയായി പിന്തുണക്കുന്ന കാര്യത്തിലും വിവിധ ക്ഷേമപദ്ധതികൾ വഴി പിന്നോക്കം നിൽക്കുന്നവരെ സംരക്ഷിക്കുന്നതിലും സംസ്ഥാനത്തെ രണ്ടു പ്രബല രാഷ്ട്രീയ മുന്നണികൾ തമ്മിൽ നിലനിന്നിരുന്ന മത്സരവും ഇതിന് ആസ്പദമാണ്. എന്നിരുന്നാലും ഒരു പ്രധാനപ്പെട്ട ചോദ്യം ഇവിടെ ഉയരുന്നുണ്ട്. കേരളം അതിന്റെ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തിയിട്ടുണ്ടോ? ദൗർഭാഗ്യവശാൽ ഈ ചോദ്യത്തിന് പോസിറ്റീവായ ഒരു ഉത്തരം നൽകാൻ കഴിയാതെ പോകുന്നു.

ഈ പശ്ചാത്തലത്തിൽ വീക്ഷിക്കുമ്പോൾ പുതിയ ബജറ്റിൽ ധനമന്ത്രി ഡോ. തോമസ് ഐസക് അവതരിപ്പിക്കുന്ന വികസനത്തിന്റെ രേഖാചിത്രം കേരളം മുന്നോട്ട് വയ്ക്കുന്ന മറ്റൊരു സംഭവനയാണെന്ന് വിലയിരുത്താൻ കഴിയും. കേരളത്തിലെ ഏറ്റവും പ്രധാന പ്രശ്നങ്ങളിൽ ഒന്നായ വർധിച്ചു വരുന്ന തൊഴിലില്ലായ്മയെ, പ്രത്യേകിച്ച് സ്ത്രീകൾക്കിടയിൽ, കുറിച്ച് യാഥാർഥ്യബോധത്തോടെ വിലയിരുത്തുന്നുണ്ട് ഈ ബജറ്റ്. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ വനിതകളടക്കമുള്ള അഭ്യസ്ത വിദ്യരായ ചെറുപ്പക്കാർക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന വിധത്തിൽ കേരളത്തെ എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു വൈജ്ഞാനിക സമ്പദ്ഘടനയായി മാറ്റുക എന്ന തന്ത്രത്തിനാണ് ബജറ്റ് ഊന്നൽ നൽകിയിരിക്കുന്നത്. സംസ്ഥാന സർക്കാർ മുന്നോട്ട് വയ്ക്കുന്ന നാലാം വ്യവസായ വിപ്ലവത്തിന്റെ ക്രിയാത്മകമായ പ്രതിഫലനമായി ഇതിനെ കാണാം. തൽഫലമായി എല്ലാ വിഭാഗങ്ങളെയും ഉൾകൊള്ളുന്ന വിധത്തിൽ, ലഭ്യമാകുന്ന മികച്ച അവസരങ്ങളുടെ വിനിയോഗമാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

ധനമന്ത്രി മുന്നോട്ട് വയ്ക്കുന്ന വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥ മൂന്ന് തൂണുകളിലാണ് നിലകൊള്ളുന്നത്. ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ, കമ്യൂണിക്കേഷൻ ശ്രംഖല എന്നിവ അടങ്ങുന്ന ഐ ടി അടിസ്ഥാനസൗകര്യങ്ങളാണ് അതിൽ ഒന്നാമത്തേത്. മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയായി എഴുപതുകളിൽ കേരളം ഇന്ത്യയിലെ ആദ്യത്തെ ഇലക്ട്രോണിക് ഡെവലപ്മെന്റ് കോർപറേഷന് (കെൽട്രോൺ) രൂപം നൽകി. ഇന്ത്യയിലെ ആദ്യത്തെ ടെക്നോപാർക്കും ഇവിടെയാണ് സ്ഥാപിതമായത്. ആ സംസ്ഥാനമാണ് തങ്ങളുടെ വ്യവസ്ഥകളിലും വേഗത്തിലും ഒതുങ്ങാതെ നിന്ന, ആഗോളവത്കരണത്തിന്റെ ഫലമായി നഷ്ടമായ ഇലക്ട്രോണിക് ഡിസൈൻ സിസ്റ്റത്തെയും നിർമാണ രംഗത്തെയും പുനരുജ്ജീവിപ്പിക്കുക എന്ന ആശയത്തിന് മൂർത്ത രൂപം നൽകാൻ ഒരുങ്ങുന്നത്. ഈ

മാറ്റം പ്രധാനമായും അടിസ്ഥാനമായിരിക്കുന്നത് നിർമിത ബുദ്ധി, മെഷിൻ ലേണിങ്, റൊബോട്ടിക്സ് തുടങ്ങിയ സാങ്കേതിക വിദ്യകളിലാണ്. അതുകൊണ്ട് ബജറ്റ് അടിവരയിട്ട് വ്യക്തമാക്കുന്നത് പോലെ ഒരു പുനർവിചിന്തനത്തിനും പുനർവിന്യാസത്തിനും തയാറാകേണ്ടതായുണ്ട്. ഇന്നത്തെ സാഹചര്യത്തിൽ കേരള ഫൈബർ ഒപ്റ്റിക് നെറ്റ് വർക്ക് (കെ – ഫോൺ) എന്ന പേരിൽ സ്വന്തമായി ഒരു കമ്മ്യൂണിക്കേഷൻ ശൃംഖല സ്ഥാപിക്കുന്നത് ശ്ലാഘനീയമാണ്. നൂതനമായ ഇത്തരം പദ്ധതികൾ കേരളത്തിനകത്തും പുറത്തുമുള്ള വിദഗ്ദരായ മലയാളികളുടെ കഴിവുകൾ പ്രയോജനപ്പെടുത്തി സാധ്യമാക്കാവുന്നവയാണ്. ഡിജിറ്റൽ സേവനങ്ങൾ ആർക്കും അപ്രാപ്യമാകില്ല എന്ന അടിസ്ഥാനത്തിൽ ഊന്നിയുള്ളതാണ് വൈജ്ഞാനിക സമ്പദ്വ്യവസ്ഥയുടെ രൂപകൽപന.

സചേതനമായ ഒരു ഇന്നവേഷൻ സിസ്റ്റമാണ് രണ്ടാമത്തെ തൂണ്. വൈജ്ഞാനിക സമ്പദ്വ്യവസ്ഥയുടെ കേന്ദ്രബിന്ദു ഇതാണ്. വിജ്ഞാനമാണ് ആധുനിക സമ്പദ് ഘടനയുടെ മുഖ്യ സ്രോതസ്സ് എന്ന് ബജറ്റ് തിരിച്ചറിയുന്നുണ്ട്. പഠനമാണ് അതിലേക്കുള്ള പ്രധാന വഴി. അതുകൊണ്ട് കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിലിന്റെ (കെ – ഡിസ്ക്) നേതൃത്വത്തിൽ പ്രാദേശികാടിസ്ഥാനത്തിൽ വേരൂന്നുന്ന ഒരു ഇന്നവേഷൻ സംവിധാനം പടുത്തുയർത്തുന്നതിനുള്ള ബഹുമുഖ പദ്ധതികൾ ബജറ്റ് മുന്നോട്ട് വയ്ക്കുന്നു. വികസനത്തെയും വിജ്ഞാനത്തെയും സമജ്ജസമായി സമന്വയിപ്പിക്കുന്ന 2013 ലെ സയൻസ് ടെക്നോളജി, ഇന്നവേഷൻ നയം എല്ലാ രീതിയിലുള്ള വിജ്ഞാനത്തെയും തുല്യ നിലയിൽ വീക്ഷിക്കുന്നു. അതുകൊണ്ട് വിവിധ മേഖലകളിലെ ശാസ്ത്രീയ അടിസ്ഥാനത്തിലുള്ളതും അനുഭവങ്ങളുടെ അടിസ്ഥാനത്തിലുള്ളതുമായ അറിവുകൾ പരമാവധി പ്രയോജനപ്പെടുത്തി കേരളത്തെ ഒരു വൈജ്ഞാനിക സമ്പദ്ഘടനയായി പരിവർത്തനം ചെയ്യുന്നതിനാണ് ബജറ്റ് ലക്ഷ്യമിടുന്നത്.

മനുഷ്യ വിഭവ ശേഷിയാണ് മൂന്നാമത്തെ തൂണ്. മനുഷ്യ വിഭവ ശേഷിയുടെ സമാഹരണത്തിനും ഇതിനായുള്ള മുതൽമുടക്കിലും കേരളം മുൻനിരയിൽ നിൽക്കുന്നു. എന്നാൽ ഈ മുതൽമുടക്കിന് അനുസരിച്ചുള്ള വരുമാനം സംസ്ഥാനത്തിന് ഉണ്ടായിട്ടില്ല എന്നത് ഒരു വസ്തുതയാണ്. നൈപുണ്യ ശേഷിയുള്ള മനുഷ്യ വിഭവശേഷി സംസ്ഥാനത്തിന് പുറത്തേക്ക് ഒഴുകുന്നതാണ് ഇതിന് ഒരു പ്രധാന കാരണം. ഉന്നത വിദ്യാഭ്യാസ മേഖലയെ ഉടച്ചു വാർക്കുക എന്നതാണ് ഇതിന് ബജറ്റ് നിർദേശിക്കുന്ന പരിഹാരം. തൊഴിൽ സേനയെ റി സ്കിൽ ചെയ്യുകയും അപ് സ്കിൽ ചെയ്യുകയും ചെയ്യുക എന്നതാണ് ബജറ്റ് ചൂണ്ടിക്കാട്ടുന്ന പാത. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ശൃംഖല അടക്കമുള്ള നിർദേശങ്ങൾ മുന്നോട്ട് വയ്ക്കുക വഴി ഇതിന് ആഗോള മാനം നൽകുകയും ചെയ്യുന്നു പുതിയ ബജറ്റ്. ഇക്കാര്യത്തിൽ വിദേശ മലയാളികൾ അടക്കമുള്ള വിദഗ്ധരയുടെയും പണ്ഡിതരുടെയും പങ്കാളിത്തവും ലക്ഷ്യം വയ്ക്കുന്നുണ്ട്.

എന്നാൽ മഹത്തായ ഈ കുതിച്ചുചാട്ടം സാധ്യമാകുന്നത് നിരവധി അനുബന്ധ ഘടകങ്ങളെ ആശ്രയിച്ചാണ്. ഉദ്യോഗസ്ഥ ഭരണ ശൃംഖലയുടെ നിലപാടാണ് ഇതിൽ ഏറ്റവും പ്രധാനം. ഇന്നത്തെ നിലയ്ക്കുള്ള ഉദ്യോഗസ്ഥ സംവിധാനം വഴി ഒരു വൈജ്ഞാനിക സമ്പദ് വ്യവസ്ഥയിലേക്കുള്ള പരിവർത്തനം ദുഷ്കരമാണ്. അതുകൊണ്ട് ഭരണരംഗത്ത് ഉചിതമായ അഴിച്ചുപണി അനിവാര്യമാണ്. പ്രതിപക്ഷ പാർട്ടികളുടെ സഹകരണമാണ് ഒഴിച്ച് കൂടാൻ പറ്റാത്ത മറ്റൊരു കാര്യം. ജനക്ഷേമം എന്ന ഘടകം ഏറ്റവും പ്രധാനപ്പെട്ട അടിസ്ഥാന കാര്യമാകയാൽ ബജറ്റ് മുന്നോട്ട് വയ്ക്കുന്ന നിർദേശങ്ങൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ഘടനാപരമായ മാറ്റത്തോട് കേരളം ക്രിയാത്മ കമായി പ്രതികരിക്കുമെന്ന് പ്രത്യാശിക്കാം.

**കെ. ജെ ജോസഫ്**

# സംസ്ഥാന ബജറ്റ് ദീർഘകാല വികസനത്തിന്റെ രേഖാചിത്രം

എം എ ഉമ്മൻ

2021–22 ലെ ബജറ്റ് അവതരിപ്പിച്ചുകൊണ്ട് ധനകാര്യ മന്ത്രി ഡോ. തോമസ് ഐസക് നടത്തിയ പ്രസംഗം, ഒരു തരത്തിൽ പറഞ്ഞാൽ തിരുവിതാംകൂറിലെ മാർത്താണ്ഡവർമയുടെ കാലത്തെ തിരട്ടു മുതൽ (1733 ലെ സർ റോബർട്ട് വാൽപോളിന്റെ 'തോൽ സഞ്ചിക്കും' (Bougette) മുൻഗാമി) ഇതഃപര്യന്തമുള്ള ബജറ്റ് അവതരണങ്ങളുടെ പരമ്പരാഗതമായ വഴികളെ നിഷേധിച്ചുകൊണ്ടുള്ള മാറ്റമായിരുന്നുവെന്ന് കാണാം. കോവിഡ് മഹാമാരിയുടെ ഈ കെട്ട കാലത്തും നക്ഷത്രാങ്കിതമായ ആകാശത്തേക്കാണ് അദ്ദേഹം ഉറ്റുനോക്കുന്നത്. അതുവഴി ആറ് ദശലക്ഷം പാവപ്പെട്ട പെൻഷൻകാരെയും കോവിഡ് പ്രതിസന്ധിയിൽ തളർന്ന ആശാ, അംഗൻവാടി ജീവനക്കാർ, സി ഡി എസ് പ്രവർത്തകർ, പ്രാദേശിക ഭരണകൂടത്തിലെ ജനപ്രതിനിധികൾ എന്ന് തുടങ്ങി വിദേശ മലയാളികൾ അടക്കമുള്ള ഒരു നീണ്ട ശ്രേണിയിലുള്ള ആളുകളെയും അതിജീവനത്തിന് പ്രാപ്തരാക്കുകയും ചെയ്യുന്നു. അടുത്ത അഞ്ചു വർഷത്തിനിടയിൽ 6–7 ദശലക്ഷം പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പുറമെ, അഞ്ച് ലക്ഷം പേർക്ക് ജീവസന്ധാരണം സാധ്യമാ ക്കുന്ന വിധത്തിലുള്ള തൊഴിലുകളും സൃഷ്ടിച്ചെടുക്കുന്നതിന് അദ്ദേഹം അവസരം സൃഷ്ടിക്കുന്നു. അതുകൊണ്ടാണ് അലാവുദ്ദീന്റെ അത്ഭുത വിളക്ക് അറബിക്കഥകളിൽ മാത്രമാണെങ്കിലും അത്തരമൊന്ന് നമ്മുടെ ധനമന്ത്രിയുടെ കൈകളിലും ഉണ്ടാകണ മെന്ന് മലയാളികൾ ആഗ്രഹിച്ചു പോകുക. പുതിയ ബജറ്റിലെ എടുത്തുപറയത്തക്ക ചില സവിശേഷതകളെ കുറിച്ചാണ് ഈ ലേഖനം.

പ്രാഥമികമായി, ഈ ബജറ്റ് ഒരു ക്ഷേമ സമൂഹം എന്ന ലക്ഷ്യത്തിലേക്കുള്ള വ്യക്തമായ ഒരു ചൂണ്ടുപലകയാണ്. ക്ഷേമ രാഷ്ട്ര സങ്കല്പനം സാമൂഹ്യ ജനാധിപത്യ മാതൃക (Social Democratic paradigm) യിലാണ് പൂർണ്ണമായും പൂവണിയുക. ഒരു ക്ഷേമരാഷ്ട്രത്തിന് അടിസ്ഥാനപരമായ രണ്ടു പ്രത്യേകതകളുണ്ട്. വയോധികർ, തൊഴിൽ രഹിതർ, അംഗവൈകല്യമുള്ളവർ, രോഗികൾ തുടങ്ങി ദുര്യോഗത്തിന്റെ നീർച്ചുഴിയിൽ പെടുന്നവർക്ക് സാമൂഹ്യ സുരക്ഷയും വിദ്യാഭ്യാസം അടക്കമുള്ള കാര്യങ്ങളിൽ തുല്യ അവസരങ്ങൾ ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് അതിൽ ഒന്നാമത്തേത്. പൂർണമായ ദാരിദ്ര്യ നിർമ്മാർജ്ജനമാണ് രണ്ടാമത്തേത്. (ബജറ്റിന്റെ പാർട്ട് – 4 പൂർണ്ണമായും ഇതിനായി നീക്കിവച്ചിരിക്കുന്നു). തൊഴിലവസരങ്ങളുടെ ഉയർന്ന തോത്, ജീവസന്ധാരണത്തിന് ആവശ്യമായ തൊഴിലുകൾ, നൈപുണ്യം ആവശ്യമായതും അല്ലാത്തതുമായ തൊഴിലുകൾ, അഭ്യസ്ത വിദ്യർക്കുള്ള തൊഴിലവസരങ്ങൾ തുടങ്ങിയ പദ്ധതികൾ ഒരു ക്ഷേമസമൂഹ മാതൃകയിലേക്ക് സമ്പദ്‌വ്യവസ്ഥയെ ഉയർത്തുന്നു. ഒരു സമൂഹത്തിലെ ഉയർന്ന ശ്രേണിയിൽ

***തൊഴിലവസരങ്ങളുടെ ഉയർന്ന തോത്, ജീവസന്ധാരണത്തിന് ആവശ്യമായ തൊഴിലുകൾ, നൈപുണ്യം ആവശ്യമായതും അല്ലാത്തതുമായ തൊഴിലുകൾ, അഭ്യസ്തവിദ്യർക്കുള്ള തൊഴിലവസരങ്ങൾ തുടങ്ങിയവ അടക്കമുള്ള നിർദേശങ്ങൾ ഒരു ക്ഷേമസമൂഹം എന്ന പരിപ്രേക്ഷ്യത്തിലേക്ക് ബജറ്റിനെ കൊണ്ടുപോകുന്നു.***

പെട്ടവരുടെ വരുമാനത്തിലെ വളർച്ച താഴ്ന്ന ശ്രേണിയിലുള്ളവരുടേതിനേക്കാൾ കൂടുതലായിരിക്കുമ്പോൾ വരുമാനത്തിലെ അന്തരം വർധിപ്പിക്കുന്നു എന്ന് മാത്രമല്ല, സാമൂഹികമായ നല്ല അന്തരീക്ഷത്തെ അലോസരപ്പെടുത്തുകയും ചെയ്യുമെന്ന് എനിക്ക് ബോധ്യമുണ്ട്. ഇത്തരത്തിലുള്ള അന്തരം പ്രകടമായി വർധിക്കുന്ന ഒരു സമൂഹമായി കേരളം മാറിയിരിക്കുകയാണ് (ഉമ്മൻ–2014). അതുകൊണ്ട് ക്ഷേമപെൻഷൻ 100 രൂപ ഉയർത്തിയത് എടുത്തുപറയത്തക്ക ഒരു കാര്യമാണെങ്കിലും പൊതുധനം ഉദ്യോഗസ്ഥ, സാങ്കേതിക വൈദഗ്ധ്യ മേഖലകളിലേക്കും മേലാള വർഗ്ഗത്തിലേക്കും കൂടുതലായി ഒഴുകുന്നത് ഒരു ക്ഷേമ സമൂഹമെന്ന ആശയത്തിന്റെ നിറം കെടുത്തുന്ന കാര്യമാണ്.

ഒരു വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥ പടുത്തുയർത്തുന്നതിന് വേണ്ടിയുള്ള ആസൂത്രിതമായ പദ്ധതിയാണ് ബജറ്റിന്റെ മറ്റൊരു പ്രധാന സവിശേഷത. ഇക്കാര്യത്തിൽ സർവ്വകലാശാലകൾക്കും ഗവേഷണ, മികവ് കേന്ദ്രങ്ങൾക്കും വിഹിതം കൈയയച്ച് നൽകിയിട്ടുണ്ട്. കെ–ഫോൺ, കെ–ഡിസ്ക് എന്നീ പദ്ധതികൾ ധീരമായ കാൽവയ്പുകളാണ്. ശ്രദ്ധേയമായ ഈ ചുവടുവയ്പ്പ് പക്ഷെ, ശരാശരിക്കാരെ പ്രകടമായി ഊട്ടി വളർത്തുന്ന ഒരു സമൂഹത്തിൽ ശക്തമായ ഒരു വെല്ലുവിളി തന്നെയാണ് ഉയർത്തുന്നത്. ഇത്തരത്തിൽ ഒരു വൈജ്ഞാനിക സമ്പദ് വ്യവസ്ഥയിലേക്ക് നടന്നുയരാൻ വേണ്ടതിനുള്ള പരിപ്രേക്ഷ്യവും അതിനാവശ്യമായ വളക്കൂറുള്ള മണ്ണും നമുക്കുണ്ടോ എന്ന കാതലായ ചോദ്യവും ഇവിടെ ഉയരുന്നുണ്ട്.

500 നവ കേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകളോ, അല്ലെങ്കിൽ മുപ്പതോ അതിലധികമോ മികവ് കേന്ദ്രങ്ങളോ ജീർണിച്ച ഒരു വ്യവസ്ഥയെ അത്ര എളുപ്പത്തിൽ പരിവർത്തനം ചെയ്യുകയില്ല. മലയാളത്തിലെ ഒരു പഴഞ്ചൊല്ല് പോലെ, കതിരിന്മേൽ വളം വയ്ക്കുന്നതുകൊണ്ട് സസ്യപരിസ്ഥിതമായ ഒരു വ്യവസ്ഥ നാമ്പെടുക്കില്ല.

മൂന്നാമതായി, ഈ ബജറ്റ് വ്യക്തമായ ഒരു സ്ത്രീ സൗഹൃദ ബജറ്റാണ് എന്ന് കാണാം. ലിംഗ നീതിയിലേക്കുള്ള വഴി ദീർഘവും ദുർഘടം പിടിച്ചതുമാണെന്നറിയാം. എന്നിരുന്നാലും, ഭിന്നലിംഗക്കാർക്കായി അഞ്ചു കോടി രൂപ നീക്കി വച്ചിരിക്കുന്നത് ലിംഗ സമത്വത്തിലേക്കുള്ള ഒരു പ്രധാന കാൽവയ്പാണ്. നാലാമതായി, ആവശ്യങ്ങളുടെ ആധിക്യം പെരുകുകയും വൻതോതിലുള്ള വായ്പയെടുക്കലും തുടരുന്ന വർത്തമാന ഘട്ടത്തിൽ ദീർഘവീക്ഷണത്തോടെയുള്ള ജാഗ്രതയാണ് വേണ്ടത്. അഴിമതി, കൺസൾട്ടൻസി, കമ്മീഷൻ തുടങ്ങിയ കാര്യങ്ങൾ പൊതു ധനകാര്യ സംവിധാനത്തെ കൊള്ളയടിക്കുന്ന ആക്ഷേപം ധനചോർച്ച തടയുന്നതിനുള്ള മാർഗ്ഗങ്ങളും ഉത്തരവാദിത്വവും സ്വീകാര്യതയും വർധിപ്പിക്കുന്ന മറു മാതൃകകൾ ബജറ്റിന്റെ വിശ്വാസ്യത ഉയർത്തുമായിരുന്നു.

**വാർഷിക സാമ്പത്തിക അവലോകനം : ചില മുന്നറിയിപ്പുകൾ**

ഭരണഘടന അനുശാസിക്കുന്ന (ആർട്ടിക്കിൾ 112, 202 എന്നിവ കാണുക) രീതിയിൽ നിയമ നിർമാണ സഭകളിൽ സമർപ്പിക്കുന്ന വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് (ഇന്ത്യൻ ഭരണഘടനാ 'ബജറ്റ്' എന്ന വാക്കിനെ

***നടപ്പ് സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 45272.15 കോടി രൂപയിലേക്ക് കൂപ്പുകുത്തുകയുണ്ടായി. അതുകൊണ്ട് 2021–22 സാമ്പത്തിക വർഷത്തിൽ ഇത് 62 ശതമാനം കണ്ട് ഉയർത്തി 73120.63 കോടി രൂപയിലെത്തിക്കുക എന്നത് പ്രായേണ വൈഷമ്യമേറിയ ഒരു കാര്യമാണ്.***

അംഗീകരിക്കുന്നില്ല) പൊതുധനസ്ഥിതിയുടെ നേർചിത്രം നൽകുന്നു. എന്നാൽ ബജറ്റ് പ്രസംഗം പലപ്പോഴും ഈ ഘടകത്തെ പ്രായേണ പാർശ്വവത്കരിക്കുന്നതായി കാണാം. 'ബജറ്റ് ഇൻ ബ്രീഫ്' തുടങ്ങി നിരവധി രേഖകളിലാണ് ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുക.

2021–22 സാമ്പത്തിക വർഷത്തിൽ പ്രതീക്ഷിക്കുന്ന മൊത്തം റവന്യൂ വരുമാനം 128375.88 കോടി രൂപയാണ്. വായ്പകളും ഇതര മൂലധന വരുമാനവും ചേർക്കുമ്പോൾ മൊത്തം പ്രതീക്ഷിക്കുന്ന വരുമാനം 159427.24 കോടി രൂപയാണ്. റവന്യു ചെലവുകൾ റവന്യു വരുമാനത്തേക്കാൾ ഉയർന്ന തോതിലാകുന്നതിനാൽ 16910.12 കോടി രൂപയുടെ റവന്യൂ കമ്മി പ്രതീക്ഷിക്കുന്നുണ്ട്. ഇത് നടപ്പ് സാമ്പത്തിക വർഷത്തെ പുതുക്കിയ റവന്യു കമ്മിയായ 24206.44 കോടി രൂപയിലും താഴെയാണ്. എന്നാൽ ഈ കണക്കുകൾ യാഥാർഥ്യവുമായി പൊരുത്തപ്പെട്ട് പോകുന്നില്ല. പുതിയ ബജറ്റ് കേന്ദ്ര നികുതി വിഹിതമായി പ്രതീക്ഷിക്കുന്നത് 16760.30 കോടി രൂപയാണ്. 2018–19 സാമ്പത്തിക വർഷത്തെ ഈ ഇനത്തിലുള്ള യഥാർത്ഥ വരുമാനം 19038.17 കോടി രൂപയാണ്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ കൂടുതൽ ഉദാരമായ ഗ്രാന്റ് ലഭ്യമാകുമെന്നും അതുവഴി ഈ കമ്മി നികത്താൻ കഴിയുമെന്ന ശുഭപ്രതീക്ഷയാണ് ബജറ്റ് പുലർത്തുന്നത്. എന്നിരുന്നാലും മൂലധന ചെലവുകൾ 14141.21 കോടി രൂപയിലേക്ക് നിയന്ത്രിക്കേണ്ടി വരികയാണെന്ന് കാണാം. ഇത് 2020–21 ലെ ബജറ്റ് എസ്റ്റിമേറ്റിനെക്കാൾ താഴെയാണ്. പുതുക്കിയ എസ്റ്റിമേറ്റിനെക്കാൾ 28 ശതമാനം കൂടുതലാണെങ്കിലും.

നടപ്പ് സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 45272.15 കോടി രൂപയിലേക്ക് കൂപ്പുകുത്തുകയുണ്ടായി. അതുകൊണ്ട് 2021–22 സാമ്പത്തിക വർഷത്തിൽ ഇത് 62 ശതമാനം കണ്ട് ഉയർത്തി 73120.63 കോടി രൂപയിലെത്തിക്കുക എന്നത് പ്രായേണ വൈഷമ്യമേറിയ ഒരു കാര്യമാണ്. ബജറ്റ് ലക്ഷ്യം വയ്ക്കുന്ന അധിക വരുമാനം കേവലം 200 കോടി രൂപ മാത്രമാണെന്ന് കൂടി ഓർക്കണം. ഒട്ടേറെ അത്യാവശ്യ ചെലവുകൾ ആവശ്യമായ പണം വകയിരുത്തേണ്ടിയിരിക്കുന്നതിനാൽ 16910.12 കോടി രൂപയെന്ന റവന്യു കമ്മി അനായാസേന മറി കടക്കുമെന്ന് തീർച്ച. എന്നാൽ റവന്യു കമ്മി ജി എസ് ഡി പിയുടെ 1.93 ശതമാനമെന്ന മതിപ്പ് എളുപ്പത്തിൽ അംഗീകരിക്കാവുന്ന ഒന്നല്ല. ധനകാര്യ ലക്ഷ്യങ്ങളിൽ സംഭവിച്ചിരിക്കുന്ന ഈ വഴുതൽ ധനകാര്യ മാനേജ്മെന്റിനെ മെച്ചപ്പെടുത്തുന്നില്ല എന്നത് ഒരു വസ്തുതയാണ്. കാരണം, 2020–21 സാമ്പത്തിക വർഷത്തിൽ ജി എസ് ഡി പിയുടെ 1.55 ശതമാനം എന്ന് അനുമാനിച്ചിരുന്ന റവന്യു കമ്മി പുതുക്കിയ കണക്കിൽ 2.94 ശതമാനമായി കുതിച്ചുയർന്നു. ഏതാണ്ട് 90 ശതമാനം വരുന്ന ഈ വർധന നികത്താനാകാത്ത ഒന്നാണെന്ന കാര്യം അവിതർക്കിതമായ ഒന്നാണ്. ധനകമ്മിയുടെ കാര്യത്തിലുള്ള കണക്കുകളും സമാനമായ വിധത്തിൽ വിശ്വസനീയമല്ലെന്ന് കരുതേണ്ടി വരുന്നു.

റവന്യു കമ്മിയുടെയും ധനകമ്മിയുടെയും കാര്യത്തിൽ ഉണ്ടായ ഈ താളംതെറ്റൽ പൊതുകടം അധികരിക്കുന്നതിലേക്കാണ് നയിക്കുക. പൊതുകടം നിയന്ത്രിക്കുക എന്നത് വളരെ സൂക്ഷ്മവും ഉത്തരവാദിത്വ

***ബജറ്റ് വ്യക്തമായ ഒരു സ്ത്രീ സൗഹൃദ ബജറ്റാണ് എന്ന് കാണാം. ലിംഗനീതിയിലേക്കുള്ള വഴി ദീർഘവും ദുർഘടം പിടിച്ചതുമാണെന്നുമറിയാം. എന്നിരുന്നാലും, ഭിന്നലിംഗക്കാർക്കായി അഞ്ചു കോടി രൂപ നീക്കി വച്ചിരിക്കുന്നത് ഒരു സുപ്രധാന കാൽവയ്പാണ്.***

പൂർണ്ണവുമായ ഒന്നാണ്. കാരണം, അത് തലമുറകൾ തമ്മിലുള്ള സമത്വത്തിന്റെ ക്രമീകരണം കൂടിയാണ് എന്നതാണ്. കടം വാങ്ങിയ പണം റവന്യു ചെലവുകൾക്കായി ഉപയോഗിക്കുന്നത് നിയന്ത്രണാതീതമായ വിധത്തിൽ കടബാധ്യത വർധിക്കുന്നതിലേക്കാണ് നയിക്കുക. വർഷങ്ങൾക്ക് ശേഷമായിരിക്കും ഇത് സംഭവിക്കുക. ഇത്തരത്തിൽ കുമിയുന്ന പൊതുകടത്തെ കുറിച്ച് പൊതുസമൂഹവും മാധ്യമങ്ങളും ആശങ്കപ്പെടുന്നുണ്ട്. പ്രതിശീർഷ കടം ഉയരുന്നുവെന്നതാണ് ഈ ആശങ്കകൾക്ക് പ്രധാന കാരണം. വളർച്ചാ നിരക്കിലെയും പലിശ നിരക്കിലെയും പൊരുത്തം എന്നത് ഒരു ദീർഘകാല സമസ്യയാണ്. അതുകൊണ്ട് കൂടിയാണ് കെയിൻസ് പറഞ്ഞ 'ദീർഘകാലത്തിൽ നാം എല്ലാവരും മരിച്ചിരിക്കും' എന്ന വാക്കുകൾ നാം ഓർത്തു പോകുന്നത്. തിരിച്ചടവിന്റെ ബാധ്യതകളിൽ നിന്ന് ഹ്രസ്വകാലത്തിലും ഒഴിവായി നില്ക്കാൻ കഴിയില്ലെന്നതാണ് വസ്തുത. 2020-21 വർഷത്തെ മൊത്തം കടബാധ്യത ജി എസ് ഡി പിയുടെ 37.39 ശതമാനമാണ്. കേവലം മൂന്ന് വർഷം മുൻപ്, അതായത് 2018-19 ൽ ഇത് 29.82 ശതമാനമായിരുന്നുവെന്ന് ഓർക്കുക. എഫ് ആർ ബി എം അവലോകന സമിതിയുടെ ഡെബ്റ്റ്, ഫിസ്കൽ ഫ്രെയിംവർക്ക് സംബന്ധിച്ച ശുപാർശകൾ ബില്ലായി പാർലമെന്റിന്റെ മുൻപിലുണ്ട്. കടമെടുപ്പ് പരിധികൾ (സംസ്ഥാനങ്ങൾക്ക് ജി ഡി പിയുടെ 20 ശതമാനം) അടക്കമുള്ള നിർദേശങ്ങൾ സമീപ ഭാവിയിൽ തന്നെ ഒരു ഭീഷണിയായി ഉയർന്നു വന്നേക്കാം. അതുകൊണ്ട് കേന്ദ്രത്തിന്റെ ഇടപെടൽ ഡിമോക്ലസിന്റെ വാൾ പോലെ സംസ്ഥാനങ്ങൾക്ക് മുകളിലുണ്ട്.

ഈ സാഹചര്യത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിന് കേരളം കൂടുതലായി ആശ്രയിക്കുന്ന കിഫ്ബിയെ കുറിച്ച് കൂടുതൽ ശ്രദ്ധാലുക്കളാകേണ്ടതുണ്ട്. സംസ്ഥാനത്തിന്റെ വികസന ആവശ്യങ്ങളുടെ നിർവഹണത്തിന് 1999 ലെ നിയമ പ്രകാരം രൂപീകൃതമായിരിക്കുന്ന പ്രത്യേകതകളുള്ള മാധ്യമമാണ് കിഫ്ബി. കിഫ്ബിയുടെ മൊത്തം ചെലവഴിക്കലിന്റെ ഏകദേശം 25 ശതമാനം ബജറ്റിൽ നിർദ്ദേശിച്ചിരിക്കുന്ന ആവശ്യങ്ങൾക്ക് വേണ്ടി വകയിരുത്തുന്നു. ഏതായാലും ഇക്കാര്യത്തിൽ ഡോ. തോമസ് ഐസക്കിന് പൂച്ചെണ്ടുകളും ഒപ്പം കല്ലേറും ധാരാളമായി ലഭിക്കുന്നുണ്ട്. 80 ശതമാനം മുതൽമുടക്കുകളും സ്വയം ഉളവാക്കുന്ന മിച്ച മൂല്യമുള്ള പദ്ധതികൾ എന്ന നിലയിലേക്ക് വളർന്നാൽ ചരിത്രം അദ്ദേഹത്തെ പ്രകീർത്തിക്കും എന്നതിന് സംശയമില്ല. ഒരു സമ്പദ് വ്യവസ്ഥയുടെ വികസനത്തെ കേവലം എഫ് ആർ ബി എം നിയമത്തിന്റെ സമവാക്യങ്ങളിൽ തളച്ചിടാവുന്ന ഒന്നല്ല. ഒരു ജനപ്രിയ സർക്കാരിന് റിസ്ക് എടുക്കുക എന്നത് ഒഴിവാക്കാൻ കഴിയുന്ന കാര്യവുമല്ല. ബജറ്റ് പ്രസംഗമെന്നാൽ അതിൽ രാഷ്ട്രീയം കലരുമെങ്കിലും പൊതുമുതൽമുടക്ക് എന്നത് ഒരു സാമൂഹിക തീരുമാനമാണ്. അതുകൊണ്ട് അവിടെ പൂർണമായ സത്യസന്ധതയും മുൻകരുതലും പ്രായോഗിക ബുദ്ധിയും അവശ്യം വേണ്ടതാണ്. നികുതിദായകരുടെ പണമാണ് വിനിയോഗിക്കപ്പെടുന്നത് എന്നതാണ് ഇതിലെ നിർണ്ണായക ഘടകം.

ഈ നിരീക്ഷണങ്ങൾ വിപുലമായ പഠനത്തോട് കൂടിയവയല്ല, എന്നാൽ ഉത്തമ വിശ്വാസത്തിലുള്ളതാണ്. സമയദൈർഘ്യ

ത്തിന്റെ കാര്യത്തിൽ ഈ ബജറ്റ് പുതിയ ഒരു റെക്കോഡ് കുറിക്കുകയുണ്ടായി. ഒരു വീടിന് അനുയോജ്യമായ വിധത്തിലായിരിക്കണം അതിന്റെ വാതായനം. കുട്ടികളുടെ കവിതകൾ കൊണ്ടും മനോഹരമായ ചിത്രങ്ങൾ കൊണ്ടും ബജറ്റ് ആകർഷകമാണ്. വാഗ്ദാനങ്ങൾ പാലിക്കാൻ കഴിഞ്ഞാൽ വലിയ നേട്ടങ്ങളിലേക്ക് വഴി തുറക്കാൻ കഴിയുന്ന നേതൃനിരയിലെ വൻ വാഗ്ദാനമായി മാറാൻ ധനമന്ത്രിക്ക് കഴിയും, സംശയമില്ല.

■

(ഗിഫ്റ്റിലെ ഓണററി പ്രഫസ്സർ ആണ് ലേഖനകർത്താവ്)

# ആഭ്യന്തര ഉല്പാദനത്തിലെ തളർച്ചയും തകർച്ചയും

ഷഗിഷ്ണ കെ, ഡി നാരായണ

നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് (എൻ എസ് ഒ) 2020–21 സാമ്പത്തിക വർഷത്തെ ദേശീയ വരുമാനത്തെ സംബന്ധിച്ച ആദ്യത്തെ അഡ്വാൻസ് എസ്റ്റിമേറ്റ് (എഫ് എ ഇ) ജനുവരി ഏഴിന് പ്രസിദ്ധീകരിക്കുകയുണ്ടായി. ഇത് പ്രകാരമുള്ള കണക്കുകൾ കാര്യമായ അത്ഭുതമുളവാക്കുന്ന ഒന്നല്ല എന്ന് കാണാം. ജി ഡി പി വളർച്ചയിലെ അനുമാനം –7.7 ശതമാനം എന്നാണ് എൻ എസ് ഒ കണക്കാക്കിയിരിക്കുന്നത്. 2020 ഡിസംബർ രണ്ടു മുതൽ നാല് വരെ നടന്ന റിസർവ് ബാങ്ക് മോണിറ്ററി പോളിസി സമിതിയുടെ (എം പി സി ) ജി ഡി പി യിലെ വളർച്ച സംബന്ധിച്ച കണക്കുമായി ഇത് ഏറെ ക്കുറെ ഒത്തുപോകുന്നതാണ്. –7.5 ശത മാനം വളർച്ചയാണ് എം പി സി കണക്കാക്കി യിരിക്കുന്നത്. പണപ്പെരുപ്പ നിരക്ക് ഉയർന്ന തോതിൽ തുടരുമെന്നാണ് റിസർവ് ബാങ്കിന്റെ അനുമാനം. എന്നാൽ ജി ഡി പി ഡിഫ്ളേറ്റർ 3.5 ശതമാനം മാത്രമായാണ് കണക്കാക്കിയിരിക്കുന്നത്. 2019–20 സാമ്പ ത്തിക വർഷവുമായി താരതമ്യം ചെയ്യു മ്പോൾ ജി ഡി പിയിൽ തൊട്ടു മുൻവർ ഷത്തെ അപേക്ഷിച്ച് 7.7 ശതമാനം കുറവ് എൻ എസ് ഒ കണക്കാക്കുന്നു.

2019–20 ആണ് ഏറ്റവും കുറഞ്ഞ ജി ഡി പി വളർച്ച രേഖപ്പെടുത്തിയ.വർഷങ്ങളിൽ ഒന്ന്. 4.2 ശതമാനം മാത്രമാണ് ആ വർഷം രേഖപ്പെടുത്തിയ വളർച്ച. ഗ്രോസ് വാല്യൂ ആഡഡ് (ജി വി എ) യും ഉത്പന്നങ്ങളുടെ അറ്റ നികുതിയും ചേർത്തുള്ളതാകയാൽ ഏകദേശം 13 ശതമാനം ഇടിവ് ജിഡിപി യിലെ അര ശതമാനം കുറവായി പ്രതിഫലിക്കുന്നു. ഇത് 2019–20 ൽ ജി വി എ യിൽ അറ്റനികുതി ഉണ്ടാക്കിയ 0.3 ശതമാനം വളർച്ചയുടെ നേർവിപരീതമാണെന്ന് കാണാം. (പട്ടിക – 1)

***2020 21 സാമ്പത്തിക വർഷത്തിൽ ജി ഡി പി 7.7 ശതമാനം കുറയുമെന്നാണ് അനുമാനം. ഇത് റിസർവ് ബാങ്ക് പ്രഖ്യാപിച്ചിട്ടുള്ള 7.5 ശതമാനം ഇടിവുമായി പൊരുത്തപ്പെട്ട് പോകുന്ന ഒന്നാണ്. ഈ തളർച്ചയിൽ ഉത്പന്നങ്ങളുടെ അറ്റനികുതി ചെലുത്തുന്ന സ്വാധീനം 0.5 ശതമാനമാണ്.***

### ജി ഡി പിയിലെ ചെലവിനങ്ങൾ

മൊത്തം വരുമാനം എന്നത് മൊത്തം ചെലവിന് തുല്യമാണ് എന്നതാണ് ദേശീയ വരുമാനത്തിന്റെ മുഖ്യ അടിസ്ഥാനം. അതുകൊണ്ട് ജി ഡി പിയിലെ ചെലവിനങ്ങളുടെ പ്രതിഫലനം എങ്ങനെയെന്ന് നോക്കാം. സ്വകാര്യ ചെലവുകളിൽ സംഭവിച്ചിരിക്കുന്ന ഗണ്യമായ കുറവ്. ജി ഡി പിയിലെ ഇടിവിൽ ഏറ്റവും വലിയ പങ്ക് (70 ശതമാനം) വഹിക്കുന്നതായി കാണാം. തുടർന്ന് വരുന്ന ഗ്രോസ് ഫിക്സഡ് ക്യാപി

***2019 -20 ലെ നാല് ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ 2020-21 ൽ കാർഷിക മേഖലയിൽ 3.4 ശതമാനം വളർച്ച കൈവരിക്കാൻ കഴിഞ്ഞുവെന്നത് ശ്രദ്ധേയമാണ്. എന്നാൽ, ഏറ്റവും ശക്തമായ പ്രതിസന്ധി നേരിട്ട മാനുഫാക്ച്ചറിങ്, നിർമാണം, വ്യാപാരം, ഹോട്ടൽ, ട്രാൻസ്പോർട്ട്, കമ്യൂണിക്കേഷൻ തുടങ്ങിയ മേഖലകളിൽ 9 മുതൽ 13 ശതമാനം വരെ ഇടിവാണ് പ്രകടമായി കണ്ടത്.***

റ്റൽ ഫോർമേഷൻ (നിക്ഷേപം) 56 ശതമാനം പങ്കുപഹിക്കുന്നു. എന്നാൽ സർക്കാർ ചെലവുകൾ ഇക്കാലയളവിലും വർധിച്ചിട്ടുണ്ട്. ഇത് പക്ഷെ കേവലം എട്ട് ശതമാനം സംഭാവനയാണ് ജി ഡി പിയിൽ നൽകിയിരിക്കുന്നത്. കയറ്റുമതി, ഇറക്കുമതി, വിലപിടിപ്പുള്ള വസ്തുക്കൾ തുടങ്ങിയ മറ്റു ഘടകങ്ങൾ നൽകിയിരിക്കുന്ന സംഭാവന 18 ശതമാനമാണ്. അതുകൊണ്ട് സമ്പദ് വ്യവസ്ഥ ശോഷിക്കുന്നതിന് സ്വകാര്യ ചെലവുകളിലും നിക്ഷേപ രംഗത്തും സംഭവിച്ച ഇടിവാണ് പ്രധാന കാരണമായിട്ടുള്ളത് എന്നത് വ്യക്തമാണ് (പട്ടിക – 1)

### മേഖല തിരിച്ചുള്ള വളർച്ച

കഴിഞ്ഞ കുറെ വർഷങ്ങൾക്കിടയിൽ മോശം പ്രകടനം കാഴ്ച്ച വച്ച ഒരു വർഷമായിരുന്നു 2019-20 എന്ന് കാണാം. ജി വി എയിൽ പ്രകടമായ വളർച്ച 3.9 ശതമാനം മാത്രമായിരുന്നു (പട്ടിക-2). കാർഷിക മേഖലയും പൊതുഭരണ രംഗവും മെച്ചപ്പെട്ട പ്രകടനം കാഴ്ച വച്ചില്ലായിരുന്നെങ്കിൽ സ്ഥിതി കൂടുതൽ മോശമാകുമായിരുന്നു. മാനുഫാക്ച്ചറിങ്, നിർമാണ മേഖലകൾ ഏറെക്കുറെ നിശ്ചലാവസ്ഥയിലായിരുന്നപ്പോൾ, വ്യാപാരം, ഹോട്ടൽ വ്യവസായം, ഫിനാൻസ്, റിയൽ എസ്റ്റേറ്റ് മേഖല എന്നിവ.ചരിത്രത്തിലെ ഏറ്റവും കുറഞ്ഞ വളർച്ചാ നിരക്ക് രേഖപ്പെടുത്തിയ വർഷം കൂടിയായിരുന്നു അത്. 2020-21 സാമ്പത്തിക വർഷത്തിൽ കാർഷിക മേഖല കാഴ്ച വച്ചത് മിന്നുന്ന പ്രകടനമായിരുന്നു. എന്നാൽ പൊതുഭരണ രംഗത്ത് വളർച്ച നെഗറ്റീവായി മാറി. വൈദ്യുതി, വാതക മേഖലകൾ ഒഴിച്ച് നിർത്തിയാൽ മറ്റെല്ലാ മേഖലയും വലിയ

**Table 1.** Advance estimates of GDP 2020-21 at constant 2011 -12 prices (Rs crore)

| Item | 2019-20(PE) | 2020-21(1st AE) | % Change |
|---|---|---|---|
| Gross Value Added (GVA) at Basic Prices | 1,33,01,120 | 1,23,39,175 | -7.2 |
| Net Taxes on Products | 12,64,831 | 11,00,487 | -13.0 |
| Gross Domestic Product (GDP) | 1,45,65,951 | 1,34,39,662 | -7.7 |
| **Contribution to Contraction of GDP** | | | **11,26,289 (100)** |
| Private Final Consumption Expenditure (PFCE) | 83,25,907 | 75,37,315 | 7,88,592 (70.01) |
| Government Final Consumption Expenditure (GFCE) | 16,52,367 | 17,47,876 | -95,509 (-8.47) |
| Gross Fixed Capital Formation (GFCF) | 43,34,091 | 37,07,516 | 6,26,575 (55.63) |

*Source: mospi.nic.in*
*Note: PE – Provisional Estimates; AE – Advance Estimates*

തോതിലുള്ള നെഗറ്റീവ് വളർച്ചയാണ് രേഖപ്പെടുത്തിയത്. മാനുഫാക്റ്ററിങ്, നിർമാണം, വ്യാപാരം, ഹോട്ടൽ മേഖലകൾ തുടങ്ങിയവ 9 മുതൽ 13 ശതമാനം വരെ നെഗറ്റീവ് വളർച്ച രേഖപ്പെടുത്തി. ഈ മേഖലകളിലുണ്ടായ തളർച്ച മൊത്തത്തിലുള്ള വളർച്ചയെ ബാധിക്കുകയും ചെയ്തു.

വളർച്ചാ നിരക്കുകളിൽ മാത്രം കേന്ദ്രീകരിക്കുന്നത് പലപ്പോഴും നൽകുക സാങ്കല്പിക ചിത്രമാകാം. അതുകൊണ്ട് മൂല്യവർധന കൂടി കണക്കിലെടുത്തുകൊണ്ട് കാര്യങ്ങൾ വിശകലനം ചെയ്യുന്നതാകും കൂടുതൽ അർത്ഥവത്താവുക. കാർഷിക മേഖല, പൊതുഭരണം, വൈദ്യുതി, വാതകം, ഫിനാൻസ് , റിയൽ എസ്റ്റേറ്റ് തുടങ്ങിയ ചില മേഖലകൾ ഒഴിച്ചാൽ മറ്റു രംഗങ്ങളിൽ 2020–21 ൽ ജി വി എ നിലവാരം 2018–19 നെ അപേക്ഷിച്ച് കുറവാണെന്ന് കാണാം. 2021–22 സാമ്പത്തിക വർഷത്തിൽ 3.5 ശതമാനം വളർച്ച കൈവരിച്ചാൽ 2018–19 ലെ നിയലവാരത്തിലേക്കേ സാമ്പത്തിക രംഗം എത്തുകയുള്ളൂ. എന്നാൽ 7.5 ശതമാനം വളർച്ച കൈവരിക്കാൻ കഴിഞ്ഞാൽ 2019–20 ന്റെ നിലവാരത്തെ ഭേദിക്കാൻ കഴിയും. 2019–20 ലെ ജി വി എ ലെവലിനെ മറികടക്കുന്നതിന് എട്ട് ശതമാനത്തിന് മുകളിൽ വളർച്ച കൈവരിക്കേണ്ടതായിട്ടുണ്ട്. എന്നാൽ കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ ഇത് കൈവരിക്കാൻ കഴിഞ്ഞിട്ടില്ല എന്നതാണ് യാഥാർഥ്യം. (പട്ടിക – 2)

**Table 2.** Sectoral growth rates of advance estimates, 2020-21 at constant prices (Rs crore)

| Industry | 2018 - 19 | 2019 – 20 (P E) | 2020 – 21 (1st AE) | % Change Over Previous Year | | % Change Over 2018 - 19 |
|---|---|---|---|---|---|---|
| | | | | 2019-20 | 2020-21 | 2020-21 |
| Agriculture, Forestry & Fishing | 18,72,339 | 19,48,110 | 20,13,927 | 4.0 | 3.4 | 7.6 |
| Mining & Quarrying | 3,45,069 | 3,55,680 | 3,11,621 | 3.1 | -12.4 | -9.7 |
| Manufacturing | 23,16,643 | 23,17,280 | 20,98,912 | 0.03 | -9.4 | -9.4 |
| Electricity, Gas, Water Supply & Other Utility Services | 2,96,560 | 3,08,832 | 3,17,125 | 4.1 | 2.7 | 6.9 |
| Construction | 10,20,314 | 10,33,276 | 9,03,243 | 1.3 | -12.6 | -11.5 |
| Trade, Hotels, Transport, Communication etc. | 24,88,049 | 25,77,945 | 20,26,128 | 3.6 | -21.4 | -18.6 |
| Financial, Real Estate & Professional Services | 27,86,855 | 29,15,680 | 28,91,811 | 4.6 | -0.8 | 3.8 |
| Public Administration, Defence & Other Services | 16,77,298 | 18,44,316 | 17,76,408 | 10.0 | -3.7 | 5.9 |
| **GVA at Basic Prices** | **1,28,03,128** | **1,33,01,120** | **1,23,39,175** | **3.9** | **-7.2** | **-3.4** |

*Source: mospi.nic.in*

*Note: PE – Provisional Estimates; AE – Advance Estimates*

***ചരിത്രപരമായി നോക്കുമ്പോൾ മഹാമാരിയുടെ ഘട്ടങ്ങളിൽ സാമ്പത്തിക മേഖല തകർച്ചയിലമർന്നിട്ടുണ്ട്. മഹാമാരി നീങ്ങിയ ശേഷമുള്ള തൊട്ടടുത്ത വർഷത്തിൽ നല്ല വളർച്ചയും ഉണ്ടായതായി കാണാം. ഇത് പക്ഷെ, തുടർന്നുള്ള വർഷങ്ങളിൽ നിലനിന്നിട്ടില്ല. മൂന്നോ നാലോ വർഷമെടുത്താണ് പലപ്പോഴും മഹാമാരിക്ക് മുൻപുള്ള നിലയിലേക്ക് എത്തിയിട്ടുള്ളൂ. ഈ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ 2018–19 ലെ അവസ്ഥയിലേക്ക് തിരിച്ചെത്താൻ 2022–23 വരെ കാത്തിരിക്കേണ്ടതായി വരാം.***

## പണപ്പെരുപ്പവും ജി ഡി പിയിലെ ശോഷണവും

2019–20 ലെ സ്ഥിരവിലയുമായി താരതമ്യം ചെയ്യുമ്പോൾ മാർക്കറ്റ് വിലയെ ആധാരമാക്കിയുള്ള ജി ഡി പി വളർച്ച നിരക്ക് 7.2 ശതമാനമാണ്. ഇത് പെർ സെന്റേജ് പോയിന്റ് അടിസ്ഥാനമാക്കുമ്പോൾ കൂടുതലാണെങ്കിലും ജി ഡി പിയിൽ പ്രകടമാക്കിയ 3 ശതമാനം ശോഷണം സമ്പദ്‌വ്യവസ്ഥയിലെ വിലക്കയറ്റത്തെ കുറിച്ച് സൂചന നൽകുന്നതാണ്. ഇത് ചില്ലറ വില്പന വിലയെ അടിസ്ഥാനമാക്കിയുള്ള 3.7 ശതമാനമെന്ന പണപ്പെരുപ്പ നിരക്കുമായി പൊരുത്തപ്പെട്ട് പോകുന്ന ഒന്നാണ്. കൗതുകകരമെന്ന് പറയട്ടെ, 2020–21 ലെ ജി ഡി പി ഡിഫ്ളറ്റർ 3.5 ശതമാനമാണ്. തത്സമയ വിലയെ അടിസ്ഥാനമാക്കിയുള്ള ജി ഡി പിയും (7.7 ശതമാനം) സ്ഥിര വിലയെ ആധാരമാക്കിയുള്ള ജി ഡി പിയും (4.2 ശതമാനം) തമ്മിലുള്ള വ്യത്യാസമാണ് ഇത്. അതായത് ഇവിടെ ജി ഡി പി ഡിഫ്ളേറ്റർ ചില്ലറ വില്പന വിലയെ അടിസ്ഥാനമാക്കിയുള്ള പണപ്പെരുപ്പ നിരക്കായ 6.9 ശതമാനത്തേക്കാൾ താഴെയാണ് എന്ന് സാരം. ഇത് ഉൾക്കൊള്ളുക എന്നത് അല്പം ശ്രമകരമാണ് എന്നറിയാം. കാരണം, ഏഷ്യൻ ഡെലവെലപ്മെന്റ് ബാങ്ക്, ഫിച്ച് റേറ്റിങ് തുടങ്ങിയ സ്ഥാപനങ്ങൾ പണപ്പെരുപ്പം അഞ്ച് ശതമാനത്തിനും ആറ് ശതമാനത്തിനും ഇടയിലായിരിക്കുമെന്നാണ് പ്രവചിച്ചിട്ടുള്ളത്.

## വളർച്ചയുടെ സൂചനകൾ

ചില സുപ്രധാന സൂചകങ്ങളെ കുറിച്ച് എൻ എസ് ഒയുടെ പത്രക്കുറിപ്പ് വിലപ്പെട്ട ചില വിവരങ്ങൾ നൽകുന്നുണ്ട്. ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സാമ്പത്തിക വളർച്ചയെ കുറിച്ചുള്ള ചില പ്രവചനങ്ങൾ നോക്കാം. 2018–19 ലെ വാണിജ്യ വാഹനങ്ങളുടെ വില്പനയുടെ സൂചകം 100 എന്ന് കണക്കാക്കിയാൽ 2019–20 ൽ അത് 77 ആയി കുറഞ്ഞു. 2020–21 ൽ ഇത് 33 ലേക്ക് കൂപ്പുകുത്തി. അതിനാൽ 2021–22 ൽ മൂന്നിരട്ടിയെങ്കിലും വർധിച്ചാൽ മാത്രമേ ഇത് 2018–19 ലെ നിലവാരത്തിലേക്ക് എത്തൂ. ഇനി സ്വകാര്യ വാഹനങ്ങളുടെ കണക്കെടുത്താൽ 2019–20 ൽ 84 ലേക്കും 2020–21 ൽ 63 ലേക്കും താഴ്ന്നു. 2021–22 ൽ 60 ശതമാനം വളർച്ച കൈവരിച്ചാൽ മാത്രമേ ഇത് 2018–19 ലെ നിലവാരത്തിലേക്ക് എത്തൂ. നിർമ്മാണ മേഖലയിൽ 25 ശതമാനം വളർച്ചയെങ്കിലും വേണം 2018–19 ലെ തോതിലേക്ക് എത്താൻ. നിലവിൽ വിവിധ മേഖലകളിലെ വളർച്ചാ പ്രവണത വിലയിരുത്തുമ്പോൾ ഈ നിലയിലേക്ക് എത്തുക എന്നത് ഏറെ പ്രയാസകരമാണ്. അതായത് 2018–19 നെ അപേക്ഷിച്ച് 2021–22 ൽ വരുമാനം കുറവായിരിക്കുമെന്ന് സാരം. 2022–23 സാമ്പത്തിക വർഷത്തിൽ കുത്തനെയുള്ള ഒരു വളർച്ച പ്രകടമായാൽ 2018–19 ലെ നിലവാരത്തെ മറികടക്കാൻ കഴിഞ്ഞേക്കാം. എന്നാൽ ചരിത്രപരമായ അനുഭവങ്ങൾ നൽകുന്നത് അത്തരം പാഠങ്ങളല്ല എന്നതാണ് വസ്തുത.

ഒരു മഹാമാരിയുടെ ഘട്ടം കഴിഞ്ഞുള്ള തൊട്ടടുത്ത വർഷത്തിൽ വളർച്ച പ്രകടമാക്കിയാലും പിന്നീട് വളർച്ച കുറയുന്ന പ്രവണതയാണ് പ്രകടമായി കണ്ടിട്ടുള്ളത്. 2021 ജനുവരി 12 ന് എൻ എസ് ഒ പ്രസിദ്ധീകരിച്ച വ്യവസായ ഉത്പാദനത്തെ സംബന്ധിച്ച പത്രക്കുറിപ്പ് വ്യക്തമാക്കുന്നത് സെപ്റ്റംബർ മാസത്തിൽ വ്യവസായ മേഖല ഒരു തിരിച്ചുവരവ് പ്രകടമാക്കിയെങ്കിലും നവംബറിൽ വ്യവസായ ഉത്പാദനം 1.9 ശതമാനത്തിലേക്ക് ചുരുങ്ങി എന്നാണ്. അതുകൊണ്ട് 2021–22 ൽ പ്രതീക്ഷിക്കുന്ന തിരിച്ചു വരവ് ഒരുപക്ഷെ ഒരു പ്രഹേളികയായി മാറുന്ന തിനും സാധ്യതയുണ്ട്.

■

(ഡി. നാരായണ, മുൻ ഡയറക്ടർ, ഗിഫ്റ്റ്, ഷഗിഷ്ണ. കെ, സ്വതന്ത്ര ഗവേഷക*)*

കേരള ഇക്കോണമി
പുസ്തകം 2 ലക്കം 1 ജനുവരി 2021

**സംസ്ഥാന സാമ്പത്തികം**

# വളർച്ച തിരിച്ചുപിടിക്കാൻ ചെലവുകൾ ഉയർത്തൽ അനിവാര്യം

പാർമ ചക്രവർത്തി, അനിതകുമാരി എൽ

2008 ലെ ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ ചാക്രിക മാറ്റങ്ങൾക്ക് നേർവിപരീതമായ ധനനയമാണ് സ്വീകരിച്ചു പോന്നത്. നികുതിയിലെ ഇളവുകൾ, ചെലവിലെ വർദ്ധനവ് തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുന്നതാണ് ഈ നയം (പതിനാലാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട്). സാമ്പത്തിക സ്ഥിതി നേരെയാക്കുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ ഈ നയം സ്വീകരിച്ചത്. ഇന്ത്യയുടെ സാമ്പത്തിക വളർച്ചയുടെ കാര്യത്തിൽ 2008 ലെ ആഗോള മാറ്റം പരിശോധിച്ചാൽ 2007–08 ൽ മാത്രമാണ് ധനകമ്മി നിർദിഷ്ട പരിധിക്ക് താഴെയായി നിലകൊണ്ടത്. അതിനുശേഷം അത് വളരെ ഉയർന്ന നിലയിലായിരുന്നു. മറിച്ച്, സംസ്ഥാനങ്ങളെ സാമ്പത്തിക പ്രതിസന്ധി അത്ര രൂക്ഷമായി ബാധിച്ചില്ല എന്ന് മാത്രമല്ല, ഫിസ്കൽ റെസ്പോൺസിബിലിറ്റി നിയമങ്ങളെ (എഫ് ആർ എൽ) നല്ലൊരു പരിധി വരെ പിന്തുടരാൻ അവർക്ക് കഴിഞ്ഞുവെന്നതാണ് വസ്തുത.

റിസർവ് ബാങ്ക് നടത്തിയ ഒരു പഠനപ്രകാരം

***ഗ്രാന്റ് ഇൻ എയ്ഡിന്റെ കാര്യത്തിൽ ഉണ്ടായ വർധന സംസ്ഥാനങ്ങളുടെ റവന്യു വരുമാനത്തിൽ സംഭവിച്ച നഷ്ടം പരിഹരിക്കാൻ പര്യാപ്തമായില്ല. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ആന്ധ്രപ്രദേശ് മാത്രമാണ് ഇക്കാര്യത്തിൽ ഒരപവാദമായി നില കൊള്ളുന്നത്.***

സാമ്പത്തിക മാന്ദ്യം കാര്യമായ പ്രതികരണം ഉളവാക്കിയില്ലെങ്കിലും കേന്ദ്ര സർക്കാരിന്റെ ധനപരമായ സൂചകങ്ങളിൽ ഇടിവ് വരുന്നതിന് ഇത്.ഇടയാക്കി. ഉദാഹരണമെടുത്താൽ, 2007–08 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാരിന്റെ ധനക്കമ്മി ഫിസ്കൽ റെസ്പോൺസിബിലിറ്റി ആൻഡ് ബജറ്റ് മാനേജ്മെന്റ് ആക്ടിന്റെ (എഫ് ആർ ബി എം) പരിധിയിൽ (2.5 ശതമാനം) കൊണ്ട് വരാൻ കഴിഞ്ഞുവെങ്കിലും 2008–09 ൽ ഇത് ജി ഡി പിയുടെ മൂന്ന് ശതമാനമെന്ന പരിധി മറികടന്ന്.ആറ് ശതമാനത്തിലേക്ക് കുതിച്ചു. 2009–10 ൽ ധനക്കമ്മി 6.5 ശതമാനത്തിലേക്ക് ഉയർന്നു. ധനസ്ഥിതിയിലെ (2020) സംസ്ഥാന സർക്കാരുകളുടെ ധനനയം യഥാർത്ഥ വരുമാനവും കടബാധ്യതയുടെ തോതുമായി ബന്ധപ്പെട്ടിരിക്കുന്നതാണ്.എന്ന് കാണാം. ചാക്രിക ചലനങ്ങൾക്ക് ഒപ്പം ചരിക്കാൻ ഫിസ്കൽ ചട്ടങ്ങൾ സംസ്ഥാന സർക്കാരുകളുടെ ധനനയത്തിൽ വലിയ സ്വാധീനം ചെലുത്തുന്നതായി കാണാം. ഇത്തരമൊരു ധനനയമെന്നാൽ സമ്പദ്ഘടനയിൽ മുന്നേറ്റം പ്രകടമാകുമ്പോൾ വികസനോന്മുഖ സമീപനവും തകർച്ച വരുമ്പോൾ ചെലവുകൾ ചുരുക്കുന്ന സമീപനവും അത് സ്വീകരിക്കുന്നു എന്നതാണ്. ഉത്പാദനത്തിലും

വരുമാനത്തിലും ഇടിവ് കാണിക്കുമ്പോൾ എഫ് ആർ എൽ ചട്ടങ്ങൾ പാലിക്കുന്നതിന് ചെലവുകൾ ചുരുക്കുന്നു. ഇത് ചാക്രിക ചലനങ്ങൾക്ക് അനുഗുണമായ നയമാണ്. വരുമാനത്തിന്റെയും ചെലവിന്റെയും ഒരേ ദിശയിലുള്ള ചലനമാണ് ചാക്രിക ചലനങ്ങൾക്ക് അനുഗുണമായ നയങ്ങളുടെ പ്രത്യേകത. എന്നാൽ ഇതിന് നേർവിപരീതമാണ് ചാക്രിക ചലനങ്ങൾക്ക് എതിരായ ധനനയം. എന്നിരുന്നാലും സാമ്പത്തികമായ തിരിച്ചുവരവ് ലക്ഷ്യമിട്ടുള്ള നയങ്ങൾ പൊതുവിൽ ചാക്രിക ചലനങ്ങൾക്ക് എതിരായിട്ടുള്ളവയാണെന്ന് കാണാം. കൂടുതൽ വികസനോന്മുഖമായ ഒരു സാമ്പത്തിക നയത്തിലേക്കാണ് ഇത് വഴി തുറക്കുന്നത്.

അപ്രതീക്ഷിതമായി എത്തിയ കോവിഡ് മഹാമാരി നേരത്തെ തന്നെ നിലനിന്നിരുന്ന സാമ്പത്തിക തളർച്ചയെ വളരെ രൂക്ഷമായി തന്നെ ബാധിച്ചു. ഇത് പിന്നീട് നെഗറ്റീവ് വളർച്ചയായി മാറുകയായിരുന്നു. 2017–18 മുതൽ തന്നെ ജി ഡി പി വളർച്ചയുടെ തോത് ഇടിയുന്ന പ്രവണതയാണ് പ്രകടമാക്കിയിരുന്നത്. 2016–17 ൽ 8.3 ശതമാനമായിരുന്ന ജി ഡി പി വളർച്ചാ നിരക്ക് 2017–18 ൽ ഏഴു ശതമാനത്തിലേക്ക് താഴ്ന്നു. 2018–19 ൽ ഇത് 6.1 ശതമാനത്തിലേക്കും 2019–20 ലെ പ്രാഥമിക കണക്കുകൾ പ്രകാരം 4.2 ശതമാനത്തിലേക്കും താഴ്ന്നു. 2020–21 ലെ അഡ്വാൻസ് എസ്റ്റിമേറ്റുകൾ അനുസരിച്ച് ഇത് –7.8 ശതമാനത്തിലേക്ക് കൂപ്പുകുത്തുകയും ചെയ്തു. 2020–21 ലെ സ്ഥിരവിലയെ അടിസ്ഥാനമാക്കിയുള്ള ഗ്രോസ് വാല്യൂ ആഡ്ഡിന്റെ.(ജി വി എ) ആദ്യ അനുമാനക്കണക്കുകൾ. പ്രകാരം കാർഷിക മേഖലയിലും വനം, മൽസ്യബന്ധനം (3. 4 ശതമാനം), വൈദ്യുതി, വാതകം, മറ്റു അവശ്യ സേവനങ്ങൾ (2.7 ശതമാനം) തുടങ്ങിയ രംഗങ്ങളിലും മാത്രമാണ് പോസിറ്റീവ് വളർച്ച പ്രകടമായത്. മറ്റെല്ലാ മേഖലകളും 2019–20 ലെ പ്രാഥമിക കണക്കുകളെ അപേക്ഷിച്ച് നെഗറ്റീവ് വളർച്ചയാണ് രേഖപ്പെടുത്തിയത്.[1]

കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും സാമ്പത്തിക വരുമാനത്തെ കോവിഡ് മഹാമാരി കാര്യമായി ഉലച്ചിട്ടുണ്ട്. ഇത്തരത്തിൽ വരുമാനത്തെ പ്രതികൂലമായി ബാധിച്ചതിനാലും സംസ്ഥാനങ്ങളുടെ ആവശ്യം കണക്കിലെടുത്തും സംസ്ഥാനങ്ങളുടെ വായ്പാ പരിധി മൊത്തം സംസ്ഥാന ജി ഡി പിയുടെ (ജി എസ് ഡി പി) അഞ്ചു ശതമാനമായി ഉയർത്തിയിട്ടുണ്ട്. വായ്പയെടുക്കുന്നതിനുള്ള പരിധി ഇത്തരത്തിൽ മൂന്നിൽ നിന്ന് അഞ്ചു ശതമാനമാക്കി ഉയർത്തിയെങ്കിലും ഇതിനായി നിരവധി നിബന്ധനകൾ ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാരുകൾ ഒരു രാജ്യം, ഒരു റേഷൻ കാർഡ് എന്ന പദ്ധതി, ഈസ് ഓഫ് ഡൂയിങ് ബിസിനസ് പരിഷ്കരണം, അർബൻ/പ്രാദേശിക ഭരണ സംവിധാനങ്ങളുടെ പരിഷ്കരണം, ഊർജ മേഖലയിലെ പരിഷ്കരണം എന്നിവ നടപ്പാക്കുക.തുടങ്ങിയവയാണ് കേന്ദ്രം ഇതിനായി മുന്നോട്ട് വച്ചിരിക്കുന്ന നിബന്ധനകൾ. ഇതിൽ ഓരോ ഇനത്തിനും 0.25 ശതമാനം എന്ന കണക്കിൽ മൊത്തം ഒരു ശതമാനം വെയ്റ്റേജ് ലഭിക്കും. ശേഷിക്കുന്ന ഒരു ശതമാനം അധിക പരിധി അര ശതമാനം വീതമുള്ള രണ്ടു തവണകളായാണ് നൽകുക. ആദ്യത്തെ അര ശതമാനം സംസ്ഥാനങ്ങൾക്ക് സാധാരണ രീതിയിൽ ലഭ്യമാകുമ്പോൾ ശേഷിക്കുന്ന അര ശതമാനം മൂന്ന് പരിഷ്കരണ നടപടികളെങ്കിലും ഏറ്റെടുക്കുന്ന സംസ്ഥാനങ്ങൾക്ക് മാത്രമേ ലഭിക്കൂ.

കോവിഡ് മഹാമാരി മൂലമുണ്ടായ വരുമാന നഷ്ടവും, നിബന്ധനകളോട് കൂടിയ കടമെടുക്കലും 2020 ഒക്ടോബർ മാസം വരെ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളെയും കേന്ദ്രത്തെയും

[1] Mining and quarrying (-12.4%), Manufacutring (-9.4 %), construction (-12.6%), Trade, hotels and communication (-21.4%), Financial, real estate and professional services (-0.8%) and public administration, defense and other services (-3.7%).

***കേന്ദ്ര നികുതികളിൽ നിന്ന് സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന വിഹിതത്തിന്റെ കാര്യത്തിൽ എല്ലാ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്കും തിരിച്ചടിയാണ് നേരിടേണ്ടി വന്നത്. ഇക്കാര്യത്തിൽ ഏറ്റവും കൂടുതൽ നഷ്ടം സംഭവിച്ചത് കർണ്ണാടകത്തിനാണ്, 40.9 ശതമാനം. തെലങ്കാനക്ക് 33.1 ശതമാനവും കേരളത്തിന് 31.3 ശതമാനവും തമിഴ്നാടിന് 15.7 ശതമാനവും ആന്ധ്രപ്രദേശിന് 13.2 ശതമാനവും ഇടിവ് നേരിട്ടു.***

എങ്ങനെ ബാധിച്ചു എന്നതിന്റെ താരതമ്യ പഠനമാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം.

### റവന്യൂ വരുമാനം

നികുതി, നികുതിയേതര വരുമാനങ്ങളിൽ തുടർച്ചയായി ഉണ്ടായ നെഗറ്റീവ് വളർച്ചയാണ് മഹാമാരിയുടെ കാലത്ത് സംസ്ഥാനങ്ങളുടെയും കേന്ദ്രത്തിന്റെയും സാമ്പത്തിക നിലയുടെ മുഖമുദ്രയായി മാറിയതെന്ന് കാണാം. 2020 ഒക്ടോബർ മാസം വരെയുള്ള കണക്കുകൾ നോക്കുമ്പോൾ നികുതി വരുമാനത്തിന്റെ കാര്യത്തിൽ കേന്ദ്ര സർക്കാരും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളും വലിയ തോതിലുള്ള ഇടിവിനെ നേരിട്ടു. കേരളം 26.7 ശതമാനവും കർണ്ണാടക 22.3 ശതമാനവും തമിഴ്നാട് 19.6 ശതമാനവും ഇടിവ് നേരിട്ടപ്പോൾ 15.8 ശതമാനം ഇടിവാണ് കേന്ദ്രത്തിനുണ്ടായത്. കേന്ദ്ര നികുതികളുടെ വിഹിതത്തിന്റെ കാര്യത്തിലും ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും നെഗറ്റീവ് വളർച്ച നേരിട്ടതായി കാണാൻ കഴിയും. കർണ്ണാടകത്തിനാണ് ഇക്കാര്യത്തിൽ ഏറ്റവും വലിയ തിരിച്ചടി നേരിട്ടത്, −40.9 ശതമാനം. തെലങ്കാന −33.1, കേരളം −31.3, തമിഴ്നാട് −15.7, ആന്ധ്രപ്രദേശ് −13.2 ശതമാനം എന്നിങ്ങനെയാണ് മറ്റു സംസ്ഥാനങ്ങൾക്ക് ഉണ്ടായ ഇടിവ്. ഗ്രാന്റ് ഇൻ എയ്ഡിന്റെ കാര്യത്തിലുണ്ടായ പോസിറ്റീവ് വളർച്ചക്കും സംസ്ഥാനങ്ങളുടെ മൊത്തത്തിലുള്ള വരുമാന തളർച്ചയെ മറി കടക്കാൻ സഹായകമായില്ല. ആന്ധ്രപ്രദേശ് മാത്രമാണ് ഇതിന് അപവാദമായിട്ടുള്ളത് (പട്ടിക – 1).[2]

തനത് നികുതി വരുമാനത്തിന്റെ കാര്യത്തിൽ കേരളത്തിനാണ് ഏറ്റവും വലിയ തിരിച്ചടി ഉണ്ടായത്, 25. 8 ശതമാനം നെഗറ്റീവ് വളർച്ച. തമിഴ് നാടിന് 20.6 ശതമാനവും കർണാടകത്തിന് 18.6 ശതമാനവും ആന്ധ്രപ്രദേശിന് 9 ശതമാനവും തെലങ്കാനക്ക് 8.4 ശതമാനവും ഇടിവുണ്ടായി. തനത് നികുതി വരുമാനവും ജി എസ് ഡി പിയും തമ്മിലുള്ള അനുപാതത്തിലും കേരളമാണ് ഏറ്റവും മോശം അവസ്ഥയിലുള്ളത് −1.31 ശതമാനം, തമിഴ്നാടിന്റേത് 1.11 ശതമാനവും കർണാടകത്തിന്റേത് 1.05 ശതമാനവും തെലങ്കാനയുടേത് 0.81 ശതമാനവും ആന്ധ്രപ്രദേശിന്റേത് 0.78 ശതമാനവുമാണ് (ഫിഗർ – 1).

### സർക്കാർ ചെലവുകൾ

കേന്ദ്രത്തിന്റെ മൊത്തം ചെലവുകളിൽ ഇക്കാലയളവിൽ ഉണ്ടായ വർധന നാമമാത്രമായ 0.4 ശതമാനമാണ്. എന്നാൽ 54.4 ശതമാനം വളർച്ചയാണ് ആന്ധ്രാപ്രദേശിന്റെ കാര്യത്തിൽ ഉണ്ടായത്. തെലങ്കാനയുടെ കാര്യത്തിൽ 7.4 ശതമാനവും കേരളത്തിന്റെ കാര്യത്തിൽ 6.8 ശതമാനവും വളർച്ച രേഖപ്പെടുത്തി. ഇതും കേന്ദ്രത്തിന്റെ റവന്യൂ ചെലവിൽ പ്രതിഫലിക്കുമ്പോൾ വർധന കേവലം 0.7 ശതമാനം മാത്രമാണ്. ആന്ധ്രയുടെ കാര്യത്തിൽ റവന്യൂ ചെലവ് 45.6 ശതമാനവും തെലുങ്കാന 10.1 ശതമാനവും കേരളം 6.1 ശതമാനവുമാണ് വർധിച്ചത്. കർണാടകയും തമിഴ്നാടും മൊത്തം ചെലവിലും റവന്യൂ ചെലവിലും നെഗറ്റീവ് വളർച്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നത് (പട്ടിക – 2).

[2] Revenue receipts consists of own tax revenue, own non-tax revenue, share in central taxes and grants-in-aids and contributions.

**Table 1.** Growth in revenue receipts (%)

| Description | Revenue Receipts | Tax Revenue | Own Tax Revenue | Non-Tax Revenue | State's share of Union Taxes | Grants-in-aid and Contributions |
|---|---|---|---|---|---|---|
| Telangana | -9.8 | -12.0 | -8.4 | -27.0 | -33.1 | 16.9 |
| Andhra Pradesh | 1.8 | -9.9 | -9.0 | 1.7 | -13.2 | 55.0 |
| Karnataka | -22.5 | -22.3 | -18.6 | -12.2 | -40.9 | -25.2 |
| Tamil Nadu | -12.1 | -19.6 | -20.6 | -31.1 | -15.7 | 38.0 |
| Kerala | -4.1 | -26.7 | -25.8 | -60.5 | -31.3 | 254.0 |
| Union Government | -23.8 | -15.8 | | -48.2 | | |

Source: Computed from monthly indicators, C&AG and Monthly Accounts, CGA

**Fig 1.** Comparison of the revenue receipts components % GSDP between 2019 and 2020




Source: Computed from monthly indicators, C&AG

***കേന്ദ്രത്തിന്റെ മൊത്തം ചെലവുകളിൽ ഉണ്ടായ വർധന കേവലം 0.4 ശതമാനം മാത്രമാണ്. ഇത് എല്ലാ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളെയും അപേക്ഷിച്ച് വളരെ കുറവാണ്. ആന്ധ്രാപ്രദേശിന്റെ മൊത്തം ചെലവ് 54.4 ശതമാനവും തെലങ്കാനയുടെ 7.4 ശതമാനവും കേരളത്തിന്റെ 6.8 ശതമാനവും കൂടിയിട്ടുണ്ട്.***

2020 ഒക്ടോബർ വരെയുള്ള കണക്കുകൾ തൊട്ടു തലേ വർഷത്തേതുമായി താരതമ്യം ചെയ്യുമ്പോൾ സബ്സിഡി ചെലവിനങ്ങളിൽ കേരളത്തിന് 217.5 ശതമാനമെന്ന അഭൂതപൂർവമായ വളർച്ചയാണ് ഉണ്ടായത്. എന്നാൽ ഇക്കാര്യത്തിൽ കേന്ദ്രത്തിന്റെ ചെലവിൽ നെഗറ്റീവ് വളർച്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നത്, −18.2 ശതമാനം. മഹാമാരിയുടെ ഘട്ടത്തിൽ സാമൂഹ്യ സുരക്ഷാ രംഗത്ത് സമയബന്ധിതമായി വൻതോതിൽ ചെലവഴിക്കേണ്ടി വന്നതാണ് കേരളത്തിന്റെ സബ്സിഡി ചെലവുകൾ കുത്തനെ ഉയർത്തിയത്. പലിശയിനത്തിലെ ചെലവിൽ തമിഴ്നാടാണ് ഏറ്റവും കുറഞ്ഞ വളർച്ച നിരക്കായ −5.2 ശതമാനം രേഖപ്പെടുത്തിയത്. കേരളം 9.4 ശതമാനം വർധന രേഖപ്പെടുത്തിയപ്പോൾ തെലങ്കാനയുടെ പലിശ ഇനത്തിലെ ചെലവ് 38.5 ശതമാനവും ആന്ധ്രപ്രദേശിന്റെ 36.3 ശതമാനവും കണ്ടുയർന്നു.

ഇന്ത്യയിലെ അന്തിമ ഉപഭോഗ ചെലവിൽ ഉണ്ടായിരിക്കുന്ന ഇടിവ് അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടിക എ ഒന്നിൽ നിന്ന് ലഭ്യമാണ്. 2019–20 ലെ 11.8 ശതമാനത്തിൽ നിന്ന് ഇത് 2020–21 ൽ 5.8 ശതമാനമായി കുറഞ്ഞു. ഇത് വളരെ ഗൗരവതരവും അടിയന്തിര ശ്രദ്ധ പതിയേണ്ടതുമായ ഒരു കാര്യമാണ്. 2019–20 ൽ തന്നെ നെഗറ്റീവ് വളർച്ചയിലായിരുന്ന കയറ്റുമതി, ഇറക്കുമതി മേഖലകളുടെ സ്ഥിതി 2020–21 ൽ കൂടുതൽ വഷളായതായി കാണാം.

***സബ്സിഡി ചെലവുകളുടെ വർധനയുടെ കാര്യത്തിൽ കേരളം ഒന്നാമതാണ്, 217.5 ശതമാനം. എന്നാൽ കേന്ദ്രത്തിന്റെ സബ്സിഡി ചെലവുകൾ 18.2 ശതമാനം കണ്ട് കുറയുകയാണുണ്ടായത്. ഇത്തരം ചെലവുകൾ ഏറ്റവും ഉയർന്നു നിൽക്കേണ്ടതായ ഒരു ഘട്ടത്തിലാണ് ഇതെന്ന് ഓർക്കണം.***

**Table 2.** Growth in expenditure (%)

| Description | Andhra Pradesh | Karnataka | Kerala | Tamil Nadu | Telangana | Union Government |
|---|---|---|---|---|---|---|
| Revenue Expenditure of which | 45.6 | -6.7 | 6.1 | -6.4 | 10.1 | 0.7 |
| i) Expenditure on Interest payment | 36.3 | 19.8 | 9.4 | -5.2 | 38.5 | 15.2 |
| ii) Expenditure on Subsidy | 14.0 | NA | 217.5 | NA | 49.0 | -18.2 |
| Capital Expenditure | 214.1 | 4.5 | 15.0 | -2.4 | -9.4 | -1.9 |
| Total Expenditure | 54.4 | -5.1 | 6.8 | -6.1 | 7.4 | 0.4 |

Source: Computed from monthly indicators, C&AG and Monthly Accounts, CGA
Note: NA represents not available

***സർക്കാർ ചെലവുകൾ കുറയുകയും ഒപ്പം നികുതി വരുമാനം കുറയുകയും ചെയ്യുന്ന വിധത്തിലുള്ള, ചാക്രിക മാറ്റങ്ങളോട് അനുഗുണമാകുന്ന നയങ്ങളാണ് തമിഴ്നാടും കർണാടകവും സ്വീകരിച്ചത്. എന്നാൽ കേരളം, ആന്ധ്രപ്രദേശ്, തെലങ്കാന എന്നീ സംസ്ഥാനങ്ങൾ ചാക്രിക ചലനങ്ങൾക്ക് നേർവിപരീതമായ നയങ്ങളാണ് സ്വീകരിച്ചതെന്ന് കാണാം.***

**കമ്മിയും വായ്പയുടെ സ്ഥിതിയും**

ധനകമ്മിയുടെ കാര്യത്തിൽ കർണാടകത്തിന്റെ സ്ഥിതി ആശങ്കാജനകമാണ്. 2020 ഏപ്രിൽ മുതൽ ഒക്ടോബർ വരെയുള്ള കാലയളവിൽ 24291.08 ശതമാനം വർധനയാണ് ഇക്കാര്യത്തിൽ കർണാടകം രേഖപ്പെടുത്തിയിരിക്കുന്നത്. 140.2 ശതമാനം വർദ്ധനയുമായി ആന്ധ്രപ്രദേശ് തൊട്ടടുത്ത സ്ഥാനത്ത് നിൽക്കുന്നു. തെലങ്കാന രേഖപ്പെടുത്തിയത് 57.8 ശതമാനവും കേരളം 34.4 ശതമാനവും തമിഴ്നാട് 18.8 ശതമാനവും വളർച്ചയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ധനകമ്മിയിലെ വർധന കേരളത്തിലും തമിഴ്നാട്ടിലും താരതമ്യേന കുറവാണ് എന്ന് കാണാം (പട്ടിക –3). ഇക്കാലയളവിൽ ദക്ഷിണേന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളുടെയും റവന്യു കമ്മിയും കുത്തനെ കൂടിയിട്ടുണ്ട്. കേരളത്തിന്റെ കാര്യത്തിൽ റവന്യു കമ്മി 35.4 ശതമാനമാണ്. ഏറ്റവും കുറഞ്ഞ തോതായ 20.7 ശതമാനം രേഖപ്പെടുത്തിയിരിക്കുന്നത് തമിഴ്നാടാണ്. ആന്ധ്രപ്രദേശിന്റെയും തെലങ്കാനയുടെയും കാര്യത്തിൽ ഇത് യഥാക്രമം 194.6 ശതമാനവും 230.1 ശതമാനവുമാണ്. 2019 ൽ 15336.9 കോടി രൂപയുടെ റവന്യു മിച്ചമുണ്ടായിരുന്ന കർണ്ണാടക, 2020 ഏപ്രിൽ–ഒക്ടോബർ കാലയളവിൽ 1704.1 കോടി രൂപയുടെ കമ്മിയാണ് കാണിക്കുന്നത്. (പട്ടിക–3), (പട്ടിക –4).

കോവിഡ് മഹാമാരിക്ക് മുൻപുള്ള ഘട്ടത്തിൽ എല്ലാ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളും ജി എസ് ഡി പിയുടെ 3 ശതമാനമെന്ന എഫ് ആർ എൽ ലക്ഷ്യം പാലിച്ചിരുന്നതായി വ്യക്തമാണ് (പട്ടിക–4, ഫിഗർ–2). ഇക്കാര്യത്തിൽ കേരളവും ആന്ധ്രപ്രദേശും യഥാക്രമം 2.8 ശതമാനവും 2.9 ശതമാനവും വീതമാണെന്ന് കാണാം. മറ്റു സംസ്ഥാനങ്ങൾ ലക്ഷ്യത്തിലും വളരെ താഴെയായിരുന്നു. കർണ്ണാടക, തമിഴ്നാട്, തെലങ്കാന എന്നീ സംസ്ഥാനങ്ങൾ ഇക്കാര്യത്തിൽ മോശമാകുന്ന അവസ്ഥ കോവിഡിന് മുൻപ് ഉണ്ടായിരുന്നില്ല.

2020 ഏപ്രിൽ–ഒക്ടോബർ കാലയളവ് 2019 ലെ ഇതേ കാലയളവിന് സമാനമായ സ്ഥിതിയാണ് കാഴ്ച വയ്ക്കുന്നത്. വായ്പാ പരിധി ജി എസ് ഡി പിയുടെ 5 ശതമാനമായി ഉയർത്തിയിട്ടുണ്ടെങ്കിലും ആന്ധ്രപ്രദേശ് ഒഴികെയുള്ള സംസ്ഥാനങ്ങളുടെ കാര്യത്തിൽ നിലവിലെ വായ്പയെടുക്കൽ തോതിൽ ഇത് പ്രതിഫലിച്ചു കാണുന്നില്ല. ആന്ധ്രാപ്രദേശിന്റെ കടമെടുപ്പ് 6.3 ശതമാനമാണ്. വായ്പയെടുക്കുന്നതിന് ഏർപ്പെടുത്തിയ നിബന്ധനകളാകാം ഇതിന് കാരണം. തമിഴ്നാടും കർണാടകവും ചാക്രിക മാറ്റങ്ങൾക്ക് അനുഗുണമായ നയസമീപനമാണ് സ്വീകരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ ധനനയവും ഒട്ടും വ്യത്യസ്തമല്ല. എന്നാൽ കേന്ദ്ര സർക്കാരിന്റെ ചെലവഴിക്കൽ 2019–20

***വായ്പയെടുക്കുന്നതിനുള്ള പരിധി ജി എസ് ഡി പിയുടെ അഞ്ചു ശതമാനമായി ഉയർത്തിയെങ്കിലും ആന്ധ്രപ്രദേശ് ഒഴികെയുള്ള സംസ്ഥാനങ്ങളുടെ കാര്യത്തിൽ ഇത് പ്രായോഗിക തലത്തിൽ പ്രതിഫലിച്ചില്ല. ആന്ധ്രാപ്രദേശിന്റെ കടമെടുപ്പ് ജി എസ് ഡി പിയുടെ 6.3 ശതമാനം എന്ന തോതിലേക്ക് ഉയർന്നിട്ടുണ്ട്.***

**Table 3.** Growth rate of deficits in southern states in 2020 from 2019 (Apr-Oct) (%)

| **Description** | Andhra Pradesh | Karnataka | Kerala | Tamil Nadu | Telangana |
|---|---|---|---|---|---|
| Revenue Deficit | 194.6 | -111.1 | 35.4 | 20.7 | 230.3 |
| Fiscal Deficit | 140.2 | 24291.1 | 34.4 | 18.8 | 57.2 |
| Primary Deficit | 187.1 | -174.6 | 52.7 | 43.6 | 69.5 |

Source: Computed from C&AG

**Table 4.** Deficit and borrowing as percentage of GSDP

| As % GSDP | Actuals upto Oct. 2020 | | | | | Actuals upto Oct. 2019 | | | | |
|---|---|---|---|---|---|---|---|---|---|---|
| Description | Andhra | Karnataka | Kerala | Tamil | Telangana | Andhra | Karnataka | Kerala | Tamil | Telangana |
| Borrowings & Other Liabilities | 6.3 | 1.0 | 3.4 | 1.9 | 2.8 | 2.9 | 0.0 | 2.8 | 1.8 | 2.0 |
| Revenue Deficit | -5.0 | -0.1 | -2.5 | -1.3 | -1.6 | -1.9 | 1.0 | -2.1 | -1.2 | -0.5 |
| Fiscal Deficit | -6.3 | -1.0 | -3.4 | -1.9 | -2.8 | -2.9 | 0.0 | -2.8 | -1.8 | -2.0 |
| Primary Deficit | -5.1 | -0.4 | -2.2 | -1.1 | -1.9 | -2.0 | 0.6 | -1.6 | -0.9 | -1.3 |

Source: Computed from C&AG and RBI, State Finances: A Study of Budget, 2020

**Figure 2.** Comparison of fiscal deficits and fiscal targets




Source: Computed from monthly indicators, C&AG

***കേന്ദ്ര സർക്കാരിന്റെ മൊത്തം അന്തിമ ചെലവുകൾ 2019–20 ലെ 11 .8 ശതമാനത്തിൽ നിന്ന് 2020–21 ൽ 5.8 ശതമാനമായി കുറഞ്ഞിരിക്കുന്നത് ആശങ്കാജനകമാണ്. ചാക്രിക ചലനങ്ങൾക്ക് എതിർ ദിശയിലുള്ള നയസമീപനങ്ങളുടെ അനിവാര്യതയിലേക്കാണ് ഇത് വിരൽചൂണ്ടുന്നത്.***

ലെ 11. 8 ശതമാനത്തിൽ നിന്ന് 2020–21 ൽ 5.8 ശതമാനമായി കുറഞ്ഞിരിക്കുകയാണ്. നികുതി വരുമാനത്തിൽ ഈ കുറവ് പ്രതിഫലിക്കുകയും ചെയ്യുന്നു. അതുകൊണ്ട് സമ്പദ്‌വ്യവസ്ഥയെ തിരികെ നടത്തുന്നതിന് ചാക്രിക ചലനങ്ങൾക്ക് എതിർ ദിശയിലുള്ള നയസമീപനങ്ങൾ സ്വീകരിക്കേണ്ടതിന്റെ അനിവാര്യതയിലേക്കാണ് ഈ കണക്കുകൾ വിരൽ ചൂണ്ടുന്നത്.

■

(പാർമ ചക്രവർത്തി, അസിസ്റ്റന്റ് പ്രഫസർ, അനിതകുമാരി എൽ, അസോസിയേറ്റ് പ്രഫസർ, ഗിഫ്റ്റ്)

## References

Comptroller and Auditor General of India (2019 to 2020). 'S*tate Accounts: Monthly Key Indicators*'. https://cag.gov.in/en/state-accounts-report

Controller General of Accounts (2019 to 2020). '*Monthly accounts*', Ministry of Finance, Government of India: http://www.cga.nic.in/

De, S. (2012), '*Fiscal Policy in India: Trends and Trajectory*'. Department of Economic Affairs, Government of India, January 2012.

Government of India(2021).'Press Note on First Advance Estimates of National Income 2020-21', Ministry of Statistics & Programme Implementation, January 2021.

Government of India, (various years).'*National Accounts Statistics*', Ministry of Statistics & Programme Implementation.

Government of India (2020), '*Public Finance State Division*', DoE, Ministry of Finance, May 2020.

Reserve Bank of Indi (2020). '*State Finances: A Study of State Budgets* ', RBI, Oct 2020: https://www.rbi.org.in/Scripts/AnnualPublications.aspx?head=State%20 Finances %20:%20A%20 Study%20of%20Budgets

Reserve Bank of India (RBI) (Various years).'*Handbook of Statistics on Indian Economy*'.

## Appendix

**TableA1.** First advance estimates of GDP, 2020-21 and growth rates (at 2011- 12 Prices)

| Item | | | (Rs. Crore) | | (%) | |
|---|---|---|---|---|---|---|
| | | | | | Percentage Change Over Previous Year | |
| SL. No | Domestic Product | 2018-19 Actuals | 2019-20 PE | 2020-21 AE | 2019-20 | 2020-21 |
| 1 | GVA at Basic Prices | 12803128 | 13301120 | 12339175 | 3.9 | -7.2 |
| 2 | Net Taxes on Products | 1178298 | 1264831 | 1100487 | 7.3 | -13 |
| 3 | GDP (1+2) | 13981426 | 14565951 | 13439662 | 4.2 | -7.7 |
| 4 | NDP | 12372051 | 12893977 | 11888607 | 4.2 | -7.8 |
| | **Final Expenditures** | | | | | |
| 5 | Private Final Consumption Expenditure (PFCE) | 7908057 | 8325907 | 7537315 | 5.3 | -9.5 |
| 6 | Government Final Consumption Expenditure (GFCE) | 1478565 | 1652367 | 1747876 | 11.8 | 5.8 |
| 7 | Gross Fixed Capital Formation(GFCF) | 4460967 | 4334091 | 3707516 | -2.8 | -14.5 |
| 8 | Change in Stocks (CIS) | 264415 | 269489 | 258023 | 1.9 | -4.3 |
| 9 | Valuables | 169734 | 192629 | 99082 | 13.5 | -48.6 |
| 10 | Discrepancies | 119923 | 89196 | -18195 | -25.6 | 120.4 |
| 11 | Exports | 2922543 | 2817660 | 2584918 | -3.6 | -8.3 |
| 12 | Imports | 3342777 | 3115388 | 2476873 | -6.8 | -20.5 |
| 13 | GDP | 13981426 | 14565951 | 13439662 | 4.2 | -7.7 |
| | **Rates to GDP** | | | | | |
| 14 | Private Final Consumption Expenditure (PFCE) | 56.6 | 57.2 | 56.1 | | |
| 15 | Government Final Consumption Expenditure (GFCE) | 10.6 | 11.30 | 13 | | |
| 16 | Gross Fixed Capital Formation(GFCF) | 31.9 | 29.80 | 27.6 | | |
| 17 | Change in Stocks (CIS) | 1.9 | 1.90 | 1.9 | | |
| 18 | Valuables | 1.2 | 1.30 | 0.7 | | |
| 19 | Discrepancies | 20.9 | 19.30 | 19.2 | | |
| 20 | Exports | 23.9 | 21.4 | 18.4 | | |
| 21 | Imports | 0.9 | 0.6 | -0.1 | | |
| 22 | GDP | 100 | 100 | 100 | | |
| | **Per capita income** | | | | | |
| 23 | Per Capita GDP (Rs ) | 105361 | 108620 | 99155 | 3.1 | -8.7 |

Source: MOSPI, 2021

GULATI INSTITUTE OF FINANCE AND TAXATION

**ടാക്സ് മോണിറ്റർ**

# കേരളത്തിന്റെ ജി എസ് ടി വരുമാനം ദേശീയതലത്തിൽ

എൻ. രാമലിംഗം, സന്തോഷ് കുമാർ ഡാഷ്

വാറ്റ് നികുതി സമ്പ്രദായത്തിൽ നിന്ന് ചരക്ക് സേവന നികുതിയിലേക്കുള്ള (ജി എസ് ടി) മാറ്റത്തിന് നിദാനമായ നിരവധി ഘടകങ്ങളുണ്ട്. ഒന്ന്, വാറ്റിന്റേത് സങ്കീർണമായ ഒരു ഘടനയായിരുന്നു. പ്രവർത്തനക്ഷമത കുറവായതും നികുതിയുടെ ഇരട്ടിക്കൽ കൂടുതലായിരുന്നതും ഇതിന്റെ മറ്റു ദോഷങ്ങളായി പൊതുവെ ചൂണ്ടിക്കാണിക്കപ്പെട്ടിരുന്നു. അതുകൊണ്ട് ജി എസ് ടി നടപ്പാക്കിയത് ധീരമായ ഒരു ചുവടുവയ്പായി വിശേഷിപ്പിക്കപ്പെട്ടു. ഇത് ഇന്ത്യയിലെ പരോക്ഷ നികുതി സമ്പ്രദായത്തെ അടിമുടി പരിഷ്കരിക്കുകയും ചെയ്തു. നികുതിവലയുടെ വൈപുല്യം വർധിക്കൽ, ഇ-ഇൻവോയ്സിങ്, മികച്ച സാങ്കേതിക വിദ്യ തുടങ്ങിയ കാരണങ്ങളാൽ ജി എസ് ടി നടപ്പിലാകുന്നതോടെ സംസ്ഥാനങ്ങളുടെ നികുതി വരുമാനത്തിൽ വർധനയുണ്ടാകുമെന്ന് പ്രതീക്ഷിച്ചിരുന്നു. ഈ പശ്ചാത്തലത്തിൽ ജി എസ് ടി നടപ്പാക്കിയതിന് ശേഷമുള്ള വരുമാനവും സംസ്ഥാനങ്ങളുടെ ജി എസ് ടി – ജി എസ് ഡി പി അനുപാതവുമാണ് ഈ ലേഖനത്തിൽ വിശകലനം ചെയ്യുന്നത്.

2017–18 മുതൽ 2020–21 വരെയുള്ള കാലയളവിലെ 29 സംസ്ഥാനങ്ങളുടെ സ്ഥിതിയാണ് ഇവിടെ അവലോകന വിധേയമാക്കുന്നത്. കോവിഡ് മഹാമാരി സാമ്പത്തിക മേഖലയെ പ്രതികൂലമായി ബാധിച്ചരിക്കുന്നതിനാൽ 2020–21 സാമ്പത്തിക വർഷത്തെ ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. 2017–18 സാമ്പത്തിക വർഷത്തിന്റെ തുടക്കം മുതൽ ജി എസ് ടി നടപ്പാകാതിരുന്നതിനാൽ ആ വർഷത്തെ വരുമാന കണക്കുകൾ വാർഷികാടിസ്ഥാനത്തിൽ കണക്കാക്കിയാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. എട്ടു മാസത്തെ ജി എസ് ടി വരുമാനത്തെ എട്ടായി ഭാഗിച്ച ശേഷം അതിനെ 12 കൊണ്ട് ഗുണിച്ചാണ് ഇത് കണക്കാക്കിയിരിക്കുന്നത്. 29 സംസ്ഥാനങ്ങളിൽ 20 എണ്ണത്തെ ജനറൽ കാറ്റഗറി സംസ്ഥാനങ്ങളായും (ജി സി എസ്) 9 സംസ്ഥാനങ്ങളെ സ്പെഷ്യൽ കാറ്റഗറി സംസ്ഥാനങ്ങളുമായാണ് (എസ് സി എസ്) ഉൾപ്പെടുത്തിയിരിക്കുന്നത്. ഒരു സ്പെഷ്യൽ കാറ്റഗറി സംസ്ഥാനമായ ജമ്മു കാശ്മീരിനെ ഈ വിശകലനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. 2019 ഒക്ടോബർ മാസത്തിൽ ഈ സംസ്ഥാനത്തെ ജമ്മു ആൻഡ് കാശ്മീർ, ലഡാക്ക് എന്നീ രണ്ടു കേന്ദ്ര ഭരണപ്രദേശങ്ങളാക്കി മാറ്റിയതിനാലാണ് ഇത്.

***2018–19, 2019–20 എന്നീ സാമ്പത്തിക വർഷങ്ങളിൽ കേരളത്തിന്റെ ജി എസ് ടി വരുമാനം 6 ശതമാനം വളർച്ച രേഖപ്പെടുത്തി. ഇതേ കാലയളവിൽ അഖിലേന്ത്യാ തലത്തിലെ ശരാശരി വളർച്ച 12.4 ശതമാനമാണ്.***

***മൂന്ന് വർഷത്തെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ ജി എസ് ടി – ജി എസ് ഡി പി അനുപാതം 2.48 ശതമാനമാണ്. അഖിലേന്ത്യാ ശരാശരിയോട് സമാനമാണ് ഇത്.***

ഓരോ സംസ്ഥാനത്തിന്റെയും ജി എസ് ടി വരുമാനത്തിലെ വളർച്ചയുടെ നിരക്കിനെയാണ് ആദ്യം താരതമ്യം ചെയ്യുന്നത്. തുടർന്ന് നികുതി വരുമാനവും ജി എസ് ഡി പിയും തമ്മിലുള്ള അനുപാതവും വിശകലനം ചെയ്യുന്നു. നികുതി ശേഖരണത്തിനായി നടത്തിയ ശ്രമങ്ങളെ അവലോകനം ചെയ്യുന്നതിന് ജി എസ് ടി വരുമാനത്തെ ഗ്രോസ് സ്റ്റേറ്റ് ഡൊമസ്റ്റിക് പ്രൊഡക്ടിന്റെ (ജി എസ് ഡി പി ) അനുപാതം എന്ന നിലയിൽ കണക്കാക്കിയിരിക്കുന്നു. ഒരു സംസ്ഥാനത്തിനകത്തെ മൊത്തം അന്തിമ ഉത്പന്നങ്ങളുടെയും സേവനങ്ങളുടെയും മൂല്യത്തിന്റെ ആകത്തുകയാണ് ജി എസ് ഡി പി. ഇത്തരത്തിലുള്ള ഉത്പന്നങ്ങളുടെയും സേവനങ്ങളുടെയും മേൽ വരുന്ന നികുതി ബാധ്യതയാണ് ജി എസ് ടി. 2018–19 വർഷത്തെ നിലവിലെ വിലയുടെ അടിസ്ഥാനത്തിലുള്ള ജി എസ് ഡി പി കണക്കുകൾ എല്ലാ സംസ്ഥാനങ്ങളുടെ കാര്യത്തിലും ലഭ്യമല്ലാത്തതിനാൽ 2016–17, 2017–18 എന്നീ രണ്ടു വർഷങ്ങളിലെ കണക്കുകൾ മാത്രമാണ് എടുത്തിട്ടുള്ളത്. ജി എസ് ടി വരുമാനമെന്നാൽ സംസ്ഥാന ജി എസ് ടിയുടെ മൊത്തം തുകയും സംയോജിത ജി എസ് ടി ശേഖരണത്തിൽ നിന്നും സംസ്ഥാനങ്ങൾക്ക് ലഭ്യമായ വിഹിതവും ചേർത്തുള്ള തുകയാണ്.

## റവന്യു വരുമാനം, വളർച്ച എന്നിവയുടെ പ്രകടനം

ജനറൽ കാറ്റഗറി പട്ടികയിൽ 20 സംസ്ഥാനങ്ങളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാനങ്ങളുടെ ശരാശരി ജി എസ് ടി വരുമാനമെടുത്താൽ മഹാരാഷ്ട്ര, ഉത്തർപ്രദേശ്, കർണാടക, തമിഴ്നാട്, ഗുജറാത്ത് എന്നീ അഞ്ചു സംസ്ഥാനങ്ങളാണ് മുൻപന്തിയിൽ നിൽക്കുന്നത്. ഒഡിഷ, ആസാം, ജാർഖണ്ഡ്, ഛത്തീസ്ഗഡ്, ഗോവ എന്നീ സംസ്ഥാനങ്ങൾ ഏറ്റവും താഴെ തട്ടിലുമാണെന്ന് കാണാം (പട്ടിക–1 കാണുക). 18375 കോടി രൂപയുടെ ശരാശരി വരുമാനവുമായി കേരളം പട്ടികയിൽ പത്താം സ്ഥാനത്ത് നിലകൊള്ളുന്നു. 2018–19, 2019–20 എന്നീ വർഷങ്ങളിലെ ജി എസ് ടി വരുമാനത്തിലെ വളർച്ച പരിശോധിക്കുമ്പോൾ ബീഹാർ, ആസാം, ജാർഖണ്ഡ്, ഒഡിഷ, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളാണ് ഏറ്റവും ഉയർന്ന വളർച്ച രേഖപ്പെടുത്തിയിരിക്കുന്നത്. മഹാരാഷ്ട്ര, ഗുജറാത്ത്, തമിഴ്നാട്, കേരളം, ഡൽഹി എന്നീ സംസ്ഥാനങ്ങൾ ഇക്കാര്യത്തിൽ പട്ടികയിൽ ഏറ്റവും താഴെ നിൽക്കുന്നു. കേരളത്തിന്റെ ഇക്കാര്യത്തിലുള്ള വളർച്ചാ നിരക്ക് ആറ് ശതമാനത്തിന് ചുറ്റിലുമാണ് എന്ന് കാണാം. താരതമ്യേന പിന്നോക്കം നിൽക്കുന്ന സംസ്ഥാനങ്ങൾ മികച്ച വളർച്ച പ്രകടമാക്കിയപ്പോൾ സമ്പന്ന സംസ്ഥാനങ്ങൾ ജി എസ് ടി വരുമാന വളർച്ചയിൽ കുറഞ്ഞ തോതാണ് രേഖപ്പെടുത്തിയത്. ഐ ജി എസ് ടി വരുമാനത്തിൽ പ്രകടമായ ഉയർന്ന വളർച്ചാ നിരക്കാണ് പിന്നോക്ക സംസ്ഥാനങ്ങളുടെ വരുമാന വളർച്ചക്ക് കാരണമായത്. ഉദാഹരണത്തിന് ബീഹാർ, ആസാം, ജാർഖണ്ഡ്, ഒഡിഷ, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളുടെ 2018–19, 2019–20 എന്നീ വർഷങ്ങളിലെ ഐ ജി എസ് ടി വരുമാനത്തിലെ ശരാശരി വളർച്ച യഥാക്രമം 29 ശതമാനം, 22. 2 ശതമാനം, 19 ശതമാനം, 18.9 ശതമാനം, 17.1 ശതമാനം എന്നിങ്ങനെ യായിരുന്നു.

***കേരളത്തിന്റെ പ്രതിശീർഷ ഉപഭോഗം ഇന്ത്യയിലെ തന്നെ ഏറ്റവും ഉയർന്ന തോതിലാണെങ്കിലും ശരാശരി വാർഷിക ജി എസ് ടി വരുമാനത്തിന്റെ കാര്യത്തിൽ സംസ്ഥാനം അഖിലേന്ത്യാ ശരാശരിക്കും താഴെയാണ്.***

### സ്പെഷ്യൽ കാറ്റഗറി സംസ്ഥാനങ്ങൾ

സ്പെഷ്യൽ കാറ്റഗറിയിൽ പെടുന്ന ഒൻപത് സംസ്ഥാനങ്ങളെടുത്താൽ ജി എസ് ടി–ജി എസ് ഡി പി അനുപാതം 1.4 ശതമാനം (സിക്കിം) മുതൽ 2.4 ശതമാനം (മണിപ്പൂർ, അരുണാചൽ പ്രദേശ്) വരെയാണെന്ന് കാണാം. 1.96 ശതമാനമാണ് ശരാശരി അനുപാതം. മേഘാലയം, നാഗാലാൻഡ്, എന്നീ സംസ്ഥാനങ്ങൾ ശരാശരി നികുതി വരുമാനത്തിലും അനുപാതത്തിലും ഏറെക്കുറെ ഒരേ തോതിൽ തുടരുന്നതായി കാണാം. ജി എസ് ടി വരുമാന കാര്യത്തിൽ ഉത്തരാഖണ്ഡ് ഒന്നാം സ്ഥാനത്താണെങ്കിലും ജി എസ് ടി– ജി എസ് ഡി പി അനുപാതത്തിൽ ഏഴാമതാണെന്ന് കാണാം.

### കേരളം എവിടെ നിൽക്കുന്നു ?

ജനറൽ കാറ്റഗറി സംസ്ഥാനങ്ങളുടെ കൂട്ടത്തിലാണ് കേരളം ഉൾപ്പെടുന്നത്. സംസ്ഥാനത്തിന്റെ ജി എസ് ടി വരുമാന റാങ്കും (പത്താം സ്ഥാനം) ജി എസ് ടി– ജി എസ് ഡി പി അനുപാത റാങ്കും (ഒമ്പതാം റാങ്ക്) ഏറെക്കുറെ സമാനമാണെന്ന് കാണാം. ജി എസ് ടി–ജി എസ് ഡി പി അനുപാതമാകട്ടെ 20 സംസ്ഥാനങ്ങളുടേതുമായി ഒത്തുപോകുന്നുണ്ട് (2.48 ശതമാനം). പ്രതിശീർഷ ഉപഭോഗത്തിന്റെ കാര്യത്തിൽ കേരളം ഒന്നാം നിരയിൽ സ്ഥാനം (എൻ എസ് എസ് അറുപത്തിയെട്ടാം റൌണ്ട്) പിടിക്കുന്നുണ്ടെങ്കിലും, മൂന്ന് വർഷക്കാലത്തെ ശരാശരി ജി എസ് ടി വരുമാനം 18374.8 കോടി രൂപയാണ്. ഇത് ജനറൽ കാറ്റഗറി സംസ്ഥാനങ്ങളുടെ ശരാശരിയായ 21881.2 കോടി രൂപയിലും താഴെയാണ്. 2017–18 സാമ്പത്തിക വർഷത്തിൽ കേരളത്തിന്റെ ജി എസ് ടി വരുമാനം 17348.7 കോടി രൂപയും (വാർഷികാടിസ്ഥാനത്തിൽ) 2018 19 ൽ 18385.2 കോടി രൂപയും 2019 –20 ൽ 19390.1 കോടി രൂപയുമാണ്. എസ് ജി എസ് ടി, ഐ ജി എസ് ടി എന്നീ രണ്ടു വിഭാഗങ്ങൾ പരിഗണിക്കുമ്പോൾ മൊത്തം ജി എസ് ടി വരുമാനത്തിന്റെ 54 ശതമാനവും ഐ ജി എസ് ടി യിൽ നിന്നാണെന്ന് കാണാം. ഇക്കാര്യത്തിൽ 20 സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ കേരളം രണ്ടാം സ്ഥാനത്താണ്. എന്നാൽ എസ് ജി എസ് ടി വിഹിതമെടുക്കുമ്പോൾ കേരളത്തിന്റെ സ്ഥാനം പത്തൊമ്പതാമതാണ്. ജി എസ് ഡി പിയിലെ എസ് ജി എസ് ടി വിഹിതത്തിന്റെ പങ്ക് നോക്കുമ്പോൾ 1.17 ശതമാനം മാത്രമാണെന്ന് കാണാം. ഇക്കാര്യത്തിലെ 20 സംസ്ഥാനങ്ങളുടെ ശരാശരി 1.49 ശതമാനമാണ്. എന്നാൽ ഐ ജി എസ് ടി വിഹിതത്തിന്റെ കണക്കിൽ കേരളം 1.31 ശതമാനമെന്ന ഉയർന്ന തോതിലാണ്. ഇക്കാര്യത്തിൽ 20 സംസ്ഥാനങ്ങളുടെ ശരാശരി 0.99 ശതമാനമാണ്. എസ് ജി എസ് ടി–ജി എസ് ഡി പി അനുപാതത്തിന്റെ കാര്യത്തിൽ കേരളം പതിനാറാം സ്ഥാനത്ത് നിലകൊള്ളുമ്പോൾ ഐ ജി എസ് ടി – ജി എസ് ഡി പി അനുപാതത്തിന്റെ കാര്യത്തിൽ മൂന്നാം സ്ഥാനത്താണ്.

എസ് ജി എസ് ടി , ഐ ജി എസ് ടി എന്നിവയുടെ കാര്യത്തിൽ വരുമാനം ഉയർത്തുന്ന കാര്യത്തിൽ കേരളം കാര്യമായ ശ്രമം നടത്തേണ്ടിയിരിക്കുന്നു. സംസ്ഥാന സർക്കാർ അതിന്റെ മധ്യകാല ധനനയത്തിൽ ജി എസ് ടി ഭരണ നിർവഹണം മെച്ചപ്പെടുത്തുന്ന കാര്യത്തിൽ ഒരു റോഡ് മാപ്പിന് രൂപം കൊടുത്തിട്ടുണ്ട്. ജി എസ് ടി റിട്ടേൺ പരിശാധന, ഓഡിറ്റ്, വാഹന പരിശോധന ഉൾപ്പടെയുള്ള നടപടികൾ ഊർജ്ജിതമാക്കൽ, ടെസ്റ്റ് പർച്ചേസ്, ഇ വേ ബിൽ

പരിശോധന, വ്യാപാര സ്ഥാപനങ്ങളിലെ പരിശോധന എന്നിവ മുതൽ വ്യക്തമായ കേസുകളിൽ അറസ്റ്റ് ഉൾപ്പടെയുള്ള കാര്യങ്ങൾ ഇതിൽ ഉൾപ്പെടുന്നു. അടുത്ത മൂന്ന് വർഷത്തേക്കാണ് ഇത് നടപ്പാക്കുക. ഇ ഇൻവോയ്സിങ് അടക്കമുള്ള ക്രിയാത്മക നടപടികൾ കേരളത്തിന് വലിയ നേട്ടം നൽകുമെന്ന് പ്രതീക്ഷിക്കുന്നുണ്ട്. ഇത്തരം നടപടികൾ വഴിയായി 2017 ലെ ജി എസ് ടി നഷ്ടപരിഹാര നിയമത്തിൽ പറയുന്ന പ്രകാരത്തിലുള്ള വരുമാനം കേരളത്തിന് ഉറപ്പ് വരുത്താൻ കഴിയും. അതുവഴി 2023–24 വർഷത്തോടെ നഷ്ടപരിഹാര വലയത്തിൽ നിന്ന് പുറത്തു കടക്കാൻ കേരളത്തിനാകുമെന്നും ന്യായമായും അനുമാനിക്കാം.

■

(ഡോ. എൻ . രാമലിംഗം, അസോസിയേറ്റ് പ്രഫസർ, ഡോ. സന്തോഷ് കുമാർ ഡാഷ്, അസിസ്റ്റന്റ് പ്രഫസർ, ഗിഫ്റ്റ്)

**Table 1.** Total GST revenue collection, growth, and GST-GSDP ratio

| State | (Rs Crores) | | | Average | AR** | (Rs Crores) | GST/ GSDP | Rank | (Percent Change) | | RD*** |
|---|---|---|---|---|---|---|---|---|---|---|---|
| | 2017-18* | 2018-19 | 2019-20 | | | GSDP | | | 2018-19 | 2019-20 | |
| *General category states* | | | | | | | | | | | |
| Bihar | 9292 | 13240 | 15301 | 12611 | 14 | 499555 | 2.52 | 6 | 42.5 | 15.6 | 8 |
| Assam | 5724 | 7428 | 8521 | 7225 | 17 | 299523 | 2.41 | 12 | 29.8 | 14.7 | 5 |
| Jharkhand | 5766 | 7159 | 8153 | 7026 | 18 | 283510 | 2.48 | 8 | 24.2 | 13.9 | 10 |
| Odisha | 9220 | 10588 | 13008 | 10938 | 16 | 466373 | 2.35 | 14 | 14.8 | 22.9 | 2 |
| Madhya Pradesh | 13721 | 16965 | 18768 | 16484 | 13 | 767160 | 2.15 | 20 | 23.6 | 10.6 | -7 |
| Andhra Pradesh | 15353 | 18559 | 19780 | 17898 | 11 | 828072 | 2.16 | 19 | 20.9 | 6.6 | -8 |
| Uttar Pradesh | 35992 | 41183 | 46407 | 41194 | 2 | 1564336 | 2.63 | 3 | 14.4 | 12.7 | -1 |
| Rajasthan | 17158 | 20552 | 21619 | 19777 | 8 | 888878 | 2.22 | 18 | 19.8 | 5.2 | -10 |
| Telangana | 18553 | 21412 | 23411 | 21126 | 7 | 807079 | 2.62 | 4 | 15.4 | 9.3 | 3 |
| West Bengal | 21450 | 24104 | 26884 | 24146 | 6 | 1032299 | 2.34 | 15 | 12.4 | 11.5 | -9 |
| Chhattisgarh | 6096 | 7023 | 7625 | 6914 | 19 | 289052 | 2.39 | 13 | 15.2 | 8.6 | 6 |
| Karnataka | 34099 | 37017 | 42175 | 37764 | 3 | 1450989 | 2.60 | 5 | 8.6 | 13.9 | -2 |
| Haryana | 15274 | 16567 | 18855 | 16899 | 12 | 691877 | 2.44 | 10 | 8.5 | 13.8 | 2 |
| Punjab | 10902 | 11218 | 12699 | 11606 | 15 | 498605 | 2.33 | 16 | 2.9 | 13.2 | -1 |
| Goa | 2053 | 2202 | 2393 | 2216 | 20 | 71261 | 3.11 | 1 | 7.3 | 8.7 | 19 |
| Maharashtra | 72357 | 76004 | 82966 | 77109 | 1 | 2507681 | 3.07 | 2 | 5.0 | 9.2 | -1 |
| Gujarat | 30480 | 32030 | 34721 | 32410 | 5 | 1415997 | 2.29 | 17 | 5.1 | 8.4 | -12 |
| Tamil Nadu | 35406 | 36925 | 40142 | 37491 | 4 | 1547629 | 2.42 | 11 | 4.3 | 8.7 | -7 |
| Kerala | 17349 | 18385 | 19390 | 18375 | 10 | 741615 | 2.48 | 9 | 6.0 | 5.5 | 1 |
| Delhi | 19336 | 16718 | 19193 | 18416 | 9 | 730847 | 2.52 | 7 | -13.5 | 14.8 | 2 |
| **Average** | | | | **21881** | | **869117** | **2.48** | | **13.4** | **11.4** | |
| ***Special category states*** | | | | | | | | | | | |
| Arunachal Pradesh | 319 | 559 | 792 | 557 | 6 | 23518 | 2.37 | 2 | 74.9 | 41.8 | 4 |
| Nagaland | 265 | 428 | 603 | 432 | 7 | 25887 | 1.67 | 8 | 61.5 | 40.9 | -1 |
| Mizoram | 243 | 424 | 524 | 397 | 8 | 19130 | 2.07 | 4 | 74.6 | 23.8 | 4 |
| Manipur | 430 | 638 | 839 | 636 | 5 | 26829 | 2.37 | 1 | 48.3 | 31.4 | 4 |
| Sikkim | 273 | 367 | 472 | 371 | 9 | 27347 | 1.36 | 9 | 34.6 | 28.4 | 0 |
| Meghalaya | 522 | 702 | 883 | 702 | 4 | 31494 | 2.23 | 3 | 34.5 | 25.9 | 1 |
| Tripura | 667 | 849 | 994 | 837 | 3 | 46781 | 1.79 | 6 | 27.3 | 17.1 | -3 |
| Himachal Pradesh | 2511 | 2844 | 3483 | 2946 | 2 | 146098 | 2.02 | 5 | 13.2 | 22.5 | -3 |
| Uttarakhand | 3591 | 4074 | 4795 | 4153 | 1 | 234365 | 1.77 | 7 | 13.4 | 17.7 | -6 |
| **Average** | | | | **1226** | | **64606** | **1.96** | | **42.5** | **27.7** | 4 |

*Notes*: *2017-18 is annualized. **AR: Average Rank. *** RD: Rank Difference: Difference between the rank of average GSDP and rank of GST-GSDP ratio.

## പ്രൈസ് മോണിറ്റർ

# മഹാമാരിയും വിലനിയന്ത്രണവും

പി. എസ് രഞ്ജിത്ത്, കിരൺകുമാർ കക്കർലപുടി

കോവിഡ് മഹാമാരി പടർന്നതിനെ തുടർന്ന് ലോകമെമ്പാടും ഭക്ഷ്യ വസ്തുക്കളുടെ വിലയിൽ വർധന പ്രകടമായിട്ടുണ്ട്. ധാന്യങ്ങൾ, എണ്ണക്കുരുക്കൾ, പാലുല്പന്നങ്ങൾ, മാംസം, പഞ്ചസാര എന്നിവയെ അടിസ്ഥാനപ്പെടുത്തിയുള്ള എഫ് എ ഒയുടെ പ്രതിമാസ ഭക്ഷ്യ വില സൂചിക 2020 ഡിസംബർ വരെയുള്ള തുടർച്ചയായ ഏഴു മാസങ്ങളിൽ കുത്തനെയുള്ള വർധന പ്രകടമാക്കിയതായി കാണാം. 2014 നു ശേഷമുള്ള ഏറ്റവും ഉയർന്ന നിലയാണ് സൂചിക രേഖപ്പെടുത്തിയത്. സാധാരണ കാലഘട്ടത്തിൽ പോലും ഇന്ത്യയെ പോലുള്ള രാജ്യങ്ങളിൽ എല്ലാ ജന വിഭാഗങ്ങൾക്കും പോഷക മൂല്യമുള്ള ഭക്ഷണം ലഭ്യമാക്കുക എന്നത് ഒരു വെല്ലുവിളിയാണ്. കോവിഡ് മൂലമുണ്ടായിരിക്കുന്ന ഈ വിലക്കയറ്റം ഭക്ഷ്യ പോഷകങ്ങളുടെ കാര്യത്തിലെ പ്രതിസന്ധി കൂടുതൽ രൂക്ഷമാക്കുമെന്ന് മാത്രമല്ല, ശാരീരികവും മാനസികവുമായ ആരോഗ്യത്തിന്റെ കാര്യത്തിൽ ദൂരവ്യാപകമായ പ്രത്യാഘാതത്തിന് ഇടയാക്കുകയും ചെയ്യും (ഹീഡി 2020). എന്നാൽ ഈ ലേഖകർ നടത്തിയ പഠനം വ്യക്തമാക്കുന്നത് കോവിഡ് കാലത്ത് ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ഭിന്നമായി കേരളത്തിൽ ഭക്ഷ്യ സാധനങ്ങളുടെ വില താരതമ്യേന കുറച്ചു നിർത്താൻ കഴിഞ്ഞുവെന്നാണ്. നയപരമായ ക്രിയാത്മകമായ ഇടപെടൽ വഴിയാണ് ഇത് സാധ്യമായത്.

പൊതുവായ ചില പ്രവണതകൾ പരിശോധിക്കുന്നതിനപ്പുറം ഈ പഠനം കോവിഡിന് മുൻപും കോവിഡ് കാലത്തും ഭക്ഷ്യ വസ്തുക്കളുടെ വിലയിലുണ്ടായ മാറ്റം അവലോകനം ചെയ്യുന്നു. ഏതെല്ലാം സാധനങ്ങളുടെ വിലയിലാണ് വലിയ തോതിലുള്ള വ്യതിയാനം ഉണ്ടായത് എന്ന് മനസിലാക്കുന്നതിന് ഇത് സഹായകരമാകുമെന്ന് കരുതുന്നു. ഇതിനു പുറമെ ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്ന സാധനങ്ങളെയും ഇറക്കുമതി ചെയ്യുന്ന ഉത്പന്നങ്ങളെയും വെവ്വേറെ പരിശോധിക്കുന്നു. കോവിഡ് മൂലമുണ്ടായ നിയന്ത്രണങ്ങൾ ഉല്പാദനത്തെയും വിതരണത്തെയും എപ്രകാരം ബാധിച്ചുവെന്നതിന്റെ അടിസ്ഥാനത്തിലാണ് ഇത് . എം ഒ എസ് പി ഐ മാസം തോറും പ്രസിദ്ധപ്പെടുത്തുന്ന 12 ഭക്ഷ്യ സാധനങ്ങളുടെയും പാനീയങ്ങളുടെയും വിലയെ ആധാരമാക്കിയുള്ള ഉപഭോക്തൃ വില സൂചികയാണ് ഇതിനായി തിരഞ്ഞെടുത്തിരിക്കുന്നത്. 2020 നവംബർ മാസം വരെയുള്ള സൂചികയാണ് ലഭ്യമായിട്ടുള്ളത്. കോവിഡിന്റെ സാഹചര്യം മൂലം 2020 മാർച്ച് മാസം മുതൽ ജൂലൈ വരെയുള്ള മാസങ്ങളിലെ വില സംബന്ധമായ സംസ്ഥാനാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമല്ല. അതുകൊണ്ട് 2020 ആഗസ്റ്റ് മുതൽ നവംബർ വരെയുള്ള മാസങ്ങളിലെ സ്ഥിതി കോവിഡിന് മുൻപുള്ള 2019 ആഗസ്റ്റ് മുതൽ നവംബർ വരെയുള്ള മാസങ്ങളുമായി താരതമ്യം ചെയ്യുകയാണ്. സംസ്ഥാന സർക്കാരിന്റെ ഇക്കണോമിക്സ്

ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് തയാറാക്കുന്ന വിലനിലവാര ബുള്ളറ്റിനിൽ നിന്നും വിവിധ ഉത്പന്നങ്ങളുടെ വില സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചിരുന്നു. സുഗന്ധ വ്യഞ്ജനങ്ങളുടെ വില കമ്മോഡിറ്റി ബോർഡിൽ നിന്നുമെടുത്തിരിക്കുന്നു.

### ഭക്ഷ്യവസ്തുക്കളുടെ വില കോവിഡിന് മുൻപ്

ഈ ലേഖകർ മുൻപ് ചൂണ്ടികാണിച്ചതുപോലെ (2020) കോവിഡിന് മുൻപ് കേരളത്തിൽ തമിഴ്നാട് ഒഴിച്ചുള്ള സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഭക്ഷ്യ സാധനങ്ങൾക്കും പാനീയങ്ങൾക്കും വില പൊതുവെ കൂടുതലായിരുന്നു. 2019 ആഗസ്റ്റ് മുതൽ നവംബർ വരെയുള്ള മാസങ്ങളിൽ ഭക്ഷ്യ വസ്തുക്കളുടെയും പാനീയങ്ങളുടെയും വിലയിൽ കേരളത്തിൽ പ്രകടമായ ശരാശരി വളർച്ച 6.9 ശതമാനമായിരുന്നു. എന്നാൽ ദേശീയാടിസ്ഥാനത്തിൽ ഇത് 5.8 ശതമാനമായിരുന്നു. തമിഴ്നാട് (7.8 ശതമാനം) ഒഴികെയുള്ള എല്ലാ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലും വിലക്കയറ്റം കേരളത്തേക്കാൾ കുറവായിരുന്നുവെന്ന് കാണാം. 12 ഉത്പന്നങ്ങളുടെ ചില്ലറ വില്പന വിലയെ അടിസ്ഥാനമാക്കി നോക്കിയാൽ എട്ട് സാധനങ്ങളുടെ വിലയിൽ കേരളത്തിൽ അഖിലേന്ത്യടിസ്ഥാനത്തിലുള്ളതിനേക്കാൾ ഉയർന്ന വർധന രേഖപ്പെടുത്തിയതായി കാണാം. എന്നാൽ മുട്ട, പഴവർഗ്ഗങ്ങൾ, എണ്ണ, നെയ്യ് , ആൽക്കഹോൾ ഇതര പാനീയങ്ങൾ എന്നിവയുടെ കാര്യത്തിൽ അഖിലേന്ത്യ തലത്തേക്കാളും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ചും കുറഞ്ഞ വളർച്ച നിരക്കാണ് കേരളം പ്രകടമാക്കിയത് (പട്ടിക-1). ധാന്യങ്ങളുടെ കാര്യത്തിൽ കർണാടകം (4.7 ശതമാനം) കേരളത്തേക്കാൾ (3.1 ശതമാനം) വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആന്ധ്രപ്രദേശും തെലങ്കാനയും കുറഞ്ഞ വളർച്ചയാണ് രേഖപ്പെടുത്തിയത്. ഏറ്റവും ഉയർന്ന വർധന രേഖപ്പെടുത്തിയ ഇനം പച്ചക്കറിയാണ്. മാംസം, മൽസ്യം, പയർ, പരിപ്പ് വർഗ്ഗങ്ങൾ

**Table 1.** Consumer price changes in Kerala and the other southern states before the pandemic (August to November 2019 in %)

| | Kerala | Andhra Pradesh | Karnataka | Tamil Nadu | Telangana | All India |
|---|---|---|---|---|---|---|
| Cereals and products | 3.1 | -0.7 | 4.7 | 2.1 | 0.6 | 2.2 |
| Egg | 1.2 | 10.0 | 5.3 | 8.5 | 3.6 | 4.0 |
| Fruits | -3.4 | -0.2 | 2.0 | 4.3 | -0.1 | 1.8 |
| Meat and fish | 16.8 | 12.0 | 10.2 | 10.0 | 11.1 | 9.5 |
| Milk and products | 3.5 | -0.9 | 0.1 | 7.0 | -0.6 | 2.4 |
| Non-alcoholic beverages | 1.8 | -0.4 | 3.4 | 5.2 | 2.8 | 2.5 |
| Oils and fats | 0.9 | 4.1 | 3.2 | 3.5 | 2.1 | 1.6 |
| Prepared meals; snacks; sweets etc. | 3.7 | -2.6 | 1.6 | 3.0 | 2.1 | 2.1 |
| Pulses and products | 12.7 | 16.0 | 15.5 | 13.4 | 5.6 | 10.3 |
| Spices | 9.2 | 1.7 | 4.5 | 2.7 | 1.2 | 3.4 |
| Sugar and confectionery | 2.0 | -0.7 | 0.9 | -0.9 | -8.8 | 0.1 |
| Vegetables | 22.1 | 29.8 | 29.0 | 29.5 | 12.3 | 21.1 |
| Food and beverages | 6.9 | 5.0 | 6.6 | 7.8 | 3.8 | 5.8 |

Source: Author's construction using CPI data available at http://164.100.34.62:8080/Default1.aspx

***കോവിഡ് മഹാമാരിക്ക് മുൻപുള്ള ഘട്ടത്തിൽ എട്ട് ഭക്ഷ്യോത്പന്നങ്ങളുടെ വില കേരളത്തിൽ അഖിലേന്ത്യാ ശരാശരിയെക്കൾ ഉയർന്ന വളർച്ചാതോത് രേഖപ്പെടുത്തിയിരുന്നു. എന്നാൽ കോവിഡ് കാലത്ത് സംഭവിച്ചത് ഇതിന് നേർവിപരീതമാണ്. അപ്പോൾ ഈ എട്ടു സാധനങ്ങളുടെ വിലക്കയറ്റം സംസ്ഥാനത്ത് അഖിലേന്ത്യ ശരാശരിയേക്കാൾ താഴെയായിരുന്നു.***

എന്നിവ തൊട്ടടുത്ത സ്ഥാനങ്ങളിൽ നിൽക്കുന്നു. ദേശീയ ശരാശരിയുമായി തട്ടിച്ചു നോക്കുമ്പോൾ കേരളത്തിൽ പച്ചക്കറി വില കൂടുതലായിരുന്നു (22 .1 ശതമാനം). 21 .1 ശതമാനമാണ് ദേശീയ ശരാശരി. എന്നാൽ ആന്ധ്രപ്രദേശ്, കർണ്ണാടക, തെലങ്കാന എന്നീ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിൽ വിലക്കയറ്റം താരതമ്യേന കുറവായിരുന്നുവെന്ന് വിലയിരുത്താൻ കഴിയും. മാംസം, മൽസ്യം, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയുടെ വിലകളെ കേരളവും അഖിലേന്ത്യ തലവുമായി താരതമ്യം ചെയ്യുമ്പോൾ ആറ് ശതമാനം വ്യത്യാസം പ്രകടമാകുന്നുണ്ട്. എൻ എസ് എസിന്റെ ഉപഭോക്തൃ ചെലവഴിക്കൽ പരിശോധിക്കുമ്പോൾ മാംസം, മൽസ്യം എന്നിവയുടെ പ്രതിശീർഷ ഉപഭോഗം കേരളത്തിൽ കൂടുതലാണെന്ന് കാണാം.

### ഭക്ഷ്യവസ്തുക്കളുടെ വില കോവിഡ് കാലത്ത്

കോവിഡിന് മുൻപും കോവിഡ് പടർന്നപ്പോഴും എന്നിങ്ങനെ രണ്ടു ഘട്ടങ്ങളായി വിശകലനം ചെയ്യുമ്പോൾ സ്വാഭാവികമായും കോവിഡ് കാലത്ത് വില മുന്നേറ്റം പ്രകടമായിരുന്നു എന്നു കാണാൻ കഴിയും. അഖിലേന്ത്യാടിസ്ഥാനത്തിൽ ഭക്ഷ്യവസ്തുക്കളുടെ വിലയിൽ കോവിഡിന് മുൻപ്

**Table 2.** Consumer price changes in Kerala and the other southern states during the pandemic (August to November 2020 in %)

| | Kerala | Andhra Pradesh | Karnat-aka | Tamil Nadu | Telan-gana | All India |
|---|---|---|---|---|---|---|
| Cereals and products | 2.0 | 4.3 | 2.6 | 4.5 | 3.2 | 4.1 |
| Egg | 18.6 | 24.2 | 16.1 | 20.6 | 19.0 | 16.9 |
| Fruits | -0.2 | 0.1 | 1.5 | 4.7 | 0.1 | 1.2 |
| Meat and fish | 11.5 | 34.6 | 21.6 | 24.6 | 28.5 | 17.3 |
| Milk and products | 6.3 | 9.4 | 4.1 | 7.2 | 12.3 | 5.5 |
| Non-alcoholic beverages | 3.6 | 5.2 | 5.3 | 5.3 | 6.8 | 7.7 |
| Oils and fats | 4.4 | 20.4 | 12.6 | 15.2 | 21.6 | 14.7 |
| Prepared meals; snacks; sweets etc. | 4.1 | 3.7 | 2.0 | 5.7 | 4.2 | 4.2 |
| Pulses and products | 20.1 | 13.1 | 15.1 | 20.0 | 17.2 | 16.3 |
| Spices | 11.3 | 17.7 | 13.3 | 14.3 | 19.6 | 11.5 |
| Sugar and confectionery | 3.5 | 9.0 | 1.6 | 2.6 | 6.8 | 2.2 |
| Vegetables | 2.3 | 9.8 | 6.5 | 7.3 | 13.7 | 17.5 |
| Food and beverages | 5.7 | 11.2 | 6.8 | 9.7 | 12.3 | 9.2 |

Source: same as Table 1

ഉണ്ടായിരുന്ന വർധന 5.8 ശതമാനമായിരുന്നു. കോവിഡ് കാലത്ത് ഇത് 9.2 ശതമാനമായി കുതിച്ചുയർന്നു. പഴവർഗ്ഗങ്ങൾ ഒഴിച്ച് നിർത്തിയാൽ എല്ലാത്തരം ഭക്ഷ്യവിഭവങ്ങളുടെയും വില ഉയർന്ന തട്ടിലായിരുന്നു. പണപ്പെരുപ്പ നിരക്ക് ഏറ്റവും രൂക്ഷമായത് പച്ചക്കറികളുടെ കാര്യത്തിലായിരുന്നു (17.5 ശതമാനം). മൽസ്യം , മാംസം എന്നിവയുടെ നിരക്ക് 17.3 ശതമാനവും മുട്ട, പരിപ്പ് വർഗ്ഗങ്ങൾ എന്നിവയുടെ നിരക്ക് 16 ശതമാനമായും ഭക്ഷ്യ എണ്ണകളുടേത് 14.7 ശതമാനമായും ഉയർന്നു (പട്ടിക–2 കാണുക).

എന്നാൽ ഇതിൽ നിന്നും തികച്ചും വ്യത്യസ്തമായ ചിത്രമാണ് കേരളത്തിൽ കണ്ടത്. മഹാമാരിക്ക് മുൻപ് സംസ്ഥാനത്ത് ഒമ്പത് ഭക്ഷ്യ ഉത്പന്നങ്ങളുടെ കാര്യത്തിൽ ഉയർന്ന പണപ്പെരുപ്പ നിരക്കാണ് നിലനിന്നിരുന്നത്. ഇത് പക്ഷെ, കോവിഡ് കാലത്ത് നേരെ തിരിച്ചാണ് നീങ്ങിയത്. അഖിലേന്ത്യാതലത്തിൽ നിന്ന് വിഭിന്നമായി ഭക്ഷ്യവിഭവങ്ങൾ, പാനീയങ്ങൾ എന്നിവയുടെ കാര്യത്തിൽ പ്രകടമായ വിലവർധന കേരളത്തിൽ ഉണ്ടായില്ല. മഹാമാരിയുടെ ഘട്ടത്തിൽ ധാന്യങ്ങൾ, പഴങ്ങൾ, പച്ചക്കറികൾ എന്നിവയുടെ കാര്യത്തിൽ പണപ്പെരുപ്പ നിരക്ക് കുറഞ്ഞതോതിലായിരുന്നു. മറ്റു ഇനങ്ങളുടെ കാര്യത്തിൽ മറിച്ചായിരുന്നു സ്ഥിതി. ഇതര ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഭക്ഷ്യ ധാന്യങ്ങളുടെയും അനുബന്ധ ഉത്പന്നങ്ങളുടെയും ഏറ്റവും കുറഞ്ഞ പണപ്പെരുപ്പ നിരക്ക് കേരളത്തിലായിരുന്നു എന്ന് കാണാൻ

**Figure 1.** Changes in consumer prices of largely imported goods in Kerala during the pandemic (in %)




Source: Author's construction using price bulletin (various issues) available at ecostate.kerala.gov.in Indiaspices.com, indiacoffee.org

***സമയോചിതമായ ഇടപെടൽ വഴിയായി സംസ്ഥാനത്തേക്ക് ഇറക്കുമതി ചെയ്യുന്നതും അല്ലാത്തതുമായ ഭക്ഷ്യ ഉത്പന്നങ്ങളുടെ വില മഹാമാരിയുടെ ഘട്ടത്തിൽ നിയന്ത്രിച്ചു നിർത്താൻ കഴിഞ്ഞു. എന്നാൽ ലോക്ക് ഡൌൺ വിപണന ശ്രിംഖലയെ പ്രതികൂലമായി ബാധിച്ചതിനാൽ ചില ഉത്പന്നങ്ങളുടെ വിലയിൽ കാര്യമായ വർധന ഉണ്ടായിട്ടുണ്ട്.***

കഴിയും. ഒരു കാര്യം പ്രത്യേകം എടുത്ത് പറയേണ്ടതുണ്ട്. സംസ്ഥാനത്ത് പച്ചക്കറികളുടെ രംഗത്തെ പണപ്പെരുപ്പ നിരക്ക് കോവിഡ് കാലത്ത് 2.3 ശതമാനം കണ്ട് കുറഞ്ഞ് 22.1 ശതമാനത്തിലെത്തി എന്നതാണ് അത്. ഭക്ഷ്യ കിറ്റുകളുടെ വിതരണം അടക്കമുള്ള നടപടികളും കോവിഡ് കാലത്ത് വീടുകളിൽ പച്ചക്കറി കൃഷി കാര്യമായി പ്രോത്സാഹിപ്പിച്ചതും ഇതിന് കാരണമാണ്. എന്നാൽ മുട്ട, പരിപ്പ് വർഗ്ഗങ്ങൾ എന്നിവയുടെ കാര്യത്തിൽ സംസ്ഥാനത്ത് വിലക്കയറ്റം രൂക്ഷമായിരുന്നുവെന്ന് കാണാം.

## വിലമാറ്റം ആഭ്യന്തരമായി ഉല്പാദിപ്പിച്ചതും ഇറക്കുമതി ചെയ്തതുമായ ഉത്പന്നങ്ങളുടെ കാര്യത്തിൽ

കേരളം പൊതുവിൽ ഇറക്കുമതിയായി എത്തുന്ന ഉത്പന്നങ്ങളെ ആശ്രയിച്ച് നീങ്ങുന്ന ഒരു സംസ്ഥാനമാണ്. ധാരാളം സാധനങ്ങൾ അന്യ സംസ്ഥാനങ്ങളിൽ നിന്നുമാണ് കേരളത്തിലെത്തുന്നത്. കോവിഡ് മഹാമാരി ഉല്പാദനത്തെയും വിതരണ ശ്രിംഖലയെയും ഏറെ പ്രതികൂലമായി ബാധിച്ചതുമൂലം ചില ഭക്ഷ്യ ഉത്പന്നങ്ങൾക്ക് വില കൂടുതലായിരുന്നുവെന്ന് കാണാം. അതുകൊണ്ട് വിലയിലെ വ്യതിയാനം അവലോകനം ചെയ്യുന്നതിന് ഉത്പന്നങ്ങളെ ആഭ്യന്തരമായി ഉല്പാദിപ്പിച്ചവ, ഇറക്കുമതി ചെയ്തവ എന്നിങ്ങനെ രണ്ടായി തരം തിരിക്കുകയാണ്. ഇതിൽ രണ്ടാമത്തെ വിഭാഗത്തിന്റെ കാര്യത്തിൽ ആഭ്യന്തരമായി 10000 ടണ്ണിലധികം ഉല്പാദിപ്പിക്കുന്ന സാധനങ്ങളെയാണ് പരിഗണിച്ചിരിക്കുന്നത്. വിലയിലെ വ്യതിയാനം മനസിലാക്കുന്നതിന് 2020 ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ വിലകളെ തലേ വർഷം ഇതേ മാസങ്ങളിലെ വിലയുമായാണ് താരതമ്യം ചെയ്യുന്നത്. (പട്ടിക – 1 )

ആന്ധ്ര വെള്ള ഒഴിച്ചുള്ള ഇറക്കുമതി ചെയ്യുന്ന അരി ഇനങ്ങളുടെ വിലയിൽ നേരിയ മുന്നേറ്റം പ്രകടമായിരുന്നു. കൗതുകകരമെന്ന് പറയട്ടെ കേരളത്തിൽ വ്യാപകമായി ഉല്പാദിപ്പിക്കപ്പെടുന്ന ചുവന്ന മട്ട അരിയുടെ വില കുറയുന്ന പ്രവണതയാണ് കോവിഡ് കാലത്ത് ഉണ്ടായത്. ഇറക്കുമതിയെ കാര്യമായി ആശ്രയിക്കുന്ന പയർ, പരിപ്പ് എന്നിവയുടെ വില കോവിഡ് കാലത്ത് കുതിച്ചുയരുന്ന സ്ഥിതി ഉണ്ടായി. എള്ളെണ്ണ ഒഴികെയുള്ള ഭക്ഷ്യ എണ്ണകളുടെ വിലയും വർദ്ധിക്കുകയുണ്ടായി. നാളികേരത്തിന്റെ കാര്യത്തിൽ 12 ശതമാനം വില വ്യതിയാനം സംഭവിച്ചിട്ടുണ്ട്. എന്നാൽ വെളിച്ചെണ്ണയുടെ കാര്യത്തിൽ നേരിയ തോതിലുള്ള വർധന മാത്രമാണ് കണ്ടതെന്ന പ്രത്യേകതയുമുണ്ട്. പാൽ, മുട്ട, കോഴിയിറച്ചി, ആട്ടിറച്ചി എന്നിവയുടെ വിലയിൽ മുന്നേറ്റം കാണാമായിരുന്നു. ഇവയുടെ കാര്യത്തിൽ കേരളം ആഭ്യന്തര ഉല്പാദനത്തെയും ഇറക്കുമതിയെയും ആശ്രയിക്കുന്നുണ്ട്.

വ്യാപകമായി ഉല്പാദിപ്പിക്കുന്ന ഉത്പന്നങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുന്ന ഏലം, കുരുമുളക്, കാപ്പി, തേയില എന്നിവയുടെ കാര്യമെടുത്താൽ ഏലത്തിന്റെ കാര്യത്തിൽ കോവിഡ് കാലത്ത് 46 ശതമാനവും കുരുമുളകിന്റെ കാര്യത്തിൽ എട്ട് ശതമാനവും വിലയിടിവ് കണ്ടു (നാരായണ, ഷഗിഷ്ണ, 2020). സുഗന്ധവ്യഞ്ജനങ്ങളുടെ പട്ടികയിൽ ചെറിയ ഉള്ളി, മുളക്, പുളി എന്നിവയുടെ വിലയിൽ നല്ല മുന്നേറ്റം കണ്ടിരുന്നു. പച്ചക്കറികളുടെ കൂട്ടത്തിൽ വ്യാപകമായി

ഉപയോഗിക്കപ്പെടുന്ന പച്ച നേന്ത്രക്കായ, വെള്ളരി, സവാള, മറ്റിനം പച്ചക്കായ എന്നിവയുടെ വിലയിൽ പ്രകടമായ ഇടിവുണ്ടായി. പഴവർഗങ്ങളിൽ ആപ്പിൾ, തണ്ണിമത്തൻ എന്നിവ ഒഴിച്ചുള്ള ഉത്പന്നങ്ങളുടെ വിലയിൽ കുറവുണ്ടായി. എന്നാൽ ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്ന ഏത്തപ്പഴം, മാങ്ങ എന്നിവയുടെ വിലയിൽ നേരിയ തോതിലുള്ള വർധന പ്രകടമായിരുന്നു. ഇറക്കുമതി ചെയ്യുന്ന കിഴങ്ങ് വർഗ്ഗങ്ങളായ ഉരുളകിഴങ്ങ്, കാരറ്റ് എന്നിവയുടെ വില കുതിച്ചുയർന്നപ്പോൾ, ആഭ്യന്തരമായി കൃഷി ചെയ്യുന്ന കപ്പയുടെ വില താരതമ്യേന സ്ഥിരത പുലർത്തിയിരുന്നു. (പട്ടിക–2)

സംസ്ഥാനത്ത് വ്യാപകമായ തോതിൽ ഉല്പാദിപ്പിക്കപ്പെടുന്ന ഉത്പന്നങ്ങളുടെ വിലവ്യതിയാനത്തിന് വ്യത്യസ്തമായ മാനങ്ങളുണ്ട്. ഏലം, കുരുമുളക്, തേയില, കാപ്പി എന്നീ വിളകളുടെ കാര്യത്തിൽ കോവിഡ് കാലം പൊതുവെ ഉപഭോക്താക്കൾക്ക് അനുകൂലമായിരുന്നുവെന്ന് വിലയിരുത്താം. എന്നാൽ ഉപഭോക്തൃ ഉത്പന്നങ്ങളിൽ പ്രമുഖ സ്ഥാനത്തുള്ള നാളികേരം, വെളിച്ചെണ്ണ എന്നിവയുടെ കാര്യത്തിൽ പ്രകടമായ വിലയിടിവ് ഉണ്ടായിട്ടില്ല. കോവിഡ് നിയന്ത്രണങ്ങൾ ഉത്പാദനത്തെ പ്രതികൂലമായി ബാധിച്ചതാകാം ഇതിന് ഒരു കാരണം. പാൽ, പാലുല്പന്നങ്ങൾ, പച്ചക്കറികൾ എന്നിവയുടെ കാര്യത്തിൽ ഉണ്ടായ വിലക്കയറ്റത്തിന് കാരണം അന്യസംസ്ഥാനങ്ങളിൽ ഇവയുടെ വിലയിൽ സംഭവിച്ച വർധനയാണെന്ന് വിലയിരുത്താം. ഇത്തരം ഉത്പന്നങ്ങളുടെ കാര്യത്തിൽ കേരളം ഇറക്കുമതിയെ കൂടുതലായി ആശ്രയിക്കുന്നതും ഒരു പ്രശ്നമാണ്.

■

(ഡോ. രഞ്ജിത്ത് പി എസ്, ഡോ. കിരൺകുമാർ കക്കർലപുടി, അസിസ്റ്റന്റ് പ്രഫസർ , ഗിഫ്റ്റ്)

**References**

Headey, Derek and Marie Ruel (2020). *The COVID-19 nutrition crisis: What to expect and how to protect,* IFPRI Blog Post, April 23, 2020; available at https://www.ifpri.org/blog/covid-19-nutrition-crisis-what-expect-and-how-protect

Kakarlapudi, K K, and Renjith, P S (2020) *Taming the Prices During the Pandemic, Kerala Economy,* 1(4), pp 31-35

Narayana D and Shagishna (2020) *COVID takes the flavour out of Cardamom, brews up tea Kerala Economy,* 1(3), pp 27-32.

The Hindu (2021), World food price index rises for seventh straight month in Dec. accessed on 25/01/2021 from https://www.thehindu.com/business/world-food-price-index-rises-for-seventh-straight-month-in-december/article33523068.ece

**ലേബർ & എംപ്ലോയ്മെന്റ്**

# സാമൂഹ്യ ചെലവഴിക്കൽ : കേരള മോഡൽ വികസനം ഒരു പുനർവായന : ഭാഗം – 2

എ. വി ജോസ്

**തൊഴിലധിഷ്ഠിത വ്യവസായങ്ങളുടെ തകർച്ച**

ഉത്പന്നങ്ങളുടെ വിലയിൽ ലോകവ്യാപകമായി സംഭവിച്ച ഇടിവ് തൊള്ളായിരത്തിമുപ്പതുകളിൽ കേരളത്തിലെ തൊഴിലധിഷ്ഠിത വ്യവസായങ്ങൾക്ക് കാര്യമായ ക്ഷതമേല്പിക്കുകയുണ്ടായി. ഇതുമൂലം കയർ വ്യവസായ മേഖലയിലെ, പട്ടണ കേന്ദ്രീകൃതമായി പ്രവർത്തിച്ചു പോന്ന ഫാക്ടറികൾ ക്രമേണ ഗ്രാമീണ മേഖലയിലേക്ക് ചേക്കേറാൻ തുടങ്ങി. കുറഞ്ഞ വേതനത്തിൽ തൊഴിലാളികളെ ലഭിക്കുന്നതായിരുന്നു പരമ്പരാഗതമായ ഉല്പാദന രീതികളും ഇതിനു ഒരു കാരണമായി. ഇക്കാരണങ്ങൾ മൂലം കയർ വ്യവസായ രംഗത്ത് ഉളവായ തൊഴിലാളികളുടെ കൂടുതൽ കർക്കശമായ നിലപാടുകളും അവരുടെ ഇടയിലെ അസ്വസ്ഥതയും ഭരണകൂടത്തിന്റെ നിരന്തരമായ ഇടപെടലിന് വഴി വയ്ക്കുകയുണ്ടായി.

ഇതിന്റെ ഭാഗമായി വേതനം, തൊഴിലിടങ്ങളിലെ സാഹചര്യം, സംസ്കരണത്തിനുള്ള സാങ്കേതിക വിദ്യ, അന്തിമ ഉത്പന്നങ്ങളുടെയും അസംസ്കൃത സാധനങ്ങളുടെയും വില നിയന്ത്രണം അടക്കമുള്ള നിരവധി

> ***കഴിഞ്ഞ അമ്പത് വർഷത്തിനിടയിൽ കയർ വ്യവസായ മേഖലയിലെ മൊത്തം തൊഴിലിന്റെ എണ്ണം 5 ലക്ഷത്തിൽ നിന്ന് 50,000 ആയി കുറഞ്ഞു. ഈ രംഗത്ത് അവശേഷിക്കുന്ന തൊഴിലാളികളിൽ ഭൂരിഭാഗവും കയർ പിരിക്കുന്ന ജോലിയിലേക്ക് മാത്രമായി ഒതുങ്ങി. ഇവരിൽ നല്ലൊരു പങ്ക് സ്ത്രീ തൊഴിലാളികളാണ്.***

ഇതിന് കാരണം. കുറഞ്ഞ വേതനവും ഉത്പാദനം ചെറുകിട യൂണിറ്റുകൾക്ക് സബ് കോൺട്രാക്റ്റായി കൊടുക്കുന്നതും അക്കാലത്ത് ഒരു പതിവായി മാറി. ഇത് തൊഴിൽ മേഖലയിൽ അസ്വസ്ഥതക്കും തൊഴിലാളികളുടെ മർക്കടമുഷ്ടിക്കും കാരണമായി. അറുപതുകളുടെ മധ്യഘട്ടമായതോടെ വൻകിട കയർ ഫാക്ടറികളിൽ പലതും അടച്ചുപൂട്ടി. ഇത് ഫാക്ടറികളുടെ ഉല്പാദനത്തോത് കുറയുന്നതിലേക്ക് നയിച്ചു. ഗ്രാമീണ മേഖലയിലെ ഫാക്ടറികളിൽ നിലനിന്നിരുന്ന കാര്യങ്ങളിൽ സർക്കാരിന്റെ ശക്തമായ ഇടപെടൽ ഉണ്ടായതായി കാണാം ( ഇന്ദു 2015). ഇത് വ്യവസായത്തിന്റെ ആധുനികവത്കരണം, ഉത്പാദനക്ഷമത ഉയർത്തൽ, വേതന നിലവാരം തുടങ്ങിയ മേഖലകളിലെ മാറ്റത്തിന് കാലവിളംബം വരുത്തുകയും ചെയ്തു. കഴിഞ്ഞ അമ്പത് വർഷത്തിനിടയിൽ ഈ മേഖലയിലെ മൊത്തം തൊഴിലിന്റെ എണ്ണം 5 ലക്ഷത്തിൽ നിന്ന് 50000 ആയി കുറഞ്ഞു എന്നതാണ്

***തൊള്ളായിരത്തിഎഴുപതുകളിലാണ് ക്ഷേമ പ്രവർത്തനങ്ങൾക്ക് പണം ചെലവഴിക്കുന്ന കാര്യത്തിൽ കേരളം കൂടുതൽ ശ്രദ്ധയൂന്നിയത്. ബജറ്റ് ചെലവുകളുടെ നല്ലൊരു ഭാഗം ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകൾക്കായി നീക്കിവയ്ക്കപ്പെട്ടു. തുടർന്നുള്ള വർഷങ്ങളിൽ ചില്ലറ മാറ്റങ്ങളോടെയാണെങ്കിലും, സാമൂഹ്യ ക്ഷേമ ചെലവുകൾ പടി പടിയായി ഉയരുന്ന പ്രവണത പ്രകടമാണ്.***

വാസ്തവം. അവശേഷിക്കുന്ന തൊഴിലാളികളിൽ ഭൂരിഭാഗവും കയർ പിരിക്കുന്ന ജോലിയിലേക്ക് മാത്രമായി ഒതുങ്ങി. ഇവരിൽ നല്ലൊരു പങ്ക് സ്ത്രീ തൊഴിലാളികളുമാണ്. (ഐസക് 1992, പേജ് 92 )

കശുവണ്ടി, വസ്ത്ര നിർമാണം , തോട്ടം മേഖല തുടങ്ങിയ മറ്റ് തൊഴിലധിഷ്ഠിത രംഗങ്ങളിലും സമാനമായ മാറ്റമാണ് കണ്ടത്. ഇവിടെയും സർക്കാർ ഇടപെടൽ പതിവായി മാറി. തൊഴിലാളികൾക്കിടയിലുണ്ടായ അസ്വസ്ഥതകൾ പ്രവർത്തനം നിർത്തിയതടക്കമുള്ള പല ഫാക്ടറികളും സർക്കാർ ഏറ്റെടുക്കുന്നതിലേക്കും നയിച്ചു. സർക്കാരുകളുടെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ വഴിയായും തൊഴിലാളികളുടെ സഹകരണ സ്ഥാപനങ്ങൾ രൂപീകരിച്ചും ഈ പ്രതിസന്ധി മറികടക്കുന്നതിന് ഗവണ്മെന്റ് ഭാഗത്ത് നിന്നും ശ്രമങ്ങൾ തകൃതിയായി നടന്നു. പൊതുമേഖലയിൽ കൂടുതൽ തൊഴിൽ പ്രദാനം ചെയ്യുന്ന തരത്തിലുള്ള നിരവധി സ്ഥാപനങ്ങളുടെ ആവിർഭാവത്തിനു ഇത് വഴിയൊരുക്കി.

ഈ ഘട്ടത്തിൽ തോട്ടം മേഖലയിലും കാര്യങ്ങൾ വഷളാകുന്ന സ്ഥിതി സംജാതമായി. ശക്തമായ നിയമങ്ങളുടെ പിൻബലമുണ്ടായിട്ടും ഈ മേഖലയിൽ വേതനം, തൊഴിൽ സാഹചര്യം തുടങ്ങിയ കാര്യങ്ങൾ മോശം അവസ്ഥയിലേക്ക് മാറി. സാമൂഹ്യ, രാഷ്ട്രീയ നേതാക്കളുടെയും ഭരണകൂടത്തിന്റെയും നിയന്ത്രണത്തിനും അതീതമായ ചില ഘടകങ്ങളാണ് ഇതിനു കാരണമായത്. സ്ഥിരം ചെലവുകളിൽ കുറവ് വരുത്തുക എന്ന ലക്ഷ്യത്തോടെ ഈ രംഗത്തെ തൊഴിൽദാതാക്കൾ സ്ഥിരം ജീവനക്കാരുടെ എണ്ണം പരമാവധി കുറച്ചു. പ്ലാന്റേഷൻ നിയമങ്ങളുടെ പരിധിയിൽ വരുന്ന തൊഴിലാളികളുടെ എണ്ണത്തിൽ ഇത് ഗണ്യമായ കുറവ് വരുത്തി. കരാറുകാർ മുഖേനയോ, പീസ് വർക്കായി ജോലി ചെയ്യുന്നവരെ നിയോഗിച്ചോ ഒക്കെയാണ് തോട്ടമുടമകൾ ഇത് മറികടന്നത്. തോട്ടം മേഖലയിൽ ഭൂമി തുണ്ടുകളായി മാറ്റപ്പെടുകയോ, ചെറുകിട തോട്ടങ്ങളായി പരിണമിക്കുകയോ ചെയ്തു. തൊഴിലാളികളെ കൂടുതലായി ആശ്രയിക്കുന്നത് ഒഴിവാക്കുക എന്നതായിരുന്നു ഇതിന്റെ പിന്നിലെ പ്രധാന ലക്ഷ്യം. റബർ മേഖലയിലും ഇതേ രീതിയിലുള്ള മാറ്റങ്ങൾ പ്രകടമായിരുന്നു (രമേശ് 2010 ).

പരമ്പരാഗത മേഖലകളിൽ ഇത്തരത്തിലുള്ള പ്രതിസന്ധി രൂക്ഷമായതോടെ ഒരു വിഭാഗം തൊഴിലാളികൾ താരതമ്യേന വേതനം കുറവായ അസംഘടിത മേഖലകളിലേക്ക് ചുവട് മാറി. ഭരണകൂടവും സാമൂഹ്യ പരിഷ്കർത്താക്കളും കൂടുതൽ ക്രിയാത്മകമായ നയസമീപനങ്ങളിലൂടെയാണ് തൊഴിൽ മേഖലയിലെ ഈ പ്രതിസന്ധിയോട് പ്രതികരിച്ചത്. വ്യവസായ രംഗത്തെ ഈ സാഹചര്യം സാമൂഹ്യ ഘടനയിലെ പരിവർത്തനത്തിന് വഴിയൊരുക്കുന്നതായിരുന്നു. വോട്ടവകാശത്തിന്റെ അടിത്തറയിൽ അധിഷ്ഠിതമായ ജനാധിപത്യ ഭരണക്രമം തൊഴിലാളികളുടെ ആശങ്കകൾ ഉൾക്കൊള്ളുന്നതിന് തയാറുള്ള തരത്തിലുള്ളതായിരുന്നു.

***28 വെൽഫെയർ ഫണ്ടുകളിലായി കേരളത്തിൽ 4 .72 ദശലക്ഷം പേർ അംഗങ്ങളാണ്. ഇത് വഴി പെൻഷൻ, മരണമോ, അംഗവൈകല്യമോ സംഭവിച്ചാൽ ആനുകൂല്യം, കുട്ടികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം, ചികിത്സയ്ക്കുള്ള ധനസഹായം, വിവാഹം, പ്രസവം തുടങ്ങിയ കാര്യങ്ങൾക്കുള്ള സഹായം, വീട് വയ്ക്കാനുള്ള ധനസഹായം, തൊഴിൽരഹിതരായാൽ സാമ്പത്തിക സഹായം തുടങ്ങിയ നിരവധി ആനുകൂല്യങ്ങൾ നൽകുന്നുണ്ട്.***

**ശാക്തീകരണം വരുമാന വികേന്ദ്രീകരണത്തിലൂടെ**

തൊഴിലധിഷ്ഠിതമായ ഇത്തരം വ്യവസായങ്ങളുടെ തളർച്ച സാമൂഹ്യ ക്ഷേമം എന്ന ആശയത്തിന് കൂടുതൽ രാഷ്ട്രീയ പിന്തുണ ആർജിക്കുന്നതിന് തൊഴിലാളി യൂണിയൻ നേതാക്കൾക്കും സാമൂഹ്യ പരിഷ്കർത്താക്കൾക്കും പ്രേരണ നൽകി. അവശ്യ സേവനങ്ങളുടെയും സാധനങ്ങളുടെയും പൊതുവിതരണത്തിനുള്ള സംവിധാനം കാര്യക്ഷമമാക്കുക എന്ന രീതിയിലാണ് സർക്കാരുകൾ ഇതിനോട് പ്രതികരിച്ചത്. ഭക്ഷ്യ സാധനങ്ങളുടെ വിതരണം, ആരോഗ്യ സുരക്ഷ, വിദ്യാഭ്യാസം എന്നീ മേഖലകൾക്കാണ് ഇതിൽ കൂടുതൽ പ്രാമുഖ്യം നൽകിയത്. എഴുപതുകളിലാണ് ഇത്തരം ക്ഷേമ പ്രവർത്തനങ്ങൾക്ക് പണം ചെലവഴിക്കുന്ന കാര്യത്തിൽ കൂടുതൽ ശ്രദ്ധയൂന്നിയത്. ബജറ്റ് ചെലവുകളുടെ നല്ലൊരു ഭാഗം ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകൾക്കായി നീക്കിവയ്ക്കപ്പെട്ടു. തുടർന്നുള്ള വർഷങ്ങളിൽ ചില്ലറ മാറ്റങ്ങളോടെയാണെങ്കിലും സാമൂഹ്യ ക്ഷേമ ചെലവുകൾ പടി പടിയായി ഉയരുന്ന പ്രവണത പ്രകടമാണ് ( ടി സുജിത–2005, ഗായത്രി– 2005, രാമകുമാർ – 2008).

വിഭവങ്ങളുടെ പുനർവിതരണ രംഗത്ത് ഒരു പുതിയ അധ്യായത്തിനാണ് ഇത് തുടക്കം കുറിച്ചത്. ഇതിന്റെ സ്വാധീനത്തെ കുറിച്ച് കഴിഞ്ഞ ലക്കങ്ങളിൽ പ്രതിപാദിച്ചിരുന്നത് ഓർക്കുമല്ലോ. പൊതുചെലവുകൾ ഉയർത്തുക വഴിയായുള്ള സർക്കാരിന്റെ ഇടപെടലുകൾ സേവനങ്ങളുടെ ജനാധിപത്യവത്കരണത്തിന് ഏറെ അനിവാര്യമായ ഒരു കാര്യമാണ്. ഇത് കേരളത്തിൽ വിദ്യാഭ്യാസം, ആരോഗ്യ പരിരക്ഷ തുടങ്ങിയ മേഖലകളിൽ ഏറെക്കുറെ തുല്യനീതിക്കുള്ള അവസരമൊരുക്കി. ജനസംഖ്യ വർധന, ലിംഗ അനുപാതം, ജനന നിരക്ക്, ശിശു മരണ നിരക്ക്, ആയുർദൈർഘ്യം, വിദ്യാഭ്യാസത്തിനുള്ള സൗകര്യം, മാനവശേഷി വികസനം, ജീവിത നിലവാരം തുടങ്ങിയ കാര്യങ്ങളിലെ കൃത്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ ഇക്കാര്യം നമ്മൾ വിശകലനം ചെയ്തിരുന്നു. വ്യത്യസ്ത സാമൂഹ്യ സൂചകങ്ങളുടെ കാര്യമെടുത്താൽ ഇന്ത്യയിൽ തന്നെ ഒന്നാം സ്ഥാനത്താണ് കേരളം നിലകൊള്ളുന്നത്. ഇക്കാര്യത്തിൽ സർക്കാർ മുൻകയ്യിൽ നടന്ന ശ്രമങ്ങൾ പൊതു, സ്വകാര്യ മേഖലകളിൽ വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിലെ ഉയർന്ന തോതിലുള്ള ചെലവഴിക്കലിൽ നിർണ്ണായക സ്വാധീനം ചെലുത്തിയിട്ടുണ്ടെന്ന് കാണാം. കേരളത്തിലെ താരതമ്യേന ഉയർന്ന വേതന നിരക്ക് നമ്മൾ നേരത്തെ ചർച്ച ചെയ്ത ഒരു വിഷയമാണ്. ഇത്തരത്തിൽ കാലങ്ങളായി തൊഴിൽ മേഖലയിൽ സ്വാംശീകരിക്കപ്പെട്ട വരുമാന വിതരണത്തിലെ പോസിറ്റീവായ ഘടകങ്ങളുടെ നിദർശനമായി ഈ ഉയർന്ന വേതന നിരക്കിനെ വിലയിരുത്താൻ കഴിയും. ഇത് പുതുതായി തൊഴിൽ രംഗത്തേക്ക് കടന്നു വരുന്നവർക്ക് കേരളത്തിനകത്തും പുറത്തും കൂടുതൽ ആകർഷകമായ മേഖലകളിലേക്ക് കടക്കുന്നതിന് സഹായകരമായ ഒരു സാഹചര്യം സൃഷ്ടിച്ചിട്ടുണ്ട്.

തൽഫലമായി കേരളത്തിൽ നിന്നും തൊഴിൽ നൈപുണ്യം ലഭിച്ചവരും അല്ലാത്തവരുമായ തൊഴിലാളികൾ ഇന്ത്യക്കകത്തും വിദേശ ത്തേക്കും തൊഴിൽ തേടി പോകാൻ തുടങ്ങി. രണ്ടു ഘട്ടങ്ങളിലായാണ് ഇത് ഉണ്ടായത്. ഒന്നാമത്തെ ഘട്ടത്തിൽ പരിമിതമായ തൊഴിൽ വൈദഗ്ധ്യമുള്ളവരുടെ ഒരു ഒഴുക്ക് അന്യ നാടുകളിലേക്ക് ഉണ്ടായി. അതിനു ശേഷം രണ്ടാം ഘട്ടത്തിൽ വൈദഗ്ദ്യം നേടിയ തൊഴിലാളികളാണ് വിദേശ രാജ്യങ്ങളിലേക്ക് കുടിയേറാൻ തുടങ്ങിയത്. ലിംഗ ഭേദമോ, സാമൂഹ്യ അവസ്ഥയോ ഇക്കാര്യത്തിൽ ഒരു തടസമായി വന്നില്ല. തൊഴിൽ രംഗത്തെ ആഗോള മൂല്യവർദ്ധനവിന്റെ ചങ്ങലയിൽ മലയാളികളും വൻതോതിൽ കണ്ണി ചേരുന്ന കാഴ്ചയാണ് കാണാൻ കഴിഞ്ഞത്. ആഗോള തലത്തിൽ തന്നെ തൊഴിൽ വൈദഗ്ദ്യം നേടിയ തൊഴിലാളികളുടെ ഒരു പ്രധാന സ്രോതസ്സായി കേരളം മാറുകയായിരുന്നു. ലോകത്തെമ്പാടുമായി മൂന്ന് ദശലക്ഷത്തിൽ പരം മലയാളി ജീവനക്കാർ സേവന മേഖല യിൽ ജോലി ചെയ്യുന്നതായാണ് കണക്ക് (രാജൻ, സക്കറിയ 2019 –അനക്സ് 1). ഇവർ വിദേശത്തു നിന്ന് അയക്കുന്ന പണമാണ് കേരളത്തിലെ ഉയർന്ന തോതിലുള്ള പ്രതി ശീർഷ ഉപഭോഗത്തിന്റെ പ്രധാന കാരണ മെന്ന് വിലയിരുത്താൻ കഴിയും. സാമ്പത്തിക പ്രവർത്തനങ്ങൾ, പ്രത്യേകിച്ച് നിർമ്മാണം, സംസ്കരണ വ്യവസായങ്ങൾ, സേവന രംഗം തുടങ്ങിയ മേഖലകളിൽ സജീവമാകുന്നതിന് ഇവർ വഹിച്ച പങ്ക് നിസ്തുലമാണ്.

**ഘടനാപരമായ ചില മുൻകരുതലുകൾ**

ക്ഷേമ പ്രവർത്തനങ്ങളും സാമൂഹ്യമായ ചെലവഴിക്കലും ഈ വിധത്തിലുള്ള ഇതര പ്രവർത്തനങ്ങളും തൊഴിൽ മേഖലയുടെ സുരക്ഷിതത്വത്തിൽ ഊന്നുന്ന ചില മാറ്റ ങ്ങൾക്ക് കൂടി വഴി വയ്ക്കുകയുണ്ടായി. ഇവിടെ രണ്ടു കാര്യങ്ങൾ പ്രത്യേകം എടുത്തു പറയേണ്ടതുണ്ട്. ഒന്ന്, മിനിമം വേതനം ഉറപ്പ് വരുത്തുന്നതിനുള്ള നിയമപരമായ സംവിധാ നമാണ്. മറ്റൊന്ന് പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്നവർക്ക് ആനുകൂല്യങ്ങൾ കൃത്യമായി വിതരണം ചെയ്യുന്നതിനുള്ള ക്ഷേമ ബോർഡുകളാണ്. ഇത്തരം സംവിധാ നങ്ങൾ കേരളത്തിലെ 80 വ്യത്യസ്ത തുറകളിൽ പ്രവർത്തിക്കുന്നുണ്ട്. കാർഷിക, കാർഷികേതര മേഖലകളിൽ പ്രവർത്തന നിരതമായ ഇത്തരം ക്ഷേമ ബോർഡുകൾ കേരളത്തിലെ ബഹുഭൂരിപക്ഷം തൊഴിലാളി കളെയും ഉൾക്കൊള്ളുന്നവെന്നതാണ് പ്രത്യേകത. അതുകൊണ്ട് സംസ്ഥാനത്തു ടനീളം വേതനത്തിന്റെ കാര്യത്തിൽ ഒരു ഏകീകൃത മാനദണ്ഡം കാണാം. ഒരു ദിവസ വേതനക്കാരന്റെ യഥാർത്ഥ കൂലി സർക്കാർ നിശ്ചയിച്ചിരിക്കുന്ന മിനിമം വേതനത്തെക്കാൾ കൂടുതലാണെന്നും വ്യക്തമാണ് ( ജോസ്–2018, ഉസാമി–2011).

28 വെൽഫെയർ ഫണ്ടുകളിലായി കേരള ത്തിൽ 4.72 ദശലക്ഷം പേർ അംഗങ്ങളാണ്. ഇത് വഴി പരിമിതമായ തോതിലുള്ള പെൻ ഷൻ, മരണമോ, അംഗവൈകല്യമോ സംഭവി ച്ചാൽ ആനുകൂല്യം, കുട്ടികൾക്കുള്ള വിദ്യാ ഭ്യാസ ആനുകൂല്യം, ചികിത്സയ്ക്കുള്ള ധന സഹായം, വിവാഹം, പ്രസവം തുടങ്ങിയ കാര്യങ്ങൾക്കുള്ള സഹായം, വീട് വയ്ക്കാ നുള്ള ധനസഹായം, തൊഴിൽരഹിതരായാൽ സാമ്പത്തിക സഹായം തുടങ്ങിയ പല ആനുകൂല്യങ്ങളും നൽകുന്നുണ്ട് (കേരള സർക്കാർ 2019, വോള്യം–2 , അനുബന്ധം–6.4). ഇതിൽ ഏറ്റവുമെടുത്തു പറയേണ്ട കാര്യം മാസം തോറും എത്തിച്ചു കൊടുക്കുന്ന 1500 രൂപയുടെ ക്ഷേമ പെൻഷനാണ്. 60 ലക്ഷം പേർക്ക് ഇതിന്റെ നേട്ടം ലഭിക്കുന്നു. 15000 കോടി രൂപയാണ് ഇതിനായി ചെലവഴിക്കു ന്നത്. ക്ഷേമ പ്രവർത്തന രംഗത്തെ കേരളത്തിന്റെ ഏറ്റവും വലിയ ചെലവിനവും ഇതാണ് (ഐസക്, 2020).

എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളുക എന്ന അടിസ്ഥാനത്തിലുള്ള ഒരു രാഷ്ട്രീയ സമവായ ത്തിന്റെ പ്രകടിത പ്രവർത്തനം കൂടിയാണ്

ഇത്തരം ക്ഷേമ പദ്ധതികൾ. തൊഴിലിന്റെയും വരുമാനത്തിന്റെയും കാര്യത്തിലുള്ള തുല്യാവകാശത്തിൽ അധിഷ്ഠിതമായ ഒരു കാര്യം കൂടിയാണ് ഇത്. ഭരണകൂടത്തിന്റെ ഇത്തരം ശ്രമങ്ങൾ തൊഴിൽ മേഖലയിൽ പൊതു ജീവിത നിലവാരത്തിന് അനുരോധമായ വിധത്തിൽ വേതനത്തിന്റെ കാര്യത്തിൽ ഒരു മിനിമം റിസർവ് പ്രൈസ് ഉറപ്പാക്കുന്നതിന് സഹായകമായി. ഇത് പാവപ്പെട്ടവരെയും പിന്നോക്കാവസ്ഥയിലുള്ളവരെയും ആഗോള സാമ്പത്തിക ശൃംഖലയിലെ കണ്ണികളാകാൻ സഹായിച്ചുവെന്നത് നിർണ്ണായകമായ നേട്ടം തന്നെയാണ്. സാമൂഹ്യമായ ചെലവഴിക്കൽ വഴിയായി സർക്കാരിന് കൈവരിക്കാൻ കഴിഞ്ഞ വളരെ പ്രധാനപ്പെട്ട നേട്ടവുമാണ് ഇത്.

■

( ഗിഫ്റ്റിന്റെ മുൻ ഡയറക്ടറാണ് ലേഖകൻ.)

**References**


Gayitri, K. (2005), *"Government financing of social sector during the reform phase: some insights from southern states"*, Karanth, G. K. (ed.): Dimensions of social development: status, challenges and prospects, Social and Economic Change Monographs 8 (Bangalore, Institute for Social and Economic Change

Government of Kerala (2019) *Economic Review 2019*, Kerala State Planning Board, Thiruvananthapuram

Indu, G. (2015) *Institutional Change in the Coir Industry: Identifying Path Dependence and Causes*, Ph D thesis, Centre for Development Studies, Thiruvananthapuram

Isaac T.M. Thomas, P. A.; Van Stuijvenberg; K. N. Nair (1992), *Modernization and Employment: The Coir Industry in Kerala*, Sage Publications, New Delhi

Isaac T.M. Thomas (2020) *Statement in a pre-budget conference online of the Finance Minister, Government of Kerala*, 7 December

Jose A.V. (2018a) "*Agricultural Wages in Indian States*", Indian Journal of Labour Economics, ISLE-Springer, June

Rajan, Irudaya S. and K. C. Zacharia (2019), *"Emigration and Remittances: New Evidence from the Kerala Migration Survey, 2018"*, Working Paper Number 483, Centre for Development Studies, Thiruvananthapuram

Ramakumar, R. (2008), *"Level and Composition of Public Social and Economic Expenditures in India, 1950-51 to 2005-06"*, Working Paper, Institute of South Asian Studies, National University of Singapore

Ramesh, Babu P. (2010), *Dynamics of Rural Labour, A study of smallholding rubber tappers in Kerala"*, Concept Publishing Company, New Delhi

Tsujita, Y. (2005) *"Economic reform and social sector expenditures: A study of fifteen Indian states, 1980/81-1999/2000"*, Discussion Paper Number 31, Institute of Developing Economies. Tokyo

Usami, Yoshifumi (2011) *"A Note on Recent Trends in Wage Rates in Rural India"*, Review of Agrarian Studies, Vol. 1, No. 1

# ഊർജ മേഖല നേരിടുന്ന വെല്ലുവിളികൾ, പരിഹാര മാർഗ്ഗങ്ങൾ

എൻ. വിജയമോഹനൻ പിള്ള

കേരളത്തിലാദ്യമായി ഒരു വൈദ്യുതി ബൾബ് മിന്നി തിളങ്ങിയത് 1906ലാണ്. തിരുവിതാം കൂറിന്റെ ഭാഗമായിരുന്ന മൂന്നാറിലെ ഒരു സ്വകാര്യ എസ്റ്റേറ്റായ കണ്ണൻദേവൻ ഹിൽ പ്രൊഡ്യൂസ് കമ്പനി വക സ്ഥലത്ത് 200 കിലോവാട്ട് ഉല്പാദന ശേഷിയുള്ള കേരളത്തിലെ ആദ്യത്തെ ജലവൈദ്യുതി പദ്ധതി പ്രവർത്തനക്ഷമമായതോടെയാണ് ഇത് സാധ്യമായത്. എന്നാൽ, സർക്കാർ ഈ മേഖലയിലേക്ക് കടക്കുന്നതിന് പിന്നെയും രണ്ടു ദശകം കൂടി വേണ്ടി വന്നു. 1929 ഫെബ്രുവരി 25നാണ് സർക്കാർ തലത്തിലുള്ള ആദ്യ താപവൈദ്യുതി നിലയം സ്ഥാപിതമായത്. അഞ്ചു മെഗാവാട്ടായിരുന്നു ഇതിന്റെ ഉൽപ്പാദനശേഷി. തിരുവിതാംകൂർ രാജകുടുംബത്തിന്റെയും സർക്കാർ ഓഫീസുകളുടെയും ആവശ്യങ്ങൾക്കായാണ് തിരുവനന്തപുരം കേന്ദ്രമാക്കി ഈ നിലയം പ്രവർത്തനം തുടങ്ങിയത്. വാണിജ്യപരമായ ആവശ്യങ്ങൾക്ക് വേണ്ടി പൊതുമേഖലയിലെ ആദ്യത്തെ വൈദ്യുതി പദ്ധതി പ്രവർത്തനം തുടങ്ങിയത് 1940 മാർച്ചിലാണ്.

പള്ളിവാസൽ ഹൈഡ്രോ ഇലക്ട്രിക് പവർ സ്റ്റേഷൻ എന്ന ഈ പദ്ധതിയുടെ ആദ്യ യൂണിറ്റിന്റെ ഉല്പാദന ശേഷി അഞ്ചു മെഗാവാട്ട് ആയിരുന്നു. അടുത്ത പത്തു വർഷത്തിനുള്ളിൽ അഞ്ച് ഉല്പാദന യൂണിറ്റുകൾ കൂടി പ്രവർത്തനം തുടങ്ങിയതോടെ മൊത്തം സ്ഥാപിത ശേഷി 37.5 മെഗാവാട്ടായി ഉയർന്നു. കേരളത്തിലെ ആദ്യത്തെ രണ്ടു വൻകിട പ്രോജക്ടുകളിൽ ഒന്നായ ശബരിഗിരി ജലവൈദ്യുത പദ്ധതി 1966–67 കാലഘട്ടത്തിൽ കമ്മിഷൻ ചെയ്തു. 340 മെഗാവാട്ടായിരുന്നു ഇതിന്റെ സ്ഥാപിത ഉല്പാദന ശേഷി. 780 മെഗാവാട്ട് ശേഷിയുള്ള ഇടുക്കി പദ്ധതിയുടെ ആദ്യ ഘട്ടം കമ്മീഷൻ ചെയ്യുന്നത് 1976ലാണ്. 1985ലും 1986ലുമായി രണ്ടാം ഘട്ടം കൂടി കമ്മീഷൻ ചെയ്തതോടെ കേരളത്തിലെ ഏറ്റവും വലിയ പവർ പ്രോജക്ടായി ഇത് മാറി. ഈ രണ്ടു സ്റ്റേഷനുകളുമാണ് കേരളത്തിലെ മൊത്തം ജലവൈദ്യുതി സ്ഥാപിതശേഷിയുടെ 54.4 ശതമാനവും കയ്യാളുന്നത്. സംസ്ഥാനത്ത് മൊത്തം 34 ജലവൈദ്യുത പദ്ധതികളാണുള്ളത്. രണ്ടു ഡീസൽ

***1966 വരെ വൈദ്യുതി കണക്ഷൻ നൽകുന്നതിന് കെ എസ് ഇ ബി നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു. മൂന്നാം പഞ്ചവത്സര പദ്ധതിയുടെ തുടക്കം (1961–66 ) വരെ വൈദ്യുതി ഉല്പാദന കാര്യത്തിൽ കേരളം നേരിട്ടിരുന്ന കുറവ് ആറ് മെഗാവാട്ടായിരുന്നു. പദ്ധതിയുടെ അവസാന ഘട്ടമായപ്പോൾ തമിഴ്നാട് പോലുള്ള സംസ്ഥാനങ്ങളിൽ നിന്ന് വൈദ്യുതി എത്തിച്ചിട്ടും ഈ കുറവ് 75 മെഗാവാട്ടായി ഉയർന്നു. വലിയ തോതിലുള്ള പവർ കട്ടിനു ഇത് വഴിയൊരുക്കി.***

**Table 1.** Installed capacity (MW) of Kerala power system

| | | 2013-14 | 2014-15 | 2015-16 | 2016-17 | 2017-18 | 2018-19 |
|---|---|---|---|---|---|---|---|
| KSEBL | Hydro | 2008.6 | 2024.15 | 2046.15 | 2049.76 | 2055.76 | 2058.76 |
| | Thermal | 234.6 | 159.96 | 159.96 | 159.96 | 159.96 | 159.96 |
| | Wind | 2.03 | 2.03 | 2.03 | 2.03 | 2.03 | 2.03 |
| | Solar | | | 1.16 | 8.83 | 14.71 | 16.419 |
| | Total (KSEBL) | 2245.23 | 2186.14 | 2209.29 | 2220.57 | 2232.46 | 2237.169 |
| Central sector | NTPC | 359.58 | 359.58 | 359.58 | 359.58 | 359.58 | 359.58 |
| IPP and others | Thermal | 198.93 | 198.93 | 198.9 | 198.9 | 157 | 157 |
| | Hydro | 55.11 | 58.16 | 58.16 | 58.16 | 66.16 | 70.66 |
| | Wind | 32.85 | 32.85 | 41.25 | 57.25 | 58.25 | 58.25 |
| | Solar | | | 13.7 | 72.78 | 97.46 | 117.267 |
| | Total (IPP and Others) | 286.89 | 289.94 | 312.01 | 387.09 | 378.87 | 403.177 |
| | Grand total | 2891.72 | 2835.68 | 2880.9 | 2967.31 | 2970.92 | 2999.926 |

Source: KSEBL Annual administration report, various years

പദ്ധതികളും കാറ്റിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്ന ഒരു പദ്ധതിയും 22 ചെറുകിട സൗരോർജ പദ്ധതികളും അടക്കം മൊത്തം 2237.2 മെഗാവാട്ട് സ്ഥാപിതശേഷിയാണ് കേരള സ്റ്റേറ്റ് ഇലെക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് (കെ എസ് ഇ ബി എൽ) നിലവിലുള്ളത്. മറ്റു സ്രോതസ്സുകളിൽ നിന്ന് വാങ്ങുന്നതുൾപ്പടെ നോക്കുമ്പോൾ സംസ്ഥാനത്തെ ഊർജ വിതരണ രംഗത്തിന്റെ മൊത്തം സ്ഥാപിത ശേഷി 2999.93 മെഗാവാട്ട് ആണെന്ന് കാണാം (പട്ടിക-1).

1948ലെ വൈദ്യുതി വിതരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ രണ്ടാമത്തെ സംസ്ഥാന വൈദ്യുതി ബോർഡായ കെ എസ് ഇ ബി എൽ 1957 മാർച്ച് 31നാണ് സ്ഥാപിതമാകുന്നത്. സംസ്ഥാനത്തെ വൈദ്യുതോല്പാദന രംഗത്തെ യുക്തി സഹമായി വിന്യസിക്കുക എന്നതായിരുന്നു ഇതിന്റെ രൂപീകരണ ലക്ഷ്യം. തുടക്കത്തിൽ 93.5 മെഗാവാട്ടായിരുന്ന ശേഷി 1999-2000 ആയപ്പോൾ 1995 മെഗാവാട്ട് എന്ന തോതിലേക്ക് ഉയർന്നു. എന്നാൽ പതിനാലാമത് വാർഷിക ഊർജ സർവേയുടെ അടിസ്ഥാനത്തിൽ ഈ ഘട്ടത്തിലെ കേരളത്തിന്റെ മൊത്തം ആവശ്യം 3160 മെഗാവാട്ടായിരുന്നു എന്നു കാണാം. സപ്ലൈ-ഡിമാൻഡിലെ ഈ വൻവിടവ് പിന്നെയും ഉയരുകയും 2017-18ൽ മൊത്തം ആവശ്യത്തിന്റെ 87 ശതമാനം തനത് ഉത്പാദനം എന്ന നിലയിലേക്കെത്തുകയും ചെയ്തു. 23850 ദശലക്ഷം യൂണിറ്റായിരുന്നു മൊത്തം ആവശ്യം. ഖേദകരമെന്ന് പറയട്ടെ, മൊത്തം ആവശ്യത്തിന്റെ 22.4 ശതമാനം മാത്രമായിരുന്നു ആഭ്യന്തര ഉത്പാദനം. 80 ശതമാനത്തോളം വരുന്ന ഈ സപ്ലൈ-ഡിമാൻഡ് ഗ്യാപ് ഒഴിവാക്കിയത് ഊർജത്തിന്റെ ഇറക്കുമതി വഴിയായിരുന്നു (പട്ടിക-2). എന്നാൽ ആഭ്യന്തര ഉല്പാദനവും ഇറക്കുമതിയും വഴിയായി മൊത്തം ആവശ്യത്തിന്റെ രണ്ടു ശതമാനം അധികമായി എത്തിക്കാൻ കഴിഞ്ഞുവെങ്കിലും പ്രസരണ രംഗത്തെ നഷ്ടം

**Table 2.** Physical performance of the Kerala power system

| | Unit | 2005-06 | 2006-07 | 2007-08 | 2008-09 | 2009-10 | 2010-11 | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 | 2016-17 | 2017-18 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Annual energy requirement Unrestricted) | MU | 13567.99 | 14695.17 | 15442.73 | 16357.16 | 17350.02 | 17807.77 | 19521.41 | 20736.19 | 21264.51 | 22040.04 | 22944.45 | 23849.54 | 24432.96 |
| Own generation | MU | 7554.08 | 7695.11 | 8647.69 | 6440.44 | 7189.51 | 7359.97 | 8289.91 | 5334.27 | 8163.03 | 7286.90 | 6739.25 | 4325.08 | 5460.34 |
| (Own generation)/(Energy requirement) | % | 55.68 | 52.36 | 56.00 | 39.37 | 41.44 | 41.33 | 42.47 | 25.72 | 38.39 | 33.06 | 29.37 | 18.13 | 22.35 |
| Power purchase (gross) | MU | 6700.50 | 8149.84 | 8074.62 | 9628.87 | 10204.21 | 10512.27 | 11263.21 | 14908.82 | 14070.42 | 15031.71 | 16448.36 | 19734.93 | 19426.74 |
| (Power import)/ (Energy requirement) | % | 49.38 | 55.46 | 52.29 | 58.87 | 58.81 | 59.03 | 57.70 | 71.90 | 66.17 | 68.20 | 71.69 | 82.75 | 79.51 |
| Energy available for sale | MU | 13331.03 | 14427.96 | 15065.15 | 15293.41 | 16982.29 | 17340.27 | 18938.80 | 19877.21 | 20542.49 | 21573.16 | 22727.34 | 23763.53 | 24340.79 |
| (Available energy)/ (Energy requirement) | % | 98.25 | 98.18 | 97.55 | 93.50 | 97.88 | 97.37 | 97.02 | 95.86 | 96.60 | 97.88 | 99.05 | 99.64 | 99.62 |
| Total sale including export | MU | 10905.71 | 12377.89 | 13396.61 | 12877.65 | 14024.99 | 14678.14 | 16181.63 | 16839.26 | 18885.46 | 18788.82 | 19513.80 | 20502.21 | 21276.70 |
| (Energy sale)/(Energy requirement) | % | 80.38 | 84.23 | 86.75 | 78.73 | 80.84 | 82.43 | 82.89 | 81.21 | 88.81 | 85.25 | 85.05 | 85.96 | 87.08 |

Source: KSEBL (2018) and own estimations.

***1976 –77ൽ ഇടുക്കി പദ്ധതിയുടെ ഒന്നാം ഘട്ടം കമ്മീഷൻ ചെയ്തതിന് ശേഷമുള്ള 20 വർഷക്കാലത്തിനിടയിൽ സ്ഥാപിത ശേഷിയിൽ കേരളത്തിന് കൂട്ടിച്ചേർക്കാൻ കഴിഞ്ഞത് കേവലം 482 മെഗാവാട്ട് മാത്രമാണ്. 1986–87ൽ ഇടുക്കിയുടെ രണ്ടാം ഘട്ടവും ഇടമലയാർ പദ്ധതിയും കമ്മീഷൻ ചെയ്തതിന് ശേഷമുള്ള പത്തു വർഷത്തിനിടയിൽ കൂട്ടിച്ചേർക്കാൻ കഴിഞ്ഞതാകട്ടെ വെറും 17 മെഗാവാട്ടും. ഇടുക്കി, കമ്മീഷൻ ചെയ്തതിന് ശേഷം കേരളത്തിന് മികച്ച വൈദ്യുതി പദ്ധതികൾ ആരംഭിക്കാൻ കഴിഞ്ഞില്ല എന്നത് വലിയ ന്യൂനതയായി അവശേഷിക്കുകയാണ്.***

വലിയ പ്രതിസന്ധി സൃഷ്ടിച്ചു. 546 ദശലക്ഷം യൂണിറ്റാണ് ഇങ്ങനെ ആവിയായി പോയത്. അതുകൊണ്ട് മാത്രം മൊത്തം ആവശ്യത്തിന്റെ 13 ശതമാനം പൂർത്തീകരിക്കാൻ കഴിയാതെ പോകുന്നു. സാങ്കേതികമായ ഇത്തരം നഷ്ടം ഊർജ്ജ വിതരണ മേഖലയിൽ ഒഴിവാക്കാൻ കഴിയാത്ത ഒന്നാണെങ്കിലും ഇത് കുറച്ചുകൊണ്ട് വരാൻ കഴിയുന്നതാണ്. വളരെ ഉയർന്ന വില കൊടുത്തു വൈദ്യുതി ഇറക്കുമതി ചെയ്യുന്നത് പ്രസരണ നഷ്ടം കുറയ്ക്കുന്നതിലൂടെ ഒരു പരിധി വരെ ഒഴിവാക്കാൻ കഴിയുമെന്നാണ് ഇത് വ്യക്തമാക്കുന്നത്. പട്ടിക – 1

### ഊർജ്ജ നഷ്ടം

പ്രസരണത്തിലും വിതരണത്തിലുമുള്ള നഷ്ടം (ടി ആൻഡ് ഡി നഷ്ടം) സങ്കേതികവും വാണിജ്യപരവും എന്നിങ്ങനെ രണ്ടു രീതിയിലാണ് സംഭവിക്കുന്നത്. വൈദ്യുതി മോഷണം പോലുള്ള കാര്യങ്ങൾ ഇതിന് ഉദാഹരണമാണ്. പ്രസരണത്തിനായി ഉപയോഗിക്കുന്ന വൈദ്യുതി വാഹക വസ്തുക്കളിലും ഉപകരണങ്ങളിലും ഉണ്ടാകുന്ന നഷ്ടം വൈദ്യുതി വിതരണ മേഖലയിൽ ഒഴിവാക്കാൻ കഴിയാത്ത ഒന്നാണ്. എന്നാൽ ഇത് പരമാവധി കുറച്ചുകൊണ്ട് വരാൻ കഴിയും എന്നത് നിർണ്ണായകമായ ഒരു കാര്യമാണ്. ഇത് മൂന്ന് മുതൽ ആറ് ശതമാനം വരെയെന്നത് സ്വീകാര്യമായ അളവാണ്. ഇത്തരത്തിൽ ഉണ്ടാകുന്ന ടി ആൻഡ് ഡി നഷ്ടത്തിന്റെ തോത് പത്തു ശതമാനമെങ്കിലും കുറയ്ക്കാൻ കഴിയുന്നതായാൽ ഇറക്കുമതി ചെലവ് ഗണ്യമായി കുറയ്ക്കാൻ കഴിയും. (പട്ടിക–2)

**Table 3.** Potential savings of T&D loss reduction to 10%

| | 2013-14 | 2014-15 | 2015-16 | 2016-17 | 2017-18 |
|---|---|---|---|---|---|
| Own energy + Purchase (MU) | 22233.45 | 22318.61 | 23187.61 | 24060.01 | 24887.08 |
| Energy available (MU) after 10% T&D loss | 20010.105 | 20086.749 | 20868.849 | 21654.01 | 22398.37 |
| Actual sale, incl. export (MU) | 18885.46 | 18788.82 | 19513.80 | 20502.21 | 21276.70 |
| Potential energy saving (MU) | 1124.65 | 1297.93 | 1355.05 | 1151.80 | 1121.67 |
| Purchase cost per unit (Rs) | 4.91 | 4.51 | 3.85 | 3.88 | 3.87 |
| Potential purchase cost saving (Rs. Crores) | 551.73 | 585.66 | 522.04 | 447.32 | 434.54 |
| Average revenue (Rs.) | 5.29 | 5.26 | 5.41 | 5.49 | 5.74 |
| Potential sales revenue from energy savings (Rs. Crores) | 594.50 | 682.62 | 733.35 | 632.79 | 644.06 |

Sources: KSEBL (2018) and own estimations.

***ഊർജ രംഗത്തെ വികസനത്തിനാവശ്യമായ ഫണ്ടിന്റെ അപര്യാപ്തതയാണ് ഉല്പാദന രംഗത്തെ ദയനീയ സ്ഥിതിവിശേഷത്തിലേക്ക് നയിച്ചതെന്ന് പറയാം. രൂപകണക്കിൽ ഊർജോല്പാദന മേഖലയിൽ വിനിയോഗിക്കപെട്ട ഫണ്ട് ഉയർന്നതായി കാണാം. എന്നാൽ മൊത്തം വികസന പ്രവർത്തനങ്ങളുടെ ശതമാനം എന്ന നിലയിൽ വിലയിരുത്തുമ്പോൾ കുറയുന്നുവെന്നത് വ്യക്തമാണ്. ഒന്നാം പഞ്ചവത്സര പദ്ധതിയുടെ ഘട്ടത്തിൽ മൊത്തം നിക്ഷേപിച്ചത് 118.5 ദശലക്ഷം രൂപയായിരുന്നെങ്കിൽ ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ ഘട്ടത്തിൽ അത് 26710 ദശലക്ഷം രൂപയായി ഉയർന്നിട്ടുണ്ട്. എന്നാൽ ആദ്യത്തേത് മൊത്തം നിക്ഷേപത്തിന്റെ 39.5 ശതമാനമായിരുന്നെങ്കിൽ ഒമ്പതാം പഞ്ചവത്സര പദ്ധതിയെത്തുമ്പോൾ അത് 26.5 ശതമാനത്തിലേക്ക് താഴുകയാണ് ഉണ്ടായത്.***

ഒരു ഉദാഹരണം നോക്കാം, 2017 വർഷത്തെ മൊത്തം ആഭ്യന്തര ഉത്പാദനം 5460 ദശലക്ഷം യൂണിറ്റായിരുന്നു. ഇറക്കുമതി വഴി എത്തിയ 19427 ദശലക്ഷം യൂണിറ്റടക്കം മൊത്തം ലഭ്യമായത് 24887 ദശലക്ഷം യൂണിറ്റ്. ഇതിൽ നിന്ന് 10 ശതമാനം ടി ആൻഡ് ഡി നഷ്ടം കണക്കാക്കിയാൽ 22398 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് വിതരണത്തിനായി ലഭ്യമായത്. എന്നാൽ ആ വർഷത്തെ യഥാർത്ഥ വില്പന 21277 ദശലക്ഷം യൂണിറ്റ് മാത്രമായിരുന്നു. അതായത് 10 ശതമാനം ടി ആൻഡ് ഡി നഷ്ടം ഒഴിവാക്കാൻ കഴിഞ്ഞാൽ ലഭിക്കുന്നത് 1121.67 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ്. നല്ല സാമ്പത്തിക നേട്ടം ഉണ്ടാക്കാവുന്ന വിധത്തിൽ പുറമെ നിന്ന് വാങ്ങുന്ന വൈദ്യുതിയുടെ അളവ് കുറയ്ക്കാൻ കഴിയുമായിരുന്നു എന്നർത്ഥം. 2017–18ൽ മാത്രം യൂണിറ്റൊന്നിന് 3.87 രൂപ എന്ന നിരക്കിൽ 19427 ദശലക്ഷം യൂണിറ്റ് വൈദ്യുതി വാങ്ങിയതിന് കെ എസ് ഇ ബി എൽ ചെലവഴിച്ചത് 7526. 03 കോടി രൂപയാണ്. ടി ആൻഡ് ഡി നഷ്ടം കുറച്ചുകൊണ്ട് വന്ന് 1121.67 ദശലക്ഷം യൂണിറ്റ് വാങ്ങുന്നത് ഒഴിവാക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ ഉണ്ടാകുമായിരുന്ന ലാഭം 434.54 കോടി രൂപയാണ്. 2013–14 മുതൽക്കുള്ള അഞ്ചു വർഷത്തെ കണക്ക് ഈ വിധത്തിലെടുത്താൽ 2541.3 കോടി രൂപയാണ് ലാഭിക്കാൻ കഴിയുമായിരുന്നത്(പട്ടിക–3) എന്നോർക്കണം.

ഇത്തരത്തിൽ ഊർജം പാഴാകുന്നത് ഒഴിവാക്കുന്നതിന് പിന്നിൽ ഇറക്കുമതി ചെലവുകൾ കുറയ്ക്കുക എന്നതിനപ്പുറം ഒരു വസ്തുത കൂടിയുണ്ട്. ഊർജത്തിന്റെ മൊത്തത്തിലുള്ള ലഭ്യത ഇത് വർധിപ്പിക്കുന്നതിന് പുറമെ കെ എസ് ഇ ബിക്ക് അധിക വരുമാനം ഉറപ്പാക്കാനും ഇതുകൊണ്ട് കഴിയും. 2017–18 ൽ ഇങ്ങനെ നേടാൻ കഴിയുമായിരുന്ന അധിക വരുമാനം 644 കോടി രൂപയാണ്. 2013–14 വർഷം മുതലുള്ള അഞ്ചു വർഷം മൊത്തമെടുത്താൽ ഇത് 3287.3 കോടി രൂപയുമാണ്. (പട്ടിക–3 കാണുക)

**ആസൂത്രണത്തിലെ അപചയം**

കണക്കുകൾ പരിശോധിച്ചാൽ കേരളത്തിൽ ഈ മേഖലയിലെ ഘടനാപരമായ വളർച്ച ആവശ്യങ്ങൾക്ക് ഉതകുന്ന വിധത്തിലുള്ളതായിരുന്നില്ലെന്ന് കാണാം. 1966 വരെ വൈദ്യുതി കണക്ഷൻ നൽകുന്നതിന് കെ എസ് ഇ ബി നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു. മൂന്നാം പഞ്ചവത്സര പദ്ധതിയുടെ തുടക്കം (1961–66) വരെ വൈദ്യുതി ഉല്പാദന ശേഷിയുടെ കാര്യത്തിൽ കേരളം നേരിട്ടിരുന്ന കുറവ് ആറ് മെഗാവാട്ടായിരുന്നു. പദ്ധതിയുടെ അവസാന ഘട്ടമായപ്പോൾ തമിഴ്നാട് പോലുള്ള സംസ്ഥാനങ്ങളിൽ നിന്ന് വൈദ്യുതി കൊണ്ട് വന്നിട്ടും ഈ കുറവ് 75 മെഗാവാട്ടായി ഉയർന്നു. വലിയ തോതിലുള്ള പവർ കട്ടിനു ഇത് വഴിയൊരുക്കി. (കേരള

***വൈദ്യുതി ചാർജിൽ വരുത്തുന്ന ശാസ്ത്രീയമായ മാറ്റം, ഉല്പാദന ശേഷി ഉയർത്തുന്നതിന് ആഭ്യന്തര വിഭവ സമാഹരണം തുടങ്ങിയ ഘടകങ്ങൾ വഴിയായായി ഊർജ ഉല്പാദന , വിതരണ മേഖലകളിൽ കാര്യക്ഷമത ഉയർത്തുന്നത് സംസ്ഥാന ഖജനാവിന്റെ ഭാരം തെല്ലൊന്നുമല്ല കുറയ്ക്കുക.***

സർക്കാർ–1984:22). ഇക്കാര്യത്തിൽ ദീർഘ കാലാടിസ്ഥാനത്തിലുള്ള ആസൂത്രണം ഉണ്ടായില്ല എന്നതാണ് വാസ്തവം. ഒരു ജലവൈദ്യുത പദ്ധതിയുടെ സാങ്കേതികമായ ഏറ്റവും പ്രധാനപ്പെട്ട ഘടകം ഫേം പവർ കപ്പാസിറ്റി അഥവാ എഫ് പി സി ആണ്. അതുകൊണ്ട് വൈദ്യുതിയുടെ ആവശ്യവും എഫ് പി സിയും തമ്മിലുള്ള താരതമ്യമാണ് കൂടുതൽ ഉചിതമാവുക. കാരണം, സ്ഥാപിത ശേഷിക്ക് (ഐ സി) ഇവിടെ വലിയ റോൾ ഇല്ല എന്നതാണ്. അതുകൊണ്ട് ഐ സിയും എഫ് പി സിയും തമ്മിലുള്ള വിടവ് വർധിക്കുന്ന വിധത്തിൽ ഊർജ മേഖലയിൽ പണം മുടക്കുന്നത് ഒരു പരിധി വരെ പാഴ്ച്ചെലവാണ് എന്ന് പറയാം. എഫ് പി സി ഉയർത്തുക എന്നതാണ് ഏറ്റവും പ്രധാനം. പക്ഷെ ദൗർഭാഗ്യകരമെന്ന് പറയട്ടെ, കേരളത്തിന്റെ അനുഭവം ഇതിന് നേർ വിപരീതമായിരുന്നു. 1976ൽ ഇടുക്കി പദ്ധതിയുടെ ഒന്നാം ഘട്ടം കമ്മീഷൻ ചെയ്യുമ്പോൾ 425 മെഗാവാട്ടായിരുന്നു എഫ് പി സി. (ഐ സിയുടെ 42 ശതമാനം മാത്രം.) മൊത്തം ഉല്പാദന സാധ്യതയുടെ 3723 ദശലക്ഷം യൂണിറ്റിന് തുല്യം. എന്നാൽ എല്ലാ അണക്കെട്ടുകളുടെയും സംഭരണ ശേഷി വച്ച് നോക്കുമ്പോൾ ഇത് 3365 ദശലക്ഷം യുണിറ്റ് മാത്രമാണ്. സംസ്ഥാനത്തിന്റെ ആവശ്യത്തിൽ ഉണ്ടാകുന്ന വാർഷിക വളർച്ച 10 ശതമാനം എന്ന നിരക്കിലെടുത്താൽ ഇത് കഷ്ടിച്ച് മതിയാകുമെന്ന് പറയാവുന്ന സ്ഥിതി. ഐ സി ഉയർത്തുന്ന കാര്യത്തിൽ മാത്രമല്ല, എഫ് പി സി ഉയർത്തുന്ന കാര്യത്തിലും കാര്യമായ മുതൽമുടക്ക് ഉണ്ടായിട്ടില്ല. അതുകൊണ്ട് പാഴ്ച്ചെലവുകൾ കാര്യമായി ഉണ്ടായിട്ടുണ്ട് എന്ന് വിലയിരുത്തേണ്ടതായി വരും. കൂടുതൽ വിശദാംശങ്ങൾക്ക് (പിള്ള – 2004 കാണുക).

60 ശതമാനം ലോഡ് ഫാക്ടർ വച്ച് കണക്കാക്കുമ്പോൾ കേരളത്തിന്റെ ജലവൈദ്യുതി ഉല്പാദന സാധ്യത 2301 മെഗാ വാട്ടാണ്. ഇതിന്റെ 92 ശതമാനത്തോളം ഉപയുക്തമാക്കാൻ കഴിഞ്ഞുവെന്നത് അത്ഭുതാവഹം എന്നേ വിശേഷിപ്പിക്കാൻ കഴിയൂ. ഇത് അയൽ സംസ്ഥാനമായ തമിഴ്നാടുമായി ഒന്ന് താരതമ്യം ചെയുന്നത് നല്ലതാണ്. 1918 മെഗാവാട്ടാണ് ആ സംസ്ഥാനത്തിന്റെ ഉല്പാദന സാധ്യത. എന്നാൽ അവരുടെ സ്ഥാപന ശേഷി ( ഐ സി ) 2283. 55 മെഗാ വാട്ടാണ്. കേരളം തങ്ങളുടെ ജലലഭ്യത പാഴാക്കി കളയുമ്പോൾ തമിഴ്നാട് അതിന്റെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നു എന്ന് സാരം.

വൈദ്യുതി ക്ഷാമത്തിന്റെ കാര്യത്തിൽ ആസൂത്രണത്തിന്റെ അഭാവത്തിന്റെ പശ്ചാത്തലത്തിലാണ് കേരളത്തിന് ഈ വലിയ വില നൽകേണ്ടി വന്നത്. 1976–77 ൽ ഇടുക്കി പദ്ധതിയുടെ ഒന്നാം ഘട്ടം കമ്മീഷൻ ചെയ്തതിന് ശേഷമുള്ള 20 വർഷക്കാലത്തിനിടയിൽ സ്ഥാപിത ശേഷിയിൽ കേരളത്തിന് കൂട്ടിച്ചേർക്കാൻ കഴിഞ്ഞത് കേവലം 482 മെഗാവാട്ട് മാത്രമാണ്. 1986–87 ൽ ഇടുക്കിയുടെ രണ്ടാം ഘട്ടവും ഇടമലയാർ പദ്ധതിയും കമ്മീഷൻ ചെയ്തതിന് ശേഷമുള്ള പത്തു വർഷത്തിനിടയിൽ കൂട്ടിച്ചേർക്കാൻ കഴിഞ്ഞതാകട്ടെ വെറും 17 മെഗാവാട്ടും. ഇടുക്കി, കമ്മീഷൻ ചെയ്തതിന് ശേഷം കേരളത്തിന് മികച്ച വൈദ്യുതി പദ്ധതികൾ ആരംഭിക്കാൻ കഴിഞ്ഞില്ല എന്നത് വലിയ ന്യൂനതയായി അവശേഷിക്കുകയാണ്. 1997ൽ

**Table 4.** Financial performance of the Kerala power system

| | 2013-14 | 2014-15 | 2015-16 | 2016-17 | 2017-18 | 2018-19 |
|---|---|---|---|---|---|---|
| Revenue Income (Rs. Crores) | | | | | | |
| Non-Tariff Income | 571.97 | 533.52 | 759.44 | 550.09 | 608.19 | 481.74 |
| Revenue from tariff | 9978.88 | 9879.35 | 10487.71 | 11036.78 | 12057.26 | 13521.20 |
| Total Income | 10550.85 | 10412.87 | 11247.15 | 11586.87 | 12665.45 | 14002.94 |
| Revenue Expenses (Rs.Crores) | | | | | | |
| Energy Generation | 240.45 | 209.91 | 104.26 | 23.45 | 2.08 | 3.29 |
| Energy Purchase | 6902.65 | 6782.76 | 6336.82 | 7664.40 | 7526.03 | 7869.32 |
| Interest Charges | 834.81 | 906.90 | 909.14 | 922.93 | 1881.08 | 1859.76 |
| Depreciation | 516.28 | 459.70 | 491.22 | 520.66 | 803.70 | 805.02 |
| Employee Cost | 2579.99 | 2893.71 | 3292.82 | 3373.76 | 3038.40 | 3354.62 |
| Repairs &Maintenance | 227.04 | 244.44 | 259.76 | 266.90 | 277.35 | 303.75 |
| Administration &General Expenses | 253.50 | 287.05 | 344.09 | 378.72 | 530.39 | 598.56 |
| Other Expenses | -155.58 | -98.68 | -177.65 | 88.50 | -609.49 | -501.33 |
| Total Expenses | 11399.14 | 11685.79 | 11560.46 | 13239.32 | 13449.54 | 14292.99 |
| Deficit(Rs. Crores) | (-)848.29 | (-)1272.90 | (-)313.29 | (-)1652.45 | (-)784.09 | (-)290.00 |

Source: KSEBL (2019)

കമ്മീഷൻ ചെയ്ത 180 മെഗാവാട്ടിന്റെ ലോവർ പെരിയാർ പദ്ധതി മാത്രമാണ് പിന്നീട് സംസ്ഥാനത്തിന് കൂട്ടി ചേർക്കാൻ കഴിഞ്ഞത്. 2000 ദശലക്ഷം യൂണിറ്റ് ഉല്പാദന ശേഷി കൈവരിക്കാൻ കഴിയുന്ന പതിനാറോളം പദ്ധതികൾ പല വിധ കാരണങ്ങളാൽ മുടങ്ങികിടക്കുന്നു എന്നതും ഒരു പ്രധാന പ്രശ്നമാണ്. 2018-19 ൽ അവസാനിക്കുന്ന ആറ് വർഷത്തിനിടയിൽ മൊത്തം സ്ഥാപിത ശേഷിയിൽ കേരളത്തിന് കൂട്ടിച്ചേർക്കാൻ കഴിഞ്ഞത് 108 മെഗാവാട്ട് മാത്രമാണ്.

ഇത്തരത്തിൽ നിക്ഷേപ രംഗത്തുണ്ടായ ആലസ്യവും ഇത് പിന്നീട് ഫലപ്രാപ്തിയിലെത്തിക്കുന്നതിൽ സംഭവിച്ച അമാന്തവും ഉല്പാദന ശേഷി ഉയർത്തുന്നതിൽ വലിയ തോതിലുള്ള തടസ്സമായി മാറി. ഊർജ രംഗത്തെ വികസനത്തിനാവശ്യമായ ഫണ്ടിന്റെ അപര്യാപ്തതയാണ് ഇത്തരമൊരു ദയനീയ സ്ഥിതിവിശേഷത്തിലേക്ക് നയിച്ചതെന്ന് പറയാം. രൂപകണക്കിൽ ഊർജോല്പാദന മേഖലയിൽ വിനിയോഗിക്കപ്പെട്ട ഫണ്ട് ഉയർന്നതായി കാണാം. എന്നാൽ മൊത്തം വികസന പ്രവർത്തനങ്ങളുടെ ശതമാനം എന്ന നിലയിൽ വിലയിരുത്തുമ്പോൾ കുറയുന്നുവെന്നത് വ്യക്തമാണ്. ഒന്നാം പഞ്ചവത്സര പദ്ധതിയുടെ ഘട്ടത്തിൽ മൊത്തം നിക്ഷേപിച്ചത് 118.5 ദശലക്ഷം രൂപയായിരുന്നെങ്കിൽ ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ ഘട്ടത്തിൽ അത് 26710 ദശലക്ഷം രൂപയായി ഉയർന്നിട്ടുണ്ട്. എന്നാൽ ആദ്യത്തേത് മൊത്തം നിക്ഷേപത്തിന്റെ 39.5 ശതമാനമായിരുന്നെങ്കിൽ ഒമ്പതാം പഞ്ചവത്സര പദ്ധതിയെത്തുമ്പോൾ അത് 26.5 ശതമാനത്തിലേക്ക് താഴുകയാണ് ഉണ്ടായത്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ മൂന്നാം വർഷം ഊർജ രംഗത്തെ നിക്ഷേപം 178145 കോടി രൂപയാണ്. എന്നാൽ ഇത് മൊത്തം പദ്ധതി വിഹിതത്തിന്റെ വെറും 4.48 ശതമാനമാണ്. കുറഞ്ഞ തോതിലുള്ള ഈ നീക്കിവയ്പ് പോലും ഫലപ്രദമായി ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല എന്നതാണ് മറ്റൊരു വസ്തുത. അതുകൊണ്ട് ഫണ്ടിന്റെ

അപര്യാപ്തത മാത്രമല്ല ഇവിടെ പ്രശ്ന മെന്നത് വ്യക്തവുമാണ്.

സർക്കാർ ഇക്കാര്യത്തിൽ പിൻവാങ്ങുന്ന പരിതസ്ഥിതിയിൽ ബോർഡിന്റെ തനത് ഫണ്ടാണ് പിന്നെ ആശ്രയം. പക്ഷെ മിക്ക വർഷങ്ങളിലും ബോർഡ് സാമ്പത്തികമായി കമ്മി നേരിടുകയായിരുന്നു എന്നതാണ് കാതലായ പ്രശ്നം. (പട്ടിക-4 )

കെ എസ് ഇ ബിയുടെ മോശം സാമ്പത്തിക സ്ഥിതിക്ക് പ്രധാന കാരണമായി ചൂണ്ടി കാണിക്കപ്പെടുന്നത് വൈദ്യുതി നിരക്കിലെ അപര്യാപ്തതയാണ്. ഇത് തുടർച്ചയായി അവലോകനം ചെയ്ത് മാറ്റം വരുത്തേണ്ട ഒന്നാണ്. ഉദാഹരണത്തിന് 2013-14 വർഷം മുതൽക്കുള്ള ആറ് വർഷക്കാലത്തിനിടയിൽ വൈദ്യുതി ചാർജ് വഴിയുള്ള വരുമാനത്തിൽ ഉണ്ടായ ശരാശരി വളർച്ച 6.4 ശതമാന മായിരുന്നു. മൊത്തം വരുമാനത്തിൽ ഉണ്ടായ വർധന ആറ് ശതമാനവുമായിരുന്നു. ചെലവുകളിൽ ഉണ്ടായ വർധന അഞ്ചു ശതമാനമാണ്. പക്ഷെ കമ്മി 16 ശതമാനം എന്ന കണക്കിൽ കാണാനാകും. ഇതേ ഘട്ടത്തിൽ വൈദ്യുതി വാങ്ങുന്നതിൽ ഉണ്ടായ ചെലവ് 3.4 ശതമാനം വർധന രേഖപ്പെ ടുത്തിയിട്ടുണ്ട്. മൊത്തം ചെലവിന്റെ 57 ശതമാനം വരുമിത്. ചെലവിനങ്ങളിൽ ഏറ്റവും കൂടുതൽ വർധനയായ 19.5 ശതമാനം രേഖപ്പെടുത്തിയത് പൊതു-ഭരണ ചെലവു കൾക്കാണെന്ന് കാണാം. രണ്ടാം സ്ഥാനത്ത് പലിശ ഇനത്തിലുള്ള ചെലവാണ് (19.4 ശതമാ നം). ഈ രണ്ടിനങ്ങളും ജീവനക്കാർക്ക് വേണ്ടി വന്ന ചെലവുകളും നോക്കുമ്പോൾ സമീപ കാലത്തായി ഈ മൂന്ന് ഹെഡുകളി ലുമായി മൊത്തം ചെലവിന്റെ 40 ശതമാനം ചെലവഴിച്ചിട്ടുണ്ട്.

വിതരണ ചെലവുകൾ കുറയ്ക്കാൻ കഴിയുന്ന വിധത്തിൽ കാര്യക്ഷമത ഉയർത്തുന്ന കാര്യത്തെ സംബന്ധിച്ച് ഈ ലേഖകൻ നടത്തിയ പഠനം ഒട്ടേറെ കാര്യങ്ങളിലേക്ക് വെളിച്ചം വീശിയിട്ടുണ്ട് (കണ്ണൻ, പിള്ള-2002). കാര്യക്ഷമത ഉയർത്തുന്നതിലൂടെ 1997-98 ലെ ഓരോ യൂണിറ്റിന്റെയും വിതരണ ചെലവ് 43.3 ശതമാനം വരെ കുറയ്ക്കാൻ കഴിയും എന്നത് വ്യക്തമാണ്. ഇതനുസരിച്ച് നോക്കുമ്പോൾ നിലവിൽ ഒരു യൂണിറ്റ് വൈദ്യുതി വിതരണം ചെയ്യുമ്പോൾ ഉണ്ടാകുന്ന 68 പൈസയുടെ നഷ്ടം 16 പൈസയുടെ ലാഭമായി മാറ്റാൻ കഴിയും എന്ന കാര്യം വെളിവാകുന്നുണ്ട്. അതായത്, പ്രവർത്തനത്തിന്റെ ഓരോ മേഖലയിലും കാര്യക്ഷമത ഉയർത്തുക എന്നതിന് വളരെ പ്രാധാന്യമുണ്ട്. വൈദ്യുതി ചാർജിൽ വരുത്തുന്ന ശാസ്ത്രീയമായ മാറ്റം, ഉല്പാദന ശേഷി ഉയർത്തുന്നതിന് ആഭ്യന്തര വിഭവ സമാഹരണം തുടങ്ങിയ ഘടകങ്ങൾ വഴിയായായി ഊർജ ഉല്പാദന, വിതരണ മേഖലകളിൽ കാര്യക്ഷമത ഉയർത്തുന്നത് സംസ്ഥാന ഖജനാവിന്റെ ഭാരം തെല്ലൊ ന്നുമല്ല കുറയ്ക്കുക.

■

(ഗിഫ്റ്റിലെ വിസിറ്റിംഗ് ഫാക്കൽറ്റിയാണ് ലേഖകൻ)

## References


Kannan K.P. and Pillai, N. Vijayamohanan (2002). *The Plight of the Power Sector in India:Inefficiency, Reform and PoliticalEconomy,* May 2002, Centre for Development Studies,Thiruvananthapuram.

KSEBL (2019) *Annual Administration Report: 2018-19.* Vydhyuthi Bhavan, Thiruvananthapuram, Kerala.

KSEBL (2018) *Power System Statistics 2017-18.* Vydhyuthi Bhavan, Thiruvananthapuram, Kerala.

Pillai, N. Vijayamohanan (2004) *"The Power Crisis in Kerala"* in BA Prakash (Ed.) Kerala's Economic Development: Performance and Problems in the Post-Liberalisation Period, Sage Publications, New Delhi: 244-265.

State Planning Board (2019) *Economic Review 2019.* Thiruvananthapuram, Kerala.

# New studies on Kerala

Young Scholars' Forum, GIFT
Led by Suha A M

## Economics

**Scopus indexed journal articles**

1. Bhandari, A.K., & Sreelakshmi, P. (2020). Kerala State Road Transport Corporation: A Relook at Its Efficiency and Potential. *Economic and Political Weekly* 55 (48), 7-8. https://www.epw.in/journal/2020/48/special-articles/kerala-state-road-transport-corporation.html

This paper attempts a depot-wise efficiency analysis of the Kerala State Road Transport Corporation and its regional variations for the period 1988-97 using the data envelopment analysis methodology. It then links the findings to the KSRTC's overall financial position for the subsequent period from 2003-04 to 2014-15. The study concludes that the day-to-day operational position of the KSRTC can be substantially bettered if it can utilise its prevailing efficiency improvement potentials to some extent.

2. Kavya Lekshmi, R.S., & Mallick, H. (2020). Contribution of International Tourism to Economic Growth of Kerala: A Subnational-Level Analysis in India. *Journal of Policy Research in Tourism, Leisure and Events*. Advance Online Publication.https://doi.org/10.1080/19407963.2020.1854275

The study attempts to understand the contribution of international tourism on economic growth at a sub-national level (i.e. for Kerala) of the Indian economy. By exercising the Johansen cointegration test and Vector Error Correction Model on the annual data from 1980 to 2017, it reveals the existence of a positive long-run association between tourism and economic growth

3. Reja, M.S., & Das, B. (2020). Remittance arrangements within India and Covid-19: Kerala's Migrant Construction workers from West Bengal. *South Asia Research*, 41(1), 22-34. https://doi.org/10.1177%2F0262728020966099

This article highlights emerging patterns of domestic remittance arrangements among migrant construction workers from West Bengal in Kerala that have now become defunct because of COVID-19.

**Books**

1. Romanis, F. (2020). *The Indo-Roman Pepper Trade and the Muziris Papyrus*. Oxford University Press. https://global.oup.com/academic/product/the-indo-roman-pepper-trade-and-the-muziris-papyrus-9780198842347

This volume presents a systematic and fresh interpretation of a mid-second-century A.D. papyrus-the so-called Muziris papyrus-which preserves on its two sides fragments of a unique pair of documents: on one side, a loan agreement to finance a commercial enterprise to south India and, on the other, an assessment of the fiscal value of a south Indian cargo imported on a ship named the Hermapollon. This study also

considers imperial fiscal policy as it related to the south Indian trade, the overall evolution of Rome's trade relations with south India, the structure and organization of south Indian trade stakeholders, and the role played by private tax-collectors.

**Chapter in edited books**

1. Bathla, S., Jee, S. (2021). Temporal and Spatial Patterns in Employment and Productivity Growth in the Organised Food Industry. In S.Bathla & E. Kannan (Eds.), *Agro and Food Processing Industry in India* (pp. 127-152). Springer. https://doi.org/10.1007/978-981-15-9468-7_6

In the recent decades in India, the improvement in infrastructure and fiscal incentives has led to a favourable business environment, readily available markets, the availability of sufficient raw material for value addition and rising per capita income

## History and culture

**Scopus indexed journal articles**

1. Joseph, I.A., Peter, S., & Anandkumar, V. (2020). Development of a Typology of Tourists Based on Pre-Trip Use of Social Media. *International Journal of Hospitality & Tourism Administration*. Advance Online Publication. https://doi.org/10.1080/15256480.2020.1842837

Four hundred domestic and international tourists visiting Kerala were typologised using cluster and discriminant analysis into three clusters - 'Enthusiastic Travellers,' 'Information Seekers', and 'Planners' based on their pre-trip usage of social media. Association between the clusters and external variables were used to characterise the typologies.Findings indicate that domestic tourists and international tourists differ in their usage of social media. Domestic tourists use social media for gathering information, and international tourists use social media for trip planning and online travel booking in addition to gathering information.

2. Mandakathingal, A. (2020). Gender Roles in Martial Art: A Comparative Analysis of Kalaripayattu Practices in India. *Women's Studies*. Advance Online Publication. https://doi.org/10.1080/00497878.2020.1843039

This paper is a comparative analysis of the gender differentiation seen in Kalaripayattu in the Kerala society and the metropolitan spaces of Bengaluru and Chennai. It seeks to demonstrate how gender differentiation in Kalaripayattu is related not merely to the nature of the practices of that institution but is rather the result of the continuing influence of social and geographical spaces on masculine and feminine roles.

**Other journal articles**

1. Mini, D. S. (2020). Transnational Ethical Screens: Empathetic Networks in Malayalam Short Films from the Gulf. *Film History*, 32(3), 141-69. https://doi.org/10.2979/filmhistory.32.3.06

This paper explores the emergence of ethical and empathetic modes of transnationality in the specific context of Malayali diasporic media in the Middle Eastern Gulf.Through a combined analysis of short films, literature, advertisements, bureaucratic policies, and ethnographic vignettes, this paper looks at the figure of the migrant labourer as both a social force and a media object around which ideas of justice and empathy cohere

**Chapter in edited books**

1. Brussel, N. V. (2020). Bhadrakali: Slaying the Demon in the Backwaters. In M. Slouber (Ed.), *A Garland of Forgotten Goddesses: Tales of the Feminine Divine from India and Beyond* (pp.19-41). University of California Press. https://doi.org/10.2307/j.ctv1b742rd.7

The narrative consists of two chapters translated

from The Glorification of Bhadrakali (Bhadrakali Mahatmya), a Sanskrit text of the 'regional Purana' type, which mixes local narratives and perspectives with transregional myths and themes.It tells the tale of the demon Darika and his destined death at the hands of the fierce goddess Bhadrakali. In this way, it is part of an enduring motif in Hindu myth and art: that of demons being slain by fearsome goddesses.

**Books**

1. Bajpai, L.M. (2020). India, Sri Lanka and the SAARC Region: *History, Popular Culture and Heritage*. Routledge. https://doi.org/10.4324/9780429320514

The connection between Kerala in India and Sri Lanka can be traced across history, folklore and oral traditions, rites, rituals and festivals, architecture and lifestyle, and also the palate and food.The connection can be traced to ancient times when a Sri Lankan king visited the Chera country in Kerala during the Pattani festival at Vanchi in the Kerala region; was perhaps the contemporary of Senguttuvan Chera, according to the Sangam poems, and can be dated to either the first or last quarter of the 2nd century CE (depending on whether he was the earlier or the later Gajabahu).The Pattani cult (of the deity) is said to have been brought to Sri Lanka by Gajabahu.

## Health

**Scopus indexed journal articles**

1. Sheldon, V. (2020). To Do Nothing: Revising Good Aging and Reviving Pre-Toxic Pasts at a Kerala Nature Cure Home. *Asian Medicine*, 15(1), 133-60. https://doi.org/10.1163/15734218-12341464

This article narrates how two ageing patients internalise their naturopathic doctors' advice to detoxify and 'do nothing' rather than strive for biomedical cure. By naturally revitalising their bodies, they cultivate feelings of intense independence and ecological attachment that reconfigure experiences of migrated-kin isolation. In counterpoint to literature that frames biopolitical and medical discourses as causally producing moral subjectivities, this article demonstrates how persons agentively craft counter normative, vitalistic models of ageing and health, contributing to broader localist imaginaries of reviving pre-toxic lifeways.

## Sociology

**Scopus indexed journal articles**

1. Chathukulam, J., & Tharamangalam, J. (2021). The Kerala model in the time of COVID19: Rethinking state, society and democracy. *World Development*, 137. https://doi.org/10.1016/j.worlddev.2020.105207

The objective of this paper is to examine Kerala's trajectory in achieving the success and then confronting the unanticipated reversal. It will examine the legacy of the Kerala model such as robust and decentralized institutions and provisions for healthcare, welfare and safety nets, and especially the capacity of a democratic state working in synergy with civil society and enjoying a high degree of consensus and public trust. It will then examine the new surge of the virus and attempts to establish if this was due to any mistakes made by the state or some deficits in its model of "public action" that includes adversarial politics having a disruptive tenor about it.

2. Sheeja, K. P., Arunmozhi, A., & Francis, N. M. (2020). Study On The Effect Of Stress Management And Life Satisfaction On Marital Adjustment Among Couples In Kerala. *European Journal of Molecular & Clinical Medicine*, 7(8), 2154-2161.

The purpose of this study was to find out the impact of stress management and marital

adjustment on Life Satisfaction among couples in Kerala. The existing literature regarding stress management, marital adjustment and life satisfaction is to recognize the need to consider contextual factors. The simple random sampling technique was used to select samples from different areas of Thrissur District in Kerala. A sample of the study comprised of 400 couples (n=800) including 400 male and 400 female participants of age group 20 to 60 years.

**Books**

1. Vaddiraju, A.K. (2020). *Urban Governance and Local Democracy in South India*, Routledge. https://doi.org/10.4324/9780429281907

Abstract: This chapter presents the trends of urbanization in Kerala and Tamil Nadu. The chapter argues that the urbanization process has been more dispersed in both states than that of Karnataka and Andhra Pradesh.We also argue that the dispersed pattern of urbanization in Kerala and Tamil Nadu makes it a more inclusive development process.After discussing the trends of urbanization in both the states, we present a case study of one city in Tamil Nadu, namely Salem.

GIFT GULATI INSTITUTE OF FINANCE AND TAXATION

# What is new(s) from GIFT

## A. Webinars

**1.Institutional regimes and financial inclusion: Evidence from commercial banking in India by Dr Kiran Kumar Kakarlapudi, Assistant Professor, GIFT on 19-01-2021.**

Welcome : Prof K J Joseph, Director, GIFT

Chair: Prof M A Oommen,Honorary Professor, GIFT

Discussant: Dr Zakaria Siddiqui, Associate Professor, GIFT

Seminar Co ordinator: SmtAnitha Kumary L , Associate Professor, GIFT

Abstract:In the context of growing emphasis on fostering financial access to the excluded sections, this paper analyses the effects on two major institutional regimes; bank nationalization and financial sector reforms in shaping the pattern of financial inclusion in India during 1972-2014. Going beyond one-dimensional measure of financial inclusion, this study constructs a measure of financial inclusion index using six dimensions of inclusion representing both access and use indicators. Further, a separate financial inclusion index for rural and urban areas is constructed to explore the differences. The empirical analysis shows positive effects of both the institutional innovations on financial inclusion. However, the first institutional intervention with its objective of social banking contributed to the growth of banking in rural areas and backward states. The second institutional regime, reforms, with its objective of efficient banking, contributed to the faster growth of banking services in urban and developed regions. The results show unequal effects of reforms on financial inclusion as manifested in increase in inter-state inequalities, rural-urban inequalities, and concentration of banking services. Based on the findings, the study, therefore, calls for increased role of the state to create an institutional architecture for inclusive financial systems in order to foster access to financial services among hitherto excluded areas and sections.

**Book launch**

GIFT organized online book launch on Basic computational techniques for data analysis: An Exploration in MS Excel held on 1 January 2021 at 3 pm. The book was released by Hon'ble Minister for Finance, Prof T M Thomas Isaac. The book was written by Dr D Narayana, former Director, GIFT, Sharad Ranjan, Faculty Department of Economics, Zakir Husain Delhi College Evening, University of Delhi, and Nupur Tyagi, Faculty, Department of Commerce, Gargi College, University of Delhi. The book is published at Sage publications, New Delhi. Sri Rajesh P, Assistant Professor, Govt Engineering College introduced the book and Prof K J Joseph, Director, GIFT welcomed the gathering. Smt AnithaKumary L, Associate professor, GIFT coordinated the programme.

Abstract:The book is designed to equip students to navigate through MS Excel spreadsheets to compute various statistical and financial

measures for use in data analysis.

Basic Computational Techniques for Data Analysis illustrates the concepts used in economic and financial decision-making in business as well as in day-to-day life, thus enhancing a deeper understanding of the concepts from both theoretical and practical perspectives. After going through the textbook, readers will be able to ascertain the inbuilt capabilities in MS Excel and comprehend basic computations in statistics and finance.

This book is essential as a supportive companion for students of economics, commerce, management and social science subjects in general.

**Key Features:**

Provides an in-depth and clear understanding of various data analysis techniques

Systemic and stepwise explanation of financial and statistical concepts using MS Excel functions

Prior knowledge of statistics, finance and MS-Excel functions not required to understand the concepts

Simplistic clarification of topics such as Future Value of Money, Loan Amortization and Investment Decision Criteria

## B.Teaching and training programmes

**PGDGST program : Third batch**

Admission for the third batch of the Post Graduate Diploma in Goods and Service Tax (PGDGST) is closed .120 hours training program started through onlinemode for the 325 students. 17 more students joined. Total strength of students is 342.

Third set of training for the third batch for 56 hours started on 24 December through online mode.Examination result for the second batch of PGDGST students was published.

Course Co ordinators: Dr N Ramalingam and L AnithaKumary

For more detailshttps://www.gift.res.in/index.php/course/detail/14/PGD-GST

**PhD program**

PhD interview for the Third batch of students of GIFT was held on 13th and 14thof January 2020. Eight students are selected for the programme as given below. Course work for the second batch of students is going on.

1. Riju Mohan A, CUSAT

2. Shagishna K, Kerala University

3. Athira Karunakaran, Central University of Kerala

4. Ashkar K, Kannur University

5. Vipasha Ray Hajong, Christ University

6. Anuja V P, Jawaharlal Nehru University

7. Indhu T R, MG University

8. BalaramRoula, Utkal University

## C. New faculty in GIFT

**Dr Zakaria Siddiqui**

Dr Zakaria Siddiqui joined as Associate Professor at GIFT.He is an applied economist. His research and teaching focus on contemporary themes of public policy debates in India. He uses large scale nationally representative surveys such as NSS and NFHS data sets to reconcile policy debates such as malnutrition, Calorie consumption 'puzzle' , participation of women in the labour market, the role of scientific diaspora in development, democracy and marginalisation of minorities. He has also been working on understanding emergence of political instability. His research

has found its way in reputed academic journals such as World Development, The Journal of Development Studies, Health Policy and Planning, Public Health and Nutrition, Energy Policy.

Dr Siddiqui has worked with wide range of experts from diverse disciplines and regions including Europe and Australia. He has worked with Sydney based Institute of Economics and Peace, Australian National University, University of South Australia, Institute of Development Studies Kolkata and JPAL-South Asia. He was associated with BITS-Pilani, Hyderabad recently.

His initial learnings in development research were at Centre for Development Studies (CDS), Thiruvananthapuram, Centre for Economic Studies and Planning (CESP), JawaharlalNehru University(JNU), New Delhi and at Center for Operations Research and Econometrics(CORE), Universitécatholique de Louvain(UCL), Belgium.

https://www.gift.res.in/faculty/faculty_details

## D. Publications

### 1.Kerala Tax Reporter (KTR)

November issue of KTR published Online and offline.

https://www.gift.res.in/ktr

### 2.Innovation and Development

A Routledge journal from GIFT,Volume 10,No. 3 published, Editor in chief, K J Joseph.

For details please visit https://www.tandfonline.com/toc/riad20/current

### 3.Weekly update on the Indian economy

This is an attempt by the Young Scholars' Forum in GIFT, led by Smt Shency Mathew to update you on important developments in the national economy. Latest issue 16-22 January, 2021.

https://www.gift.res.in/index.php/publish/publish_list/14/Weekly-Updates-on-Indian-Economy



തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ (ഗിഫ്റ്റ്), സെന്റർ ഫോർ ടാക്സേഷൻ സ്റ്റഡീസ് എന്ന പേരിൽ 1992ലാണ് പ്രവർത്തനമാരംഭിച്ചത്. ദേശീയ - സംസ്ഥാന തലങ്ങളിലെ നയരൂപീകരണ രംഗത്തുള്ളവർക്ക് വിവിധ പഠന ശാഖകളിൽ തിയറി അധിഷ്ഠിതവും റിസർച്ച് അധിഷ്ഠിതവുമായി വിവിധ തലങ്ങളിൽ ആവശ്യമായ സഹകരണം പ്രദാനം ചെയ്യുക എന്ന ലക്ഷ്യത്തിൽ അധിഷ്ഠിതമായാണ് ഈ സ്ഥാപനത്തിന്റെ പ്രവർത്തനം. കൊച്ചി സാങ്കേതിക സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിരിക്കുന്ന ഇൻസ്റ്റിട്യൂട്ട്, പി. എച്ച്.ഡി ബിരുദതലത്തിലുള്ള ഗവേഷണ പ്രവർത്തനങ്ങളും സർക്കാർ ജീവനക്കാർ അടക്കം വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവർക്ക് ആവശ്യമായ പരിശീലന പരിപാടികളും നിർവഹിക്കുന്നതിന് നിയുക്തമാക്കപ്പെട്ട ഒരു സ്ഥാപനമാണ്. ഇതിനു പുറമെ ചരക്ക് സേവന നികുതി അധിഷ്ഠിതമായി ബിരുദാനന്തര ഡിപ്ലോമ കോഴ്സും നടത്തി വരുന്നു. ഈയിടെ കേരള ഫിനാൻഷ്യൽ കോർപ്പറേഷനുമായി സഹകരിച്ച് മുഖ്യമന്ത്രിയുടെ എന്റർപ്രെണർഷിപ്പ് ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ കീഴിൽ പുതു സംരംഭകർക്ക് ആവശ്യമായ പരിശീലന പരിപാടിയും നടത്തി വരുന്നു.

വൈജ്ഞാനിക രംഗത്തെ പ്രഗത്ഭർ, കേന്ദ്ര , സംസ്ഥാന ഭരണ രംഗത്തെ മുതിർന്ന ഉദ്യോഗസ്ഥർ എന്നിവരടങ്ങിയ ഒരു ഗവേർണിംഗ് ബോഡിക്കും എക്സിക്യൂട്ടീവ് കമ്മറ്റിക്കുമാണ് ഈ സ്ഥാപനത്തിന്റെ ഭരണനിർവഹണ ചുമതല. സംസ്ഥാന ധനകാര്യ വകുപ്പ് മന്ത്രി ഡോ. ടി എം തോമസ് ഐസക്കാണ് ഇതിന്റെ ചെയർപേഴ്സൺ.

ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ,
ഗിഫ്റ്റ് ക്യാമ്പസ്, ചാവടിമുക്ക്,
ശ്രീകാര്യം, തിരുവനന്തപുരം, കേരള - 695017
ഫോൺ : 0471 2596970, 2596980, 2593960
Email : program@gift.res.in www.gift.res.in